PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION 1951

Friday, *the 23rd February 1951*

Vol. III] **OFFICIAL REPORT** **[No. 3**

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock, on Friday, the 23rd February, 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

Oral Answers

SPEECH AT THE MALAYALI CONFERENCE AT MADRAS

*1. [1] **Sri. D. Gnanasigamony:** Will the Hon'ble Chief Minister be pleased to state: whether Government are aware of a speech made at a recent Malayali Conference at Madras by the wife of the ex-Vice-Chancellor of the Travancore University charging corruption and nepotism to this Government?

Chief Minister **(Sri. T. K. Narayana Pillai):**

Government have seen reports in some papers that she made some such speech. She had issued a contradiction which also appeared in some Madras papers.

Sri. D. Gnanasigamony: May I know from the Chief Minister whether, apart from this denial, Government have made any enquiry as to whether, as a matter of fact, such a speech was made?

Sri. T. K. Narayana Pillai: Government did not think it necessary to make such an enquiry because of the contradictory statements issued by the lady who is alleged to have made such a speech.

Sri. D. Gnanasigamony: Did the Government influence that lady to make a denial?

Sri. T. K. Narayana Pillai: No Sir. Government did not think it worthwhile to exert any influence on that lady to issue a contradictory statement.

Sri. D. Gnanasigamony: Are the Government aware that the Indian Express which published this denial had a foot-note there expressing surprise?

Sri. T. K. Narayana Pillai: The Indian Express might have published her speech and her contradictory statement, but the "Hindu" has not published such a speech.

Sri. D. Gnanasigamony: Is her husband a close relation of the Chief Minister?

Sri. T. K. Narayana Pillai: Not to say close, he is no relation at all.

Sri. C. V. Iyyu: May I know whether Mrs. Menon is a Government servant?

Sri. T. K. Narayana Pillai: She is not a Government servant so far as this State is concerned. I do not know whether she is a Government servant so far as the Government of India is concerned.

ശ്രീ. എ. കെ. പാച്ചുപിള്ള: അതിൽ പറഞ്ഞിരിക്കുന്ന ആരോപണങ്ങളെപ്പററി ഗവൺമെണ്ടിനു് എന്തെങ്കിലും പറയുവാനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ചോദിക്കുമ്പോൾ പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ ചോദിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു ചോദ്യമായിട്ടു വരുമ്പോൾ മറുപടി പറയാം.

ശ്രീ. കെ. എൻ. ശങ്കുണ്ണിപിള്ള: മിസിസ്സ് നന്ദൻമേനവനു് പ്രസംഗസ്വാതന്ത്ര്യം ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രസംഗസ്വാതന്ത്ര്യം എല്ലാവക്കും ഉണ്ടു്. മിസ്സ് നന്ദൻമേനവനും ഉണ്ടു്.

DR. KOSHI

*2. [2] **Sri. D. Gnanasigamony:** Will the Hon'ble Chief Minister be pleased to state.—

(*a*) whether any direction has been received from the Centre to reinstate Dr. Koshi (former Director of Public Instruction) or to refer his case for consideration by the Public Service Commission;

(*b*) if so, the date of such direction;

(*c*) what action has Government taken on the same?

Chief Minister **(Sri. T. K. Narayana Pillai:**

(*a*) No such direction has been received.

(*b*) and (*c*) Do not arise.

Sri. G. P. Nilakanta Pillai: Was there any communication between this Government and the Government of India regarding this matter?

Sri. T. K. Narayana Pillai: Correspondence is still going on with the Central Government and it is in a confidential stage.

Sri. K. P. Nilakanta Pillai: Has he made any representation to the Government of India?

Sri. T. K. Narayana Pillai: Yes. He has made a representation and that has necessitated this correspondence.

Sri. K. P. Nilakanta Pillai: May I know whether any officer of this State is within his rights to make a representation to the Central Government regarding his service?

Sri. T. K. Narayana Pillai: That is a matter which the Government do not propose enquiring into.

സാമ്പത്തികസ്ഥിതി

*൩. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഈ ബഡ്ജററുവർഷത്തിൽ എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണു്;

(സി) കഴിഞ്ഞവർഷം ഇതുസംബന്ധമായി വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അതിൻെറ സ്വഭാവം എന്തു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഒരു ദീർഘമായ സ്റ്റേറ്റുമെണ്ടാണു്. അതു് മേശപ്പുറത്തു വച്ചാൽ മതിയെങ്കിൽ അങ്ങിനെ ചെയ്യാം.

(സി) കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുശേഷം ആദ്യമായി അവതരിപ്പിച്ച ബഡ്ജററാണു് ൧൯൪൯—൫൦-ലേതു്. അതിൻ വ്യാപാരഅഭിവൃദ്ധിയെ ലാക്കാക്കി കരച്ചുങ്കം നിറുത്തലാക്കി. അതല്ലാതെ പറയത്തക്ക പദ്ധതികളൊന്നും ഉണ്ടായിട്ടില്ല. എന്നാൽ തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടുകൾ ആരംഭിച്ചിരുന്ന സാമ്പത്തിക പദ്ധതികൾ തുടരുകയുണ്ടായിട്ടുണ്ടു്.

Statement placed on the table in answer to part (b) of the question

(ബി) ൧. മദ്യനിരോധനം പത്തനാപുരം താലൂക്കിലും കൊടുങ്ങല്ലൂർ താലൂക്കിലും കൂടി നടപ്പിൽ വരുത്തി.

൨. വണ്ടൻമേട്ടിൽ കുറെ പുൽമേടുകൾ കൃഷിക്കുപയുക്തമാക്കി പതിച്ചുകൊടുക്കുന്നുണ്ടു്.

൩. വൈശ്ശേരിക്കണ്ടം എന്ന റിസർവ്വ് വനത്തിലും കുറച്ചുഭൂമി മേൽ പ്രകാരം പതിച്ചുകൊടുക്കുന്നുണ്ടു്.

൪. വേമ്പനാട്ടു കായലിൽ കുറച്ചുസ്ഥലം നെൽകൃഷിക്കുപയോഗയോഗ്യമാക്കിത്തീർക്കുന്നുണ്ടു്.

൫. കൃഷി ആവശ്യത്തിലേക്കുവേണ്ടി വെള്ളം സംഭരിക്കുവാൻ വടക്കാഞ്ചേരി പുഴയിൽ അണ കെട്ടുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടു്.

൬. നെയ്യാർ ഇറിഗേഷൻ പദ്ധതിയെപ്പററി പ്രാരംഭപരിശോധനകൾ നടത്തുന്നുണ്ടു്.

൭. മൈനർ ഇറിഗേഷൻ (minor irrigation) പദ്ധതി അനുസരിച്ചു കഴിഞ്ഞ വർഷത്തിൽ തുടങ്ങിവെച്ച പണികൾ പൂർത്തിയാക്കിയതിനും പുറമെ ൧൦൬൪ എണ്ണംകൂടി ഈ ബഡ്ജററ വർഷത്തിൽ ആരംഭിച്ചിട്ടുണ്ടു്; അവ ഈ വർഷാവസാനത്തോടുകൂടി മിക്കവാറും പൂർത്തിയാകുന്നതാണു്.

൮. വളം കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നുണ്ടു്.

൯. കമ്പോസ്ററു വളത്തിന്റെ ഉപയോഗം നാട്ടുകാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നുണ്ടു്.

൧൦. നല്ല ഇനം വിത്തുകൾ ഉണ്ടാക്കി കൃഷിക്കാർക്കു വിതരണം ചെയ്യുന്നതിനു് പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നുണ്ടു്.

൧൧. കൃഷി ആവശ്യത്തിലേക്കു കിണറുകളും കുളങ്ങളും കുഴിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ സഹായധനം കൊടുക്കുന്നുണ്ടു്.

൧൨. കരിനിലങ്ങൾ നന്നാക്കുന്നതിനുവേണ്ടി ശാസ്ത്രീയ വളം കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നുണ്ടു്.

൧൩. ലിഫ്ടു ഇറിഗേഷൻ (lift irrigation) പദ്ധതികൾ പുതിയ പ്രദേശങ്ങളിലേക്കു് വ്യാപിപ്പിക്കുകയും കൃഷിയിറക്കുന്ന വേമ്പനാട്ടുകായൽ പ്രദേശങ്ങളിൽ വെള്ളം വററിക്കുന്ന പമ്പുകൾക്കു് ഇലക്ട്രിസിററി (Electricity) നല്കുകയും ചെയ്യുന്നുണ്ടു്.

൧൪. സഹകരണ ഭവനനിർമ്മാണ പദ്ധതിയനുസരിച്ചും അവശസമുദായാംഗങ്ങൾക്കു് പ്രത്യേകിച്ചും ഭവനങ്ങൾ നിർമ്മിക്കുന്നുണ്ടു്.

൧൫. കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നുണ്ടു്.

൧൬. വ്യാവസായികാഭിവൃദ്ധിക്കുവേണ്ടി പല വ്യവസായശാലകളും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടു്. Monazite Factory, Caustic Soda Plant, Sewing

Thread Factory, Shark liver Oil Factory, എന്നിവ പ്രത്യേകം പ്രസ്താവ്യമാണ്.

മേൽപറഞ്ഞ പദ്ധതികൾക്കു പുറമെ മുൻകൊല്ലങ്ങളിൽ ആരംഭിച്ചിട്ടുള്ള കോതയാർ പദ്ധതി, പെരുഞ്ചാനി പദ്ധതി, പീച്ചി റിസർവോയർ പദ്ധതി, ചാലക്കുടി പദ്ധതി, പെരിങ്ങൽക്കുത്തു പദ്ധതി, പള്ളിവാസൽ പദ്ധതിയുടെ രണ്ടാം ഘട്ടം, ശെങ്കുളം പദ്ധതി മുതലായവ ഇക്കൊല്ലത്തിലും തുടർന്നുപോകുന്നുണ്ട്. കുറഞ്ഞ വിലക്കുള്ള ഭക്ഷ്യധാന്യവിതരണം, തുണിയുടെ നിയന്ത്രണം മുതലായവയും പൊതുജനങ്ങളുടെ സാമ്പത്തികനിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉതകുന്നുണ്ട്.

ശ്രീ. സി. പി. ഗോപാലപ്പണിക്കർ

* ൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

ശ്രീ. സി. പി. ഗോപാലപ്പണിക്കരുടെ പേരിൽ നടത്തിയ കേസ്സിനു് ഗവൺമെണ്ടിൽനിന്നും എത്ര രൂപാ ചെലവായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ: പല അധികാരികളും ഉദ്യോഗസ്ഥന്മാരും ആ വിചാരണയിൽ പങ്കെടുത്തിട്ടുണ്ട്. അവരുടെ ഓരോരുത്തരുടേയും പേർക്കു ഈ വിചാരണ സംബന്ധമായി ചിലവായിരിക്കുന്ന പണത്തുകയുടെ വിവരമായ കണക്കു കിട്ടിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ കേസിനു് എന്തു ചിലവായിട്ടുണ്ട്?

ശ്രീ എ. ജെ. ജോൺ: ചിലവായ സംഖ്യയുടെ ക്ലിപ്തമായ കണക്കു ഇതേവരെ കിട്ടിയിട്ടില്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ കേസ് തീർന്നിട്ടു എത്ര മാസമായി?

ശ്രീ. എ. ജെ. ജോൺ: അഞ്ചാറുമാസമായി.

ശ്രീ. ജോസഫ് ജോൺ; ശ്രീ. ജി. ആർ പിള്ള

* ൫. (൫) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ശ്രീ. ജോസഫ് ജോൺ, ശ്രീ. ജി. ആർ. പിള്ള എന്നിവരുടെ പേരിലുള്ള കേസ്സിനു് ഇതിനകം എത്ര രൂപാ ചെലവായി;

(ബി) ഇതിനുവേണ്ടിയുള്ള സ്പെഷ്യൽ കോടതിയിൽ ഗവൺമെണ്ടു് ഭാഗം കേസ്സു നടത്തുന്ന അഡ്വക്കേറ്റു ആരാണു്;

(സി) അദ്ദേഹത്തിന്റെ ശമ്പളമെന്തു്;

(ഡി) ശമ്പളത്തിനുപുറമേ അദ്ദേഹത്തിനു് പ്രത്യേകം അലവൻസു നല്കുന്നുണ്ടോ;

(ഇ) പ്രത്യേക അലവൻസു പ്രതിദിനക്കണക്കിനാണു് നല്കുന്നതെങ്കിൽ ദിവസംപ്രതി എത്ര രൂപാ;

(എഫ്) ഈ ഡിസംബർമാസാവസാനം വരെ എത്ര രൂപാ അദ്ദേഹത്തിനു നല്കിയിട്ടുണ്ടു്;

(ജി) ഇനിയും എത്ര ദിവസംകൂടി കേസു നടത്തേണ്ടതായി വരും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:

(എ) അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. അതിനാൽ നിശ്ചിത തുക അറിവില്ല. കണക്കു തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ശ്രീ. ടി. ആർ. ബാലകൃഷ്ണയ്യർ.

(സി) ശമ്പളം ൨൦൦—൩൦൦ക.

(ഡി) (ഇ) നിയമപ്രകാരമുള്ള സഞ്ചാരപ്പടിക്കുംപുറമേ കേസുകൾക്ക ഹാജരാകുന്ന ദിവസം ൫൦ രൂപാവീതം നല്കുന്നതിനുള്ള അനുവാദവും കൊടുത്തിട്ടുണ്ട്.

(എഫ്) പ്രസ്തുത കേസുകൾക്ക ഹാജരാകുന്നതിനു ഒന്നും കൊടുത്തു കഴിഞ്ഞിട്ടില്ല.

(ജി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മൈതീൻകുഞ്ഞു: ജോസഫ് ജോണിന്റെ പേരിലുള്ള കേസു കഴിഞ്ഞ് അതിന്റെ അന്വേഷണ റിപ്പോർട്ട് ഗവമെണ്ടിലേക്ക കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: രണ്ടു ദിവസത്തിനുമുമ്പാണ് അതിന്റെ റിപ്പോർട്ട് ഗവമെണ്ടിലേക്ക കിട്ടിയിരിക്കുന്നതു്.

ക്ഷേത്രധ്വംസനം

*൩. (൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നെയ്യാററിങ്കര മൂന്നാം നിയോജകമണ്ഡലത്തിലെ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിനു് ഏതാനും ദിവസംമുമ്പു, ആ നിയോജകമണ്ഡലത്തിൽപ്പെട്ട കുന്നത്തുകാൽ പകുതിക്കടുത്തുള്ള അരകനാട്ടു ശാസ്താക്ഷേത്രത്തിലെ വിഗ്രഹം തല്ലിപ്പൊട്ടിച്ചതായി സംശയിക്കപ്പെട്ട ഒരാളുടെമേൽ ഒരു കേസു ചാർജ്ജുചെയ്തിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിലെ പ്രതി ആരു്;

(ബി) ആ പ്രതി, മിസ്റ്റർ നേശമണി എം. എൽ. എ.-യുടെ ഒരു ബന്ധുവാണോ;

(സി) അറസ്റ്റുചെയ്യപ്പെട്ട ആ പ്രതിയെ വിട്ടുവിക്കാൻ ചീഫ് മിനിസ്റ്റർ ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസിനു നിർദ്ദേശം നൽകിയോ;

(ഡി) ആ കേസ്സു എങ്ങനെ അവസാനിച്ചു?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കേസ്സ് ചാർജ്ജ് ചെയ്തിട്ടില്ല. ൪ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ബന്ധുവാണെന്നാണ് ഇപ്പോൾ അന്വേഷണത്തിൽ അറിയുന്നതു്.

(സി) പോലീസുകാർ ആ ബെയിൽ ആപ്ലിക്കേഷൻ ഒപ്പോസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളതു്.

(ഡി) നാലു പ്രതികളിൽ മൂന്നുപേർ ഒളിവിലാണ്. അവരെ അന്വേഷിച്ചു വരികയാണ്. കേസ്സ് അധികം താമസിയാതെ ചാർജ്ജുചെയ്യുന്നതാണ്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം ഈ പ്രതികൾക്ക് ജാമ്യം അനുവദിച്ചു എന്നു് ഒരു പത്ര പ്രസ്താവന ഉണ്ടായതു് ഗവമെണ്ടു കാണുകയുണ്ടായോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രപ്രസ്താവനയെ നിഷേധിച്ചുകൊണ്ടു് ചീഫ് മിനിസ്റ്റർതന്നെ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പുകാലത്തു് മന്ത്രിമാരുടെ പ്രേരണമൂലമാണു് ആ പ്രതികളെ ജാമ്യത്തിൽ വിട്ടതെന്നു് ഒരു പ്രസ്താവനയുണ്ടായതു് ഗവൺമെണ്ടിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്.

Sri. D. Gnanasigamony: May I know whether it is the Inspector-General of Police who grants the bail?

Sri. T. K. Narayana Pillai: No. It is the court that grants the bail.

Sri. D. Gnanasigamony: May I know whether it was not a fact that the bail application was opposed but the Magistrate had to issue a punitive order granting the bail?

Sri. T. K. Narayana Pillai: No. It was on appeal that the bail was granted subject to certain conditions.

Sri. D. Gnanasigamony: May I know whether an appeal was filed before the Sessions Court at Nagercoil?

Sri. T. K. Narayana Pillai: Yes. The bail was granted by an appellate court.

Sri. D. Gnanasigamony: May I know who made the report that the accused was a close relative of Mr. Nesamony?

Sri. T. K. Narayana Pillai: I did not say that he was a close relative of Mr. Nesamony. I said only that he was a "bandhu". A "bandhu" need not have any close relationship.

Sri. D. Gnanasigamony: May I inform the Chief Minister that the man bears no relationship at all with Mr. Nesamony?

Sri. T. K. Narayana Pillai: I am prepared to accept that.

Sri. D. Gnanasigamony: May I inform further that this is a malicious propaganda carried on by interested police officers?

Mr. Speaker: That is not a question and therefore does not call for an answer.

DESCECRATION OF TEMPLES AND CHURCHES

*7. (7) **Sri. N. D. Jose:** Will the hon'ble Minister for Law and Order be pleased to state.—

(a) the number of temples and churches and mosques descecrated since the integration of Travancore-Cochin;

(b) the number of cases in which the culprits have been found under each of these heads; and

(c) the number of cases sentenced so far?

Chief Minister **(Sri. T. K. Narayana Pillai):** (a) Temples—35, Churches—8, Mosques—Nil.

(b) Temples—24, Churches—4, Mosque—Nil.

(c) Temples—3, Churches—Nil, Mosque—Nil.

LEVY SYSTEM

*8. (8) **Sri. N. D. Jose:** Will the hon'ble Minister for Food be pleased to state.—

(a) the amount of food grains procured through the former system of excess procurement;

(b) the amount of food grains expected to be collected through the Levy System;

(c) whether any ceiling price would be fixed for the sale of the grain left over with the producers after such procurement; and

(d) the merits of the "Levy System" over the excess procurement system?

Chief Minister **(Sri. T. K. Narayana Pillai):** (*a*) As the period or the crop regarding which the information is required has not been specified, no definite answer can be furnished. The quantity procured has varied from year to year. In 1125, 72, 90, 612 paras from Travancore area and 59, 63, 924 paras from Cochin area, were procured.

(*b*) The Levy system of monopoly procurement has been introduced only very recently. Until the necessary statistics are collected under this system, the quantity that could be procured cannot definitely be stated. However, Government expect to purchase more than what has been purchased in the past.

(*c*) Private sale or purchase of paddy is prohibited. The question of fixing a ceiling price does not therefore arise.

(*d*) The levy system is expected to give a greater incentive to food production, reduce the chances of harassment of cultivators by the subordinate Revenue Staff, and increase the quantity procurable by Government.

ശ്രീ. പി. കെ. ഡീവർ: കൊച്ചി ഭാഗത്തുനിന്നു ൬൦ ലക്ഷം പറ നെല്ല് പ്രൊക്യൂർ ചെയ്യപ്പോൾ തിരുവിതാംകൂർ ഭാഗത്തുനിന്ന് ൭൨ ലക്ഷം പറ നെല്ലാണ് പ്രൊക്യൂർ ചെയ്തതെന്നു് പറഞ്ഞു.

ശ്രീ. ടി. കെ. നാരായണപിള്ള: എന്നു ഞാൻ പറഞ്ഞിട്ടില്ല. അതു് നേരെ മറിച്ചാണ്.

ശ്രീ. പി. കെ. ഡീവർ: ഈ വ്യത്യാസത്തിന് കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യത്യാസത്തിനു പല കാരണങ്ങളും ഉണ്ടായിരിക്കും.

ശ്രീ. പി. നാണു: ഇപ്പോൾ നെല്ല് വാങ്ങുന്നതു് ഏതു നിലയ്ക്കാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ലെവിസിസ്റ്റം അനുസരിച്ച് നെല്ല് പ്രൊക്യൂർ ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. പി. നാണു: ഇപ്പോൾ ഓരോ കൃഷിക്കാരനും കൊടുക്കേണ്ടനെല്ല് ഇത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. പി. നാണു: എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് നിശ്ചയിച്ചിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ട് നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ചിട്ടുള്ള നെല്ല ഓരോ കൃഷിക്കാരനും ഗവമ്മെണ്ടിലേയ്ക്കു കൊടുക്കണം.

ശ്രീ. പി. നാണു: ഈ തോതു് നിശ്ചയിക്കുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രേയിൻപർച്ചയിസിംഗ് തഹശീൽദാരാണ്.

ശ്രീ. പി. നാണു: ഓരോ കൃഷിക്കാരനും ഗവമ്മെണ്ടിലേയ്ക്കു കൊടുക്കേണ്ട നെല്ലിന്റെ തുക എപ്പോഴാണ് തിട്ടപ്പെടുത്തുവാൻ പോകുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷിക്കാർകൊടുക്കേണ്ട നെല്ല് ഇത്രയെന്നു് തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിനെപ്പററി വല്ല പരാതിയും ഉണ്ടെങ്കിൽ ഗവമ്മെണ്ട അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പി. എം. വർഗ്ഗീസ്: ലെവിസിസ്റ്റം അനുസരിച്ച് നെല്ല് വാങ്ങുകയാണെങ്കിൽ കൂടുതൽ നെല്ല് വാങ്ങാമെന്നും അതു് കൃഷിക്കാർക്ക് വലിയ ലാഭമായിരിക്കുമെന്നും പറയുവാൻ കാരണമെന്താണ്?

Mr. Speaker: The member is entering upon a discussion which is not allowed.

ശ്രീ. ഇട്ടീര അമ്പുക്കൻ: ലെവിസിസ്റ്റപ്രകാരം ഓരോ കൃഷിക്കാരനും കൊടുക്കേണ്ട നെല്ലിന്റെ തുക തിട്ടപ്പെടുത്തുന്നതു എന്തു് മാനദണ്ഡം വച്ചുകൊണ്ടാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നു മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണു് തുക തിട്ടപ്പെടുത്തുന്നതു്. അതായതു് പ്രൊഡക്റ്റിവിററി, പ്രൊക്യൂർമെന്റ, പ്രൊട്ടക്ഷൻ ടു കൾട്ടിവേററർ (Productivity, Procurement, Protection to Cultivator.)

ശ്രീ. ഇട്ടീര അമ്പുക്കൻ: തിരുവിതാംകൂർ ഭാഗത്തെ കൃഷിക്കാർക്കു് വല്ല പ്രത്യേക മാനദണ്ഡവും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തേയ്ക്കു ഒററ മാനദണ്ഡംതന്നെയാണു്.

ശ്രീ. പി. ചാക്കോ: തിരുവിതാംകൂർ ഭാഗത്തു് ഒരു കൊല്ലത്തിൽ ഒട്ടാകെ എത്ര പറ നെല്ലു് വിളയുമെന്നും കൊച്ചിഭാഗത്തു് എത്ര വിളയുമെന്നും ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിനറിയാം. അതിന്റെ സ്ഥിതി വിവരക്കണക്കുകൾ ഇപ്പോൾ ഗവമ്മെണ്ടിന്റെ കയ്യിൽ ഇല്ല.

Sri. K. Sivarama Pillai: May I know whether the Government do no propose to publish the instructions issued to the Tahsildars?

Sri. T. K. Narayana Pillai: Only temporary instructions have been issued. When these instructions are finalised Government would seriously think of publishing them.

ശ്രീ. എൻ. വി. ചാക്കോ: അങ്ങനെ വിളയുന്ന നെല്ലിന്റെ എത്ര അംശമാണു് ഓരോ ഭാഗത്തുനിന്നും ഇപ്പോൾ എടുക്കുന്നതു് എന്നു് ഗവമ്മെണ്ടിനു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. D. Gnanasigamony: Are we to understand that by this levy system, the discretion of fixing the quota is vested with the purchasing officer?

Sri. T. K. Narayana Pillai: No. It does not. That is what I have stated already.

ശ്രീ. ആർ. ശങ്കർ: ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ലെവിസിസ്റ്റം അനുസരിച്ചു് നെല്ലു് എടുത്തുതുടങ്ങിട്ടു എത്ര ദിവസമായി?

ശ്രീ. ടി. കെ. നാരായണപിള്ള: ഫെബ്രുവരി ൧-ാം തീയതിമുതൽ ലെവിസിസ്റ്റം അനുസരിച്ചു് നെല്ലെടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: അടുത്ത മകരപ്പൂവിനു് ഈ സിസ്റ്റം അനുസരിച്ചു് നെല്ലെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ എടുക്കുന്നുണ്ടു്.

ശ്രീ. ആർ. ശങ്കർ: പുതിയ സിസ്റ്റം അനുസരിച്ചാണോ ഇപ്പോൾ നെല്ലെടുക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ സിസ്റ്റം അനുസരിച്ചു് നെല്ലെടുക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ആർ. ശങ്കർ: ഈ പുതിയ സിസ്റ്റം അനുസരിച്ചു് ഇപ്പോൾ നെല്ലെടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പുതിയ സിസ്റ്റം അനുസരിച്ച് നെല്ല് എടുക്കുന്നുണ്ടെന്നാണ് ഗവൺമെന്റിന്റെ അറിവ്.

Sri. K. Sivarama Pillai: May I know whether Government are aware that procurement is being carried on without the proper issuing of demand notices to the parties?

Sri. T. K. Narayana Pillai: Government are aware that the quota has been fixed and the necessary demand notices are issued before carrying out procurement.

ശ്രീ. എം. ഐ. പോൾ: കൊച്ചിരാജ്യത്ത് ലെവിസിസ്റ്റം വേണ്ടാ എന്നു വയ്ക്കുവാൻ ഗവൺമെന്റ് വിചാരിക്കുന്നുണ്ടോ?

Mr. Speaker: That question does not arise out of the answer to the main question.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇപ്പോഴത്തെ ലെവിസിസ്റ്റത്തിൽ വീട്ടാവശ്യത്തിന് ഓരോ വീട്ടുകാരനും സൂക്ഷിക്കേണ്ട നെല്ല് എത്രയാണെന്നുള്ളത് പർച്ചസ് തഹശീൽദാരന്മാർ തീരുമാനിക്കുമെന്നു ഗവൺമെന്റ് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ എക്സസ്ബേസിസ് സിസ്റ്റവും ഇപ്പോഴത്തെ ലെവിസിസ്റ്റവും തമ്മിൽ മൗലികമായി എന്തു വ്യത്യാസമാണുള്ളതെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലെവി സിസ്റ്റവും എക്സസ്ബേസിസ് സിസ്റ്റവും തമ്മിൽ എന്തു വ്യത്യാസമാണുള്ളതെന്നു ബഹുമാനപ്പെട്ട മെമ്പർക്കു തന്നെ അറിയാവുന്നതാണ്.

ശ്രീ. വി. ഗംഗാധരൻ നായർ: ലെവിസിസ്റ്റമനുസരിച്ച് കുട്ടനാട്ടിൽ നിന്നും ഇതിനുമുൻപു എടുത്തുകൊണ്ടിരുന്ന തോതനുസരിച്ചുള്ള നെല്ല് ഇപ്പോൾ എടുക്കേണ്ടിവരികയില്ല എന്നു ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഗവൺമെന്റിനു അറിവില്ല.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിൽ മുൻപു നിലവിലിരുന്ന എക്സസ് ബേസിസ് സിസ്റ്റത്തെക്കാൾ കൂടുതൽനെല്ല് ഇപ്പോഴത്തെ ലെവിസിസ്റ്റമനുസരിച്ചു കൊടുക്കേണ്ടതായി വരുമെന്നു ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ഡീറ്റെയിൽസു അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഐ. പോൾ: ലെവിസിസ്റ്റം നടപ്പാക്കണമൊ വേണ്ടയൊ എന്നു ഗവൺമെന്റു ആലോചിച്ചുകൊണ്ടിരിക്കുന്ന കാലത്തല്ലേ ചീഫ് മിനിസ്റ്റർ ഫുഡ്ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ്ഏറ്റെടുത്തത്?

Mr. Speaker: That is a matter of detail which could be ascertained otherwise.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ലെവിസിസ്റ്റത്തെ കൊച്ചിവിഭാഗക്കാർ എതിർക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അറിഞ്ഞുകൂടാ. നേരെമറിച്ച് ലെവിസിസ്റ്റത്തെ ഒരു വലിയ വിഭാഗം ജനങ്ങൾ സ്വാഗതം ചെയ്യുന്നതായി ഗവൺമെന്റിനറിയാം.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഏതു ഭാഗത്തുനിന്നാണ് ലെവിസിസ്റ്റത്തെ സ്വാഗതം ചെയ്യുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും സ്വാഗതം ചെയ്യുന്നുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള : മദ്രാസിൽ ഈ ലെവിസിസ്റ്റം പരാജയപ്പെട്ടതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പാൾ : കൊച്ചിക്കാർ ഈ ലെവിസിസ്റ്റത്തെ സ്വാഗതം ചെയ്യുന്നില്ലെന്ന് ഗവമ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതേപ്പററി തീരുമാനമായി അറിയാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. പ്രസാദ് : തിരുവിതാംകൂറിൽ മുമ്പ് ലെവിസിസ്റ്റം ഏർപ്പെടുത്തിയിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല. സെററിൽമെൻറുപാട്ടം അനുസരിച്ച് നെല്ലുകൊടുക്കണമെന്നുള്ള വ്യവസ്ഥയാണുണ്ടായിരുന്നത്.

ஸ்ரீ. ஸ்ரீ. வி. தாஸ் : *ஒரு ஏக்கரோ அல்லது அதற்குக் குறைந்த நிலங்களிலிருந்து நெல் அளக்கக் கூடாது என்று* Press Note *கூறுகிறது. அப்படியிருக்கும்போது இந்த நிலங்களிலிருந்து நெல் அளக்கப்படுவது தெரியுமா?*

கனம் ஸ்ரீ. டி. கெ. நாராயணபிள்ளை : *தெரியாது.*

ஸ்ரீ. ஸ்ரீ. வி. தாஸ் : *ஏதாவது பராதி வந்ததுண்டா?*

கனம் ஸ்ரீ. டி. கெ. நாராயணபிள்ளை : *பராதி இது வரையில் கிடைக்கவில்லை.*

ஸ்ரீ. ஸ்ரீ. வி. தாஸ் : *ஒரு அஸம்பிளி மெம்பர் இந்த மாதம் 15-ம் தேதி அப்படி அளந்திருப்பதாக மந்திரியிடம் பராதி செய்ததுண்டா?*

கனம் ஸ்ரீ. டி. கெ. நாராயணபிள்ளை : *ஞாபகமில்லை.*

ശ്രീ. എം. ഐ. പാൾ : ഈ രാജ്യത്ത് ഒരു പുതിയ സംപ്രദായം നടപ്പാക്കാൻപോകുമ്പോൾ, അതായത്, ഒരു പുതിയ സമ്പ്രദായമായ ലെവിസിസ്റ്റം നടപ്പാക്കുമ്പോൾ സെൻട്രൽ ഗവമ്മെണ്ടിൻെറ അനുമതികൂടി ആവശ്യമല്ലേ?

Mr. Speaker : That question is disallowed.

ശ്രീ. കളത്തിൽ വേലായുധൻനായർ : ലെവിസിസ്റ്റം ഏർപ്പെടുത്തിയതിനെപ്പററി ഈ സഭയിൽ സംസാരിക്കുവാൻ അവസരം ഉണ്ടാക്കിത്തരുന്നതിന് വിരോധമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : വിരോധമില്ല.

Sri. D. Gnanasigomony : Is it not on account of the failure of the excess basis system that this levy system is being adopted?

Mr. Speaker : That is a matter of opinion.

ശ്രീ. ടി. വി. തേവൻ : കുട്ടനാടൻ പ്രദേശങ്ങളിൽ കൊയ്യുന്നതിനും മററുമായി വരുന്ന പുലയക്ക് റേഷൻ കൊടുക്കുന്നില്ലെന്നു പറയുന്നുണ്ട്. അതിനുള്ള കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അവക്കും റേഷൻ കൊടുക്കുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ട്. മുമ്പുതന്നെ അതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇപ്പോഴും അതു തുടൎന്നുവരുന്നു.

ശ്രീ. കെ. കെ. കണ്ണൻ : ലെവിസിസ്റ്റം ഏർപ്പെടുത്തുമ്പോൾ ഗവൺമെണ്ടിലേക്ക് കൊടുത്തുകഴിഞ്ഞ് ബാക്കിവരുന്ന നെല്ല് ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേക്ക് കൊണ്ടുപോകുവാൻ ഗവൺമെണ്ട് അനുവദിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രൊക്യൂവമെണ്ട് സീസണിൽ അങ്ങനെ ചെയ്യുവാൻ അനുവദിക്കുകയില്ല.

ശ്രീ. കെ. കെ. കണ്ണൻ : ലെവിസിസ്റ്റത്തിന്റെ വ്യവസ്ഥകൾ കാണിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രസ്നോട്ടിൽ ഇങ്ങനെ കൊണ്ടുപോകുവാൻ അനുവദിക്കപ്പെടുന്നതാണെന്ന് പറഞ്ഞിരിക്കുന്നത് എന്തു ഉദ്ദേശത്തോടുകൂടിയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരു താലൂക്കിൽനിന്നും മറ്റൊരു താലൂക്കിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കുമെന്ന് പ്രസ്നോട്ടിൽ പറഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. കണ്ണൻ : ഫെബ്രുവരി ൧൧-ാംനു-യിലെ പ്രസ്നോട്ടിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെന്നാണ് ഞാൻ പറയുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു തെററാണെന്നാണ് ഞാനും പറയുന്നത്.

ശ്രീ. കെ. എ. മാത്യു : ഗവൺമെണ്ട് എടുക്കുന്ന നെല്ലിന് എന്തു വില കൊടുക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : അക്കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുകയാണ്.

ശ്രീ. കെ. എ. മാത്യു : ഇപ്പോൾ എന്തു വില കൊടുക്കുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരു പറ നെല്ലിന് ൨ രൂ. ൨൩ ണ. ൧൧ പൈ വിലവച്ചു കൊടുക്കുന്നു. നെല്ലിന് വില കൂടുന്നപക്ഷം കുംഭപ്പൂവിൽ എടുക്കുന്ന നെല്ലിനുകൂടി ആ വില കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്യുന്നതാണ്.

Sri. K. Sivarama Pillai: How long does the Government expect the procurement season to last?

Sri. T. K. Narayana Pillai: That depends a good deal upon the weather.

ശ്രീ. വി. ഗംഗാധരൻനായർ : ലെവിസിസ്റ്റം ഏർപ്പെടുത്തി ഈ രാജ്യത്തു പ്രൊക്യൂർമെൻറിന് അയവു വരുത്തണമെന്നാണോ ഗവൺമെണ്ട് വിചാരിക്കുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രൊക്യൂർമെൻറ് കൂടുതൽ കാര്യക്ഷമമാക്കണമെന്നാണ് ഗവൺമെണ്ടിന്റെ വിചാരം.

തിരുവിതാംകൂർ നാണയം

*൩. (൩) ശ്രീമതി ദേവകീഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഫൈനാൻസുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിക്കുന്നതുകൊണ്ട് തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടിനെന്തെങ്കിലും നഷ്ടം വരാൻ ഇടയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ നഷ്ടം ആരു വഹിക്കും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) നാണയം പിൻവലിക്കുന്നതു സംബന്ധിച്ച് ഗവൺമെണ്ടിന് യാതൊരു നഷ്ടവും ഉണ്ടാകുന്നതല്ല.

(ബി) എ.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ആശുപത്രി മരുന്നിന്റെ വില

*൧൦. (൧൦) **ശ്രീമതി ദേവകീഗോപിദാസ്**: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെണ്ടാശുപത്രികളിൽ ൧൯൫൦-ൽ മരുന്നിന്റെ വില ഈടാക്കിയ ഇനത്തിൽ കിട്ടിയ സംഖ്യ എത്രയാണെന്ന് പറയുവാൻ ദയവുണ്ടാകുമോ?

(ബി) കൊച്ചീവിഭാഗത്തിൽ മരുന്നിന് സക്കാർ ആശുപത്രികളിൽ വില വാങ്ങുന്ന പതിവുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (**ശ്രീ. എ. ജെ. ജാൺ**):

(എ) മരുന്നിന്റെ വിലയായി ൧൨,൪൩൫ രൂപ ഈടാക്കിയിട്ടുണ്ട്.

(ബി) ആശുപത്രികളിൽ കിടക്കുന്ന രോഗികളുടെ ധനസ്ഥിതിയനുസരിച്ച് മരുന്നിന്റെ വില ഈടാക്കിവരുന്നുണ്ട്. ധനസ്ഥിതിയിൽ പിന്നോക്കം നില്ക്കുന്ന രോഗികളിൽനിന്നും മരുന്നുവില ഈടാക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ പന്തീരായിരം രൂപ എത്ര രോഗികളിൽനിന്നാണ് ഈടാക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ സംഖ്യ എത്രയും തുച്ഛമായിരിക്കെ ഇങ്ങനെ മരുന്നിന്റെ വില ഈടാക്കുന്ന സമ്പ്രദായം നിറുത്തുന്നതിനെപ്പറ്റി ഗവമ്മെണ്ട് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: തുച്ഛമായ സംഖ്യയാണെങ്കിലും ധനവാന്മാരുടെ പക്കൽനിന്നുമാണ് മരുന്നുവില ഈടാക്കുന്നത്. നൂറുരൂപാ പ്രതിമാസം വരവുള്ള ഒരാളിന് ഇന്ന റേററ്, അഞ്ഞൂറുരൂപാ വരവുള്ളവർക്ക് ഇന്ന റേററ്, എണ്ണൂറുരൂപാ വരവുള്ളവർക്ക് ഇന്ന റേററ്, എന്നിങ്ങിനെ ഓരോ റേററനുസരിച്ചാണ് മരുന്നുവില ഈടാക്കുന്നത്. അൻപതു രൂപയിൽ താഴെ വരവുള്ളവരിൽനിന്നും മരുന്നുവില ഈടാക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: എന്നാൽ പ്രയോഗത്തിൽ ഇങ്ങനെ വരവുള്ളവരിൽനിന്നും മരുന്നുവില ഈടാക്കുന്നില്ലെന്നും, നേരേമറിച്ച് സാധുക്കളായവർ ചിലപ്പോൾ കൊടുക്കേണ്ടതായി വരുന്നുവെന്നും ഗവമ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആ വിവരം ഗവമ്മെണ്ടിനറിഞ്ഞുകൂടാ. സാധുക്കളിൽനിന്നും മരുന്നുവില ഈടാക്കരുതെന്ന് ഗവമ്മെണ്ട് നിർബ്ബന്ധമായി നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഇത്രയും തുക ഈടാക്കുവാൻ ഗവമ്മെണ്ടിന് എത്ര രൂപയുടെ കടലാസ്സ് ചെലവായിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഏതായാലും അതു ഇത്രയും വരികയില്ല.

ശ്രീമതി ദേവകീഗോപിദാസ്: ആശുപത്രികളിൽ ഇപ്പോൾ നല്ല മരുന്നുകൾ ലഭിക്കുന്നില്ലെന്ന് ഗവമ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: നല്ല മരുന്നുകളും വില കൂടിയ മരുന്നുകളും ആശുപത്രിയിൽനിന്ന് ലഭിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ ഇംപോർട്ടിംഗ് ലൈസൻസു കിട്ടാനുള്ള വൈഷമ്യംകൊണ്ട് ചില മരുന്നുകൾ കൊടുക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

ശ്രീ. ടി. വി. തേവൻ: ആശുപത്രികളിലെ ഡാക്ടർമാർ ഷാപ്പുകളിൽനിന്നും മരുന്നു വാങ്ങിക്കാനായി കുറിച്ചുകൊടുക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ചിലപ്പോഠം അങ്ങനെ വന്നേക്കാം. മെഡിക്കൽ സ്റ്റോറിൽ ഇല്ലാത്ത ചില മരുന്നുകളായിരിക്കും അങ്ങനെ കുറിച്ചു കൊടുത്തയയ്ക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ: എറണാകുളത്തുള്ള ആശുപത്രികളിൽ മരുന്നുകളില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഞാൻ മുൻപു പറഞ്ഞതുപോലെ ഇംപോർട്ടിംഗ് ലൈസൻസു് കിട്ടാനുള്ള വിഷമംകൊണ്ടു് ചില മരുന്നുകഠക്കു് ക്ഷാമം ഉണ്ടായിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ മരുന്നുകഠക്കു് ഗവണ്മെണ്ടിൽനിന്നും വില്പനനികുതി ഈടാക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഷാപ്പുകളിൽനിന്നാണു മരുന്നുകഠ വാങ്ങിക്കുന്നതെങ്കിൽ വില്പനനികുതി ഈടാക്കുന്നുണ്ടു്. എന്നാൽ രോഗികഠക്കു് ഡോക്ടർമാർ കൊടുക്കുന്ന മരുന്നുകഠക്കു് വില്പനനികുതി ഈടാക്കുന്നില്ല.

ശ്രീ. പി. കെ. ഡീവർ: എറണാകുളത്തുള്ള ജനറലാശുപത്രിയിൽ ഇൻറിഗ്രേഷനുമുമ്പു് കിട്ടിക്കൊണ്ടിരുന്ന പല മരുന്നുകളും ഇൻറിഗ്രേഷനുശേഷം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഗവണ്മെണ്ടിനു് അറിവില്ല. ഏതായാലും അങ്ങനെ വരുമെന്നു കരുതി ഓരോ പ്രാവശ്യവും അഞ്ഞൂറുരൂപയിൽ കവിയാതെ വരുന്ന തുകയ്ക്കുള്ള മരുന്നു് വെളിയിൽനിന്നും വാങ്ങുന്നതിനു് എറണാകുളം ആശുപത്രിയിലെ ഡാക്ടർക്കും സർജൻ ജനറലിനും നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആശുപത്രികളിൽ മരുന്നു വാങ്ങാൻ വരുന്ന രോഗികളുടെ പ്രതിമാസആദായം ഇന്നതാണെന്നു് ഡാക്ടർമാർക്കു എങ്ങനെ അറിയാൻ കഴിയും?

ശ്രീ. എ. ജെ. ജാൺ: അതു രോഗികളോടും പുറമെയുള്ളവരോടും അന്വേഷിച്ചു അറിഞ്ഞുകൊള്ളും.

സിലോണിലുള്ള തിരുവിതാംകൂറുകാർ

*൧൧. (൧൧) ശ്രീ. വി. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യങ്ങഠക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ?

(എ) സിലോണിൽ താമസക്കാരായ തിരുവിതാംകൂർകാർക്കു് നാട്ടിലേക്കു് പണം അയക്കുന്നതിനുള്ള വൈഷമ്യങ്ങഠ ഗവണ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) നാട്ടിലേക്കു് പണം അയച്ചാൽ സിലോണിലെ പൗരത്വം നഷ്ടപ്പെടുന്നതാണെന്നു സിലോൺ ഗവണ്മെണ്ടു് അടുത്തകാലത്തു ഉത്തരവു പാസ്സാക്കിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്തെ എത്ര ആളുകഠ സിലോണിൽ ഇപ്പോഠ ജോലിയായി താമസിക്കുന്നുണ്ടു്?

ചീഫ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഉണ്ടു്.

(ബി, സി) ഈ വിവരങ്ങഠ ഗവണ്മെണ്ടിനു അറിവില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്സ്: ഈ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനു ഗവമ്മെണ്ടു എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാൎക്കു വേണ്ട നിൎദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇപ്പോൾ എടുത്തുവരുന്ന സെൻസസിൽ വിദേശികളുടെ സെൻസസ് കൂടി എടുക്കുവാൻ ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു കേന്ദ്രഗവമ്മെണ്ടിന്റെ ജോലിയാണ്.

ലാൻഡുടാക്സ് കമ്മററിറിപ്പോർട്ട്

* ൧൨. (൧൨) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡുടാക്സ് കമ്മററി റിപ്പോർട്ട് സമൎപ്പിച്ചുവോ;

(ബി) എന്നു;

(സി) അതിന്മേൽ എന്തു നടപടി നടത്തി;

(ഡി) കമ്മിററിക്കു എത്ര രൂപാ ചെലവായി?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലാൻഡ്ടാക്സ് കമ്മിററി റിപ്പോർട്ട് സമൎപ്പിച്ചിട്ടുണ്ട്.

(ബി) ൧൯൫൦ ജനവരി ൨-ാംനു.

(സി) റിപ്പോർട്ട് ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(ഡി) ആ കമ്മിററിക്കു ൧൭, ൭൫൫ രൂപാ ചെലവായിട്ടുണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ കമ്മററി റിപ്പോർട്ടിന്മേൽ ഇതുവരെ നടപടി നടത്താതിരുന്നതു എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ: അതേപ്പററി ശരിയായി അന്വേഷിച്ചു നടപടി നടത്തണമെന്നു വിചാരിച്ചാണ്.

ലാൻഡ്പാളിസി കമ്മററി

* ൧൩. (൧൩) ശ്രീ. വി. കെ. വൎഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാൎയ്യമന്ത്രിസദയം മറുപടി പറയുമോ.—

(എ) ലാൻഡ്പാളിസി കമ്മിററി എന്നാണു റിപ്പോർട്ട് സമൎപ്പിച്ചതു;

(ബി) കമ്മിററിക്കു എത്ര രൂപ ചിലവായി?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലാൻഡ്പാളിസി കമ്മിററി റിപ്പോർട്ട് ൨൬—൧൦—൧൯൫൦-ൽ ആണ് സമൎപ്പിച്ചതു.

(ബി) ആ കമ്മിററിക്കു ചെലവായ തുക ൨൭, ൩൩൨ ൧ രൂപ ൪ അണയാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ടിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. എ. ജെ. ജാൺ: അതും ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. കെ. ഡീവർ: ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഈ നിയമസഭയിൽ ഒരു ബില്ലു കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു എന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞതനുസരിച്ചു ഗവമ്മെണ്ടു ചെയ്യുമോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെണ്ടും അങ്ങനെ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ, ഈ നിയമസഭയിൽ ഒരു ബില്ലുകൊണ്ടുവരുവാൻ സാധിക്കുമോ എന്നകാര്യം സംശയമാണ്.

വളംവില്ക്കാൻ കടംവായ്പ

* ൫൪. (൫൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നംകുളത്തുള്ള ഒരു വ്യക്തിക്ക് വളംവാങ്ങി വില്ക്കുന്നതിനു ൨,൩൭,൦൦൦ രൂപയുടെ ഒരു കടവായ്പ ഗവണ്മെണ്ടിൽനിന്നും കൊടുത്തുവോ;

(ബി) എന്തു വ്യവസ്ഥകളിലാണ് ഈ കടവായ്പ കൊടുത്തതു്;

(സി) ഗവണ്മെണ്ടുവക വളംഡിപ്പോകൾവഴി വില്പനനടത്താതെ ഒരു വ്യക്തിയെ ആ ജോലി ഏല്പിക്കാൻ കാരണം എന്താണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി, സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പത്രങ്ങളിൽ ഇങ്ങനെ ഒരു കടംവായ്പ കൊടുത്തിട്ടുള്ളതായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കാം. പക്ഷെ, അങ്ങനെ ചെയ്തിട്ടില്ല.

മത്സ്യവള്ളങ്ങൾക്കു തടി

* ൫൫. (൫൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിറയിൻകീഴ്താലൂക്കിലുള്ള ഒരു വ്യക്തിക്ക് ൫൦ മത്സ്യവള്ളങ്ങൾക്കു ആവശ്യമായ തടി സൗജന്യനിരക്കിൽ കൊടുക്കുകയുണ്ടായോ;

(ബി) ഒരാൾക്കു ഇത്രയധികം തടി നൽകുന്നതിനു ഇതുസംബന്ധിച്ച ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അങ്ങനെയൊരു വ്യക്തിക്കു തടി സൗജന്യനിരക്കിൽ കൊടുത്തിട്ടില്ല.

(ബി) എ യുടെഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ഫുഡ്റേഷൻ

* ൫൬. (൫൬) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ നിലവിലുള്ള ഫുഡ്റേഷൻ കുറവുചെയ്യണമെന്നു കേന്ദ്രഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് ആ നിർദ്ദേശമെന്നു പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) റേഷൻ പന്ത്രണ്ടു ഔൺസ് ആണെങ്കിൽ അതിൽനിന്നും ൨ ൫ ശതമാനം കുറവുചെയ്യണമെന്നാണ് കേന്ദ്രഗവമ്മെണ്ടിന്റെ നിർദ്ദേശം. എന്നാൽ ഇവിടെ പത്തു് ഔൺസിൽ കൂടതൽ കൊടുക്കുന്നില്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന അളവിൽ ഇനിയും കുറവുവരുത്തണമെന്നു് വല്ല നിർദ്ദേശവും കേന്ദ്രഗവമ്മെണ്ടിൽനിന്നും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദു് മുസ്തഫാ: ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന എട്ടു ഔൺസു് റേഷനിൽനിന്നും അല്പംകൂടി കൂട്ടികൊടുക്കുന്നതിനു ഈ അടുത്തകാലത്തെങ്ങാനും സാദ്ധ്യതയുണ്ടോയെന്നു് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ എ. മുഹമ്മദു് മുസ്തഫാ: ഗവമ്മെണ്ടിന്റെ കൈവശം ഇപ്പോൾ എത്ര നാളത്തേക്കു് റേഷൻ സ്റ്റാക്കു ഉണ്ടെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരാഴ്ചക്കുള്ള സ്റ്റാക്കു് ഇപ്പോൾ ഗവമ്മെണ്ടിന്റെ കൈവശമുണ്ടു്.

ശ്രീ. പി. കെ. ഡീവർ: അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്കു് റേഷൻ പതിനാറു് ഔൺസു് ആക്കണമെന്നു് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഒരു തീരുമാനം ചെയ്തിട്ടുള്ളതായി ഗവമ്മെണ്ടിനറിവില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്.

ശ്രീ. പി. കെ. ഡീവർ: ആ കാര്യം ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നടപ്പിലാക്കാൻ വല്ല ആലോചനയും ഗവമ്മെണ്ടിനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ആലോചനയില്ലെങ്കിലും അതു് ആലോചിക്കേണ്ട ഒരു വിഷയമാണു്.

സസ്പെൻറു ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാർ

* ൧ ൭. (൧൯) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജനുവരി ൧-ാംനു-ക്കുശേഷം ഇതുവരെ എത്ര ഉദ്യോഗസ്ഥന്മാരെ അന്വേഷണത്തിനു വിധേയമായി സസ്പെൻറു ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) അതിൽ എത്രപേരുടെ മേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും, എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും, ഇനിയും ഇതിൽ എത്രപേരുടെ മേൽ അന്വേഷണം നടത്തേണ്ടതായിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അന്വേഷണത്തിനു വിധേയമായി ൩൦൫ പേരെ സസ്പെൻറു ചെയ്തിട്ടുണ്ട്.

(ബി) ൨൪൦ പേരുടെമേൽ ഉള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടു്. ൨൩൨ പേരെ ശിക്ഷിച്ചിട്ടുണ്ടു്. ൬൫ പേരുടെമേൽ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഈ അന്വേഷണത്തിന്റെ ഫലമായി എത്ര ഉദ്യോഗസ്ഥന്മാർ നിർദ്ദോഷികളാണെന്നു തെളിഞ്ഞിട്ടുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: ശിക്ഷിക്കപ്പെട്ടവരല്ലാത്തവരെല്ലാം നിർദ്ദോഷികളാണ്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: അന്വേഷണങ്ങൾ പൂർത്തിയായി, കുററക്കാരൻ എന്നു തെളിഞ്ഞു, എന്നിട്ടും സർവ്വീസിൽ വച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെ സർവ്വീസിൽ വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മെമ്പറിന് ആ സംഗതി ഗവമ്മെൻറിന്റെ ദൃഷ്ടിയിൽ പെടുത്താം.

ദേവാലയങ്ങളിൽ നടത്തിയിട്ടുള്ള അക്രമങ്ങൾ

*൧൮൧. (൨൦) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൪൯ ജനവരി ൧-ാംനു-ക്കുശേഷം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു എത്ര ഹിന്ദു ദേവാലയങ്ങളും ക്രൈസ്തവദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടുള്ളതായും എത്ര വിഗ്രഹങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുള്ളതായും ഗവമ്മെൻറിനു വിവരം ലഭിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

(ബി) ഈ സംഭവങ്ങൾക്ക് എന്തെങ്കിലും പ്രത്യേക കാരണമുള്ളതായി ഗവമ്മെൻറു ഗ്രഹിച്ചിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഹിന്ദു ദേവാലയങ്ങൾ ൩൯.

(ബി) ക്രിസ്ത്യൻ ദേവാലയങ്ങൾ ൮.

നശിപ്പിച്ചിട്ടുള്ള വിഗ്രഹങ്ങൾ ൧൦.

(ബി) ഇല്ല.

ശ്രീ. പി. എം. വർഗീസ്: ഈ വിധത്തിലുള്ള അക്രമങ്ങൾ നടക്കുന്നതിനുള്ള കാരണങ്ങളെന്താണെന്നു ഗവമ്മെൻറിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിൽനിന്നും ഗവമ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചതു് ഒരു പ്രത്യേക സംഘടനയുടേയോ സംഘടനകളുടേയോ മനഃപൂർവ്വമായിട്ടുള്ള പ്രവത്തനമല്ലെന്നും എന്നാൽ മോഷണത്തിനുവേണ്ടി മാത്രം ഇങ്ങനെ പ്രവത്തിച്ചിട്ടുള്ളതാണെന്നുമാണ്. ഈ വിധത്തിലുള്ള പതിനാലു കേസുകളെപ്പററി അന്വേഷണം നടത്തിയതിൽ അവർ വെറും കൊള്ളക്കാരാണെന്നും അവരിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഹിന്ദുക്കളും ഉൾപ്പെട്ടിട്ടുള്ളതായും തെളിഞ്ഞിരിക്കുന്നു. അതല്ലാതെ മററു കാരണങ്ങൾ ഉണ്ടെന്നു് ഗവമ്മെൻറിനു ബോദ്ധ്യമില്ല.

ശ്രീ. പി. എം. വർഗ്ഗീസ്: അമ്പലങ്ങളും വിഗ്രഹങ്ങളും മററും നശിപ്പിച്ചിട്ടുള്ളതു് ഒരു പ്രത്യേക സമുദായക്കാരാണെന്നു് ഉള്ള പത്രപ്രസ്താവനകൾ ഗവമ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: പെട്ടിട്ടുണ്ട്. ചില സമുദായ നേതാക്കന്മാരുടെ പ്രസ്താവനകളാണ് അവ. ഇവ സമുദായങ്ങൾതമ്മിൽ വൈരം വളത്തുന്നതിനു് പര്യാപ്തമാകുമെന്നു് ഗവമ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്.

Sri. P. S. Nataraja Pillai: May I know the number of such incidents in 1949?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൪൯ മുതലുള്ള സ്ഥിതിവിവരക്കണക്കുകൾ എന്റെ കൈവശമില്ല.

Sri. P. S. Nataraja Pillai: May I know whether he can give information from memory of any such incidents in 1949?

ശ്രീ. ടി. കെ. നാരായണപിള്ള: ക്ഷേത്രങ്ങളിൽ തീവയ്ക്കുന്ന പതിവ് ഇപ്പോൾ മാത്രമല്ല; കുറെ വർഷങ്ങൾക്കു മുമ്പുതന്നെ പല ക്ഷേത്രങ്ങളും അഗ്നിക്കു ഇരയായിട്ടുണ്ട്. ഉദാഹരണമായി ഹരിപ്പാട്ടുക്ഷേത്രവും ശ്രീ പത്മനാഭസ്വാമിക്ഷേത്രം എന്നിവ എടുക്കാം. ഈ കാര്യങ്ങൾ ഞാൻ പറയാതെതന്നെ മെമ്പർക്കും അറിവുള്ളതാണ്.

Sri. P. S. Nataraja Pillai: They were isolated incidents. I want to know whether incidents of such frequent nature occurred during the recent past 10 years?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിൽ കൂടുതൽ എനിക്കു് ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഒരു ക്ഷേത്രം നശിച്ചാൽ അത്രത്തോളം അന്ധവിശ്വാസം നശിക്കുമെന്നുള്ള മി. സി. കേശവന്റെ പത്രപ്രസ്താവന ഈ തീവയ്പുകാർക്കു് പ്രചോദനം നൽകുന്നില്ലേ?

Mr. Speaker: That is not a regular question, but a matter of inference drawn by the member.

ശ്രീ. ഇട്ടീര അമ്പുക്കൻ: സർ, അതു് അന്വേഷിച്ചറിയേണ്ട ഒരു സംഗതിയായതുകൊണ്ടാണു് അതു് അങ്ങനെ ചോദിച്ചതു്.

Mr. Speaker: That question, rather suggestion, needs no answer.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ഏതോ ചില ഭ്രാന്തന്മാരാണു് ഈ തീവയ്പു് നടത്തിട്ടുള്ളതു് എന്നു തെളിഞ്ഞിട്ടില്ലേ?

ഉത്തരമില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ: ഒരു ക്ഷേത്രം നശിച്ചാൽ അത്രത്തോളം അന്ധവിശ്വാസം നശിക്കുമെന്നു പറയുന്നതു് ഒരു ഭ്രാന്താണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഭ്രാന്താണോ അല്ലയോ എന്നു് മെമ്പർ തന്നെ ആലോചിക്കേണ്ടതാണു്.

ശബരിമലക്കേസന്വേഷണം

*൧൯. (൨൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശബരിമലക്കേസന്വേഷണഫലം അറിയിക്കണമെന്നു കാണിച്ചു് ദേവസ്വംബോർഡിൽനിന്നും ഒരു കത്തു കിട്ടിയിട്ടുണ്ടോ?

(ബി) ആ കത്തനുസരിച്ചു ശബരിമലകേസന്വേഷണഫലം ദേവസ്വം ബോർഡിനെ അറിയിച്ചിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ഉണ്ട്.

(ബി) ടി സംഗതികൾ ഇപ്പോഴും അന്വേഷണത്തിൽ ഇരിക്കുകയാണെന്നു അറിയിച്ചിട്ടുണ്ട്. അതുകൂടാതെ അന്വേഷണത്തിന്റെ ഫലമായി കിട്ടിയിട്ടുള്ള വിവരങ്ങൾ അപ്പോഴപ്പോൾ ധരിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഈവക സംഗതികളെപ്പറ്റിയുള്ള റിപ്പോർട്ടു രഹസ്യമാണ്.

ശ്രീ. ആർ. ശങ്കർ: ദേവസ്വം ബോർഡിനെ വിവരങ്ങൾ ധരിപ്പിച്ചിട്ടുണ്ടെന്നു ബഹു. മന്ത്രി ഒരു യോഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. ആർ. ശങ്കർ: അതു ഡിനൈ ചെയ്തുകൊണ്ട് ദേവസ്വം ബോർഡു പ്രസിഡണ്ട് ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതായി ഗവമ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

Sri. D. Gnanasigamoni: Is the report confidential?

Sri. T. K. Narayana Pillai: Yes, it is obsolutely so.

Sri. D. Gnaansigamoni: Then how was the report shown to the Devaswom President?

Sri. T. K. Narayana Pillai: Only certain portions of the contents of the report were communicated to the Devaswom President.

ശ്രീ. പി. എം. വർഗ്ഗീസ്: ഈ അന്വേഷണം പൂർത്തിയാകുന്നതിനു മുൻപു ക്രിസ്ത്യാനികളാണ് ശബരിമലക്ഷേത്രം തീവച്ചതെന്നുള്ള പ്രസ്താവനകൾക്കു വല്ല തെളിവും ഗവമ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. പി. കെ. ഡീവർ: ശബരിമല ക്ഷേത്രനാശത്തിനെപ്പറ്റിയുള്ള റിപ്പോർട്ടു രഹസ്യമാണെന്നു പറഞ്ഞു. എന്നാൽ അതിന്റെ കണ്ടെൻസു എല്ലാവരേയും പറഞ്ഞു മനസ്സിലാക്കിയിരിക്കുകയും ചെയ്യുന്നു. ബാക്കിയെന്താണു അതിൽ രഹസ്യമുള്ളത്.?

ശ്രീ. ടി. കെ. നാരായണപിള്ള: റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള വിശദവിവരങ്ങൾ രഹസ്യമാണെന്നേ ഞാൻ പറഞ്ഞുള്ളു.

സർവ്വീസു വിട്ടുപോകാനുള്ള കാരണം

*൨൦. (൨൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ശബരിമല സംഭവം സംബന്ധിച്ചു അന്വേഷണം നടത്തിക്കൊണ്ടിരുന്ന മി. കേശവമേനോൻ ഇവിടത്തെ സർവ്വീസു വിട്ടുപോകാൻ കാരണം എന്താണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): പ്രത്യേക കാരണങ്ങൾ ഒന്നുമില്ല. മദ്രാസിലേക്കു പോകേണമെന്നുള്ള ശ്രീ. കേശവമേനോന്റെ അപേക്ഷപ്രകാരം ഗവമ്മെന്റു അദ്ദേഹത്തെ പിരിച്ചുവിട്ടുവെന്നേയുള്ളു.

FOOD RATION CUT

*21. (23) **Sri. R. K. Ram:** Will the hon'ble Chief Minister be pleasad to state.—

(*a*) whether the Government accept the decision of the India Government for an overall food ration cut of 25 per cent;

(*b*) if so, whether the food position in the State warrants such cut;

(*c*) the ounces of ration given at present to each individual per day;

(*d*) of which the rice content of the ration?

Chief Minister (**Sri. T. K. Narayana Pillai**): (*a*) Yes.

(*b*) Yes.

(*c*) 9 oz.

(*d*) 7 oz. as before.

REPORT IN THE PRABODHINI REGARDING CERTAIN MINISTERS

*22. (24) **Sri. A Ramasubramonia Karayalar:** Will the hon'ble Chief Minister be pleased to state.—

(*a*) whether the Government have come to know about the scandalous report in the paper Prabodhini in respect of certain Minister in the issue of January 15, 1951; and

(*b*) what action has the Government taken against the paper?

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon]:** (*a*) Yes.

(*b*) Government have by a notified order prohibited the printing and publishing of the newspaper, ordered the forfeiture of the objectionable issue under Clause 'a' of sub-section (4) of Section 33 of the Public Safety Measures Act 1950.

Sri. A. Ramasubramonia Karayalar: May I know whether the particular copy has been forfeited.

Sri. Panampilli Govinda Menon: Yes.

ശ്രീ. എ. പി. ഉദയഭാനു: ഈ പത്രപ്രസ്താവനയെപ്പറ്റി വല്ല നടപടിയും എടുക്കാൻ ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ വല്ല നടപടികളും ആവശ്യമാണെങ്കിൽ എടുക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. ഡീവർ: പ്രബോധിനി പത്രം അച്ചടിച്ചു കൊടുത്ത പ്രസ്സുകാരുടെമേൽ എന്തെങ്കിലും നടപടിയെടുക്കാൻ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേണ്ടിവന്നാൽ അങ്ങനെയും ചെയ്യും.

ശ്രീ. പി. കെ. ഡീവർ: പബ്ലിഷിംഗ് നിരോധിക്കപ്പെട്ട എതെങ്കിലും പത്രം ഇതര നാമധേയത്തിൽ വീണ്ടും പുറത്തുവന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചിലപ്പോൾ അങ്ങനെ വന്നേക്കാം. അങ്ങനെ ചില പ്രസ്താവനകളും ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: നിരോധിക്കപ്പെട്ട പത്രങ്ങൾ ഇതര നാമത്തിൽ വീണ്ടും പുറത്തുവന്നപ്പോൾ അതു നിരോധിക്കപ്പെട്ടതാണെന്ന് എങ്ങനെ മനസ്സിലായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇങ്ങനെയൊരു പ്രസ്താവന ഉണ്ടായിരുന്നു എന്നു മാത്രമേ ഞാൻ പറഞ്ഞുള്ളു.

CREMATION GROUND AT SHENCOTTAH

*23. (25) **Sri. A. Ramasubramonia Karayalar:** Will the hon'ble Chief Minister be pleased to state.—

(*a*) whether the Government have received representations from the public of Shencotta in the matter of removing the cremation ground on the railway station road which is situated in the heart of the town; and

(*b*) what action the Government has taken so far?

Minister for Finance and Revenue (**Sri. A. J. John**): (*a*) No.

(*b*) Does not arise in view of answer to part (*a*).

ലോക്കപ്പുകളിൽ കിടന്നുമരിച്ചവർ

*൨൪. (൨൬) ശ്രീ. കണ്ണറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦ നവംബർ ൧൫-ാംനു-ക്കുശേഷം തിരുവിതാംകൂർ-കൊച്ചി ലോക്കപ്പുകളിൽ കിടന്നിരുന്നവരിൽ എത്രപേർ മരിച്ചിട്ടുണ്ട്;

(ബി) അവരിൽ എത്രപേർ ലോക്കപ്പുമർദ്ദനംമൂലം മരിച്ചതായി പരാതികളും റിപ്പോർട്ടുകളും കിട്ടിയിട്ടുണ്ട്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൪ പേർ.

(ബി) ൨ പേർ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കോഴഞ്ചേരി ലാക്കപ്പുമർദ്ദനംമൂലം ഒരാൾ മരിച്ചതായിട്ട് വല്ല പരാതിയും ഗവമെണ്ടിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ മുമ്പുപറഞ്ഞ രണ്ടുപേരുടെ മരണംമൂലം ഉള്ള പരാതികളെ കിട്ടിയിട്ടുള്ളു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മരിച്ചവരിൽ ഒരാൾ കോഴഞ്ചേരി ലാക്കപ്പിൽകിടന്ന മർദ്ദനത്തിന്റെ ഫലമായിട്ട് മരണമടഞ്ഞു എന്നുള്ളത് പരാതിമൂലം ഗവമെണ്ടിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. ടി. കെ. നാരായണപിള്ള: മരിച്ച ആൾ കോഴഞ്ചേരി ലാക്കപ്പിൽ തന്നോ അതോ മററുവല്ല സ്ഥലത്തുമാണോ കിടന്നു മരിച്ചതെന്നുള്ളതിനെപ്പററി കൂടുതൽ വിവരങ്ങളൊന്നും എന്റെ കൈവശമില്ല. വേണമെങ്കിൽ അന്വേഷിച്ച് പറയാം.

INTEGRATION OF SERVICES

*25. (27) **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether integration of services has been effected in any department; and

(*b*) if so, in what all departments?

Chief Minister **[Sri. T. K. Narayana Pillai]:** (*a*) No.

(*b*) Question does not arise.

Sri. A. M. Thomas: Is any officer in special charge of the work?

Sri. T. K. Narayana Pillai: Regarding the integration of the Secretariat personnel, an officer is put in charge.

ശ്രീ. എ. എം. തോമസ്: സർവ്വീസ് സംയോജനത്തിനുവേണ്ടി എത്രാമത്തെ ഉദ്യോഗസ്ഥനെയാണ് ഇപ്പോൾ നിയമിച്ചിട്ടുള്ളതെന്നു പറയാമോ? അദ്ദേഹത്തിന് ഈ ജോലിക്കു പുറമേ മററു വല്ല ജോലികളുംകൂടിയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സർവ്വീസ് സംയോജനത്തിനുവേണ്ടി അഡീഷനൽ ഫിനാൻഷ്യൽ സെക്രട്ടറിയെയാണ് നിയമിച്ചിരുന്നത്. എന്നാൽ അതിലേക്ക് ഇപ്പോൾ നിയമിച്ചിരിക്കുന്ന ആൾക്ക് ഈ ജോലിയും ഇതിനുപുറമെ മററു ജോലികളുംകൂടി നിർവ്വഹിക്കാനായിട്ടാണ് നിയമിച്ചിരിക്കുന്നത്.

ശ്രീ. സി. വി. ഇയ്യു: സർവ്വീസ് സംയോജനം അടുത്തുവരുന്ന പൊതുതെരഞ്ഞെടുപ്പിനുമുൻപ് നടത്താൻ വല്ല സാദ്ധ്യതയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാദ്ധ്യതയുണ്ടെന്നാണ് ഗവമെണ്ട് വിചാരിക്കുന്നത്.

ശ്രീ. സി. വി. ഇയ്യു: മുമ്പ് ഇതിനായി നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട് ക്യാബിനററ് തള്ളിക്കളഞ്ഞു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: തള്ളിക്കളഞ്ഞിട്ടില്ല. എന്നാൽ റിപ്പോർട്ടിൽ സ്വീകരിക്കാനുള്ളതു് സ്വീകരിച്ചിട്ടുണ്ടു്. അത്രയേയുള്ളു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതു് കഴിയുന്നതും വേഗത്തിൽ തീരുമാനിക്കുമെന്നു പ്രസ്താവന ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പ്രസ്താവന ഇന്നും നിലനില്ക്കുന്നുണ്ടു്.

ശ്രീ. സി. വി. ഇയ്യു: ആ പ്രത്യേക ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടു് തിരുവിതാംകൂർകാർക്കു് ഗുണകരമല്ലെന്ന കാരണത്താൽ തള്ളിക്കളഞ്ഞു എന്നറിയാമോ?

Mr. Speaker: That is not a question, but is an attempt to supply information coupled with an insinuation.

COMMUNIST PARTY

*26. (28) **Sri. A. M. Thomas:** Will the Hon'ble the Chief Minister be pleased to state: whether the Government intends to raise the ban on the Communist party?

Chief Minister **(Sri. T. K. Narayana Pillai):** Not at present.

ശ്രീ. എ. കെ. പാച്ചുപിള്ള: എല്ലാ പാർട്ടികൾക്കും അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ പങ്കുകൊള്ളുന്നതിനു് സന്ദർഭം കൊടുക്കുന്നതിനുവേണ്ടി അവയുടെ പേരിലുള്ള നിരോധനം പിൻവലിക്കാമോ?

Sri. T. K. Narayana Pillai: No.

ശ്രീ. എ. എം. തോമസ്: നിരോധനം ഉണ്ടായ കാലത്തെ പരിതസ്ഥിതി ഇപ്പോഴും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിരോധനം പുറപ്പെടുവിച്ച സമയത്തെ പരിതസ്ഥിതിയിൽനിന്നും വ്യത്യസ്തമായ ഒരു പരിതസ്ഥിതി ഇപ്പോഴും സംജാതമായിട്ടില്ലെന്നാണു് ഗവമെന്റിന്റെ വിശ്വാസം.

ശൂരനാട്ടു കേസ്സു്

*൨൭. (൨൯) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശൂരനാട്ടു് ഇൻസ്പെക്ടർ കൊലക്കേസിൽ എത്ര പ്രതികളാണുള്ളതു്;

(ബി) അതിൽ എത്രപേരെ ഇതിനകം അറസ്റ്റുചെയ്തിട്ടുണ്ടു്;

(സി) അറസ്റ്റു ചെയ്യപ്പെട്ടവരിൽ ഇതിനകം എത്രപേർ മൃതിയടഞ്ഞിട്ടുണ്ടു്;

(ഡി) ബാക്കിയുള്ളവരിൽ എത്രപേർ ഇപ്പോൾ രോഗബാധിതരായുണ്ടു്?

ചീഫ്മിനിസ്റ്റർ (ശ്രീ ടി. കെ. നാരായണപിള്ള):

(എ) ൨൬.
(ബി) ൧൫.
(സി) ൩.
(ഡി) ൩.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: അറസ്റ്റചെയ്യപ്പെട്ടവരിൽ പതിനഞ്ചുപേരും മരിക്കുന്നതിന് ഇനി എത്രകാലം വേണം?

Mr. Speaker: Question is disallowed.

DETENUES IN CENTRAL JAIL

*28. [32] ‡**Sri. K W. Muralidhara Marar :** Will the Hon'ble the Chief Minister be pleased to state :

(*a*) whether the detenues have started a hunger strike in the Central Jail, Trivandrum;

(*b*) what are their demands ;

(*c*) will the Government be pleased to appoint a committee to enquire into their grievances;

(*d*) how many have been released in the last year (1949—50) ?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) No.

(*b*) The demand is that the Security Prisoners order 1950 passed under the Preventive Detention Act 1950 should not be enforced and that if they are to be enforced certain modifications may be made to one or two provisions in the Security Prisoners Order 1950.

(*c*) As the detenues have not gone on hunger-strike and as the demands put forward by them are under active consideration of Government there is no necessity to appoint a Committee.

(*d*) Nine.

PENSIONS

*29. [33] **Sri. Muralidhara Marar :** Will the Hon'ble Minister for Finance and Revenue be pleased to state whether it is a fact that there is undue delay in granting pensions and provident funds to the pensioners ?

Minister for Finance and Revenue **(Sri. A. J. John):**

Government have come across certain cases of delay in the matter of settling pension claims of retired officers. They have taken measures to prevent such delays in future.

In regard to Provident Fund also, there is some delay incidental to the verification of the liabilities of the retired officers. As soon as the necessary certificates of non-liability etc. are issued the Provident Fund Account is closed and the amount standing to the credit of the subscriber is disbursed to him.

ADMINISTRATION OF THE STATE

*30. [34] **Sri. N.V. Chacko :** Will the Hon'ble the Chief Minister be pleased to state :

(*a*) Has it come to the notice of Government that there is a widespread general discontent against the present administration of the Travancore-Cochin State ; and

(*b*) if so, whether the Government are aware of the causes and grounds of such discontent?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) That is a matter of opinion.

(*b*) Does not arise.

---

‡The question was put by Sri. A. P. Nambiar.

GOVERNMENT EMPLOYEES

*31. (35) **Sri. N. V. Chacko:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether there are complaints among the employees of the Government that unfair preference is shown to erstwhile Cochinites over Travancoreans or to the erstwhile Travancoreans over Cochinites; and

(*b*) whether the Government have studied the question to find out to what extent there is justification for such complaints and feelings;

Chief Minister **(Sri T. K. Narayana Pillai):**

(*a & b*) No such complaints have been brought to the notice of Government.

ശ്രീ. സി. വി. ഇയ്യു: സർ, പലപ്പോഴും തിരുവിതാംകൂർ വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉടൻതന്നെ fill up ചെയ്യുന്നതായിട്ടും കൊച്ചി വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്താതിരിക്കുകയും ചെയ്യുന്നതായിട്ടറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാൻപാടില്ല.

ശ്രീ. സി. വി. ഇയ്യു: അങ്ങനെ പത്രപ്രസ്താവനകളും മററും ഉള്ളതായിട്ടറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

SABARIMALA TEMPLE DESTRUCTION

*32. (36) **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Special Police Officer deputed to enquire into the Sabarimala temple destruction has submitted his final report;

(*b*) if so whether the same has been accepted;

(*c*) whether it is a fact that a special police party is still engaged in the same enquiry;

(*d*) if so the reason for ordering a second enquiry; and

(*e*) the number of temples and churches destroyed in the State, since after the Sabarimala incident?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) He has submitted a report.

(*b*) It is not quite clear what is meant by accepting a report, when the investigation is proceeding.

(*c*) Yes.

(*d*) It is not a second enquiry. It is only a continuation of the enquiry conducted by the Special officer and party.

(*e*) Temples 34 and Churches 8

ശ്രീ. പാൾ തളിയത്ത്: ആദ്യം നിശ്ചയിച്ച ഉദ്യോഗസ്ഥന്റെ അന്വേഷണം പൂർത്തിയായിട്ടില്ലായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലായിരുന്നു. അതുകൊണ്ടാണ് പിന്നീടും അതിന് ആളെ നിയമിച്ചത്.

ശ്രീ. പാൾ തളിയത്ത്: പിന്നെ എന്തുകൊണ്ടാണ് അദ്ദേഹം സർവ്വീസിൽ നിന്നു പിരിഞ്ഞുപോയത്?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹം മദ്രാസ് ഗവർമ്മെണ്ട് സർവ്വീസിൽ തിരിയെ ചേരണമെന്നു ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹത്തെ അതിനനുവദിച്ചു.

ശ്രീ. പാറം തളിയത്ത്: ഈ പ്രത്യേക കാര്യത്തിന് നിശ്ചയിച്ച ഉദ്യോഗസ്ഥനെ ആ കാര്യം തീരുന്നതിനുമുമ്പ് പിരിച്ചുവിടാൻ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അദ്ദേഹത്തെ ഇവിടെനിന്നും പിരിച്ചയച്ചതല്ല. അദ്ദേഹം അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചു; റിപ്പോർട്ടിൽതന്നെ ഈ കേസിനെക്കുറിച്ച് മേലിൽ കൂടുതൽ ഗുണകരമായ അറിവുകളൊന്നും ലഭിക്കുവാൻ ഇടയില്ലെന്നു പറയുന്നുണ്ട്, അതിനാൽ തിരിയെ മദ്രാസ് സർവ്വീസിൽ ചേരണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു, അതനുസരിച്ചു അതിനനുവദിച്ചു.

ശ്രീ. പാറം തളിയത്ത്: അങ്ങനെയാണെങ്കിൽ പിന്നെയും പോലീസ് എൻക്വയറി നടത്തേണ്ടതിന്റെ ആവശ്യമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: കുററക്കാരെ കണ്ടുപിടിക്കണമെന്നു ഗവർമ്മെണ്ടിനു നിർബന്ധമുള്ളതുകൊണ്ടാണ്.

ശ്രീ. സി. വി. ഇയ്യു: അദ്ദേഹത്തിന്റെ റിപ്പോർട്ടു ഗവർമ്മെണ്ട് സ്വീകരിക്കാത്തതുകൊണ്ടാണ് അദ്ദേഹം പോയതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അത് അടിസ്ഥാനരഹിതവും ദുരുദ്ദേശപരവുമാണ്.

ശ്രീ. കെ. എൻ ശങ്കുണ്ണിപ്പിള്ള: അദ്ദേഹം ഇതിനാവശ്യപ്പെട്ട സൗകര്യങ്ങൾ ഗവർമ്മെണ്ടിൽനിന്നും നൽകിയിട്ടുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവർമ്മെണ്ട് എല്ലാ സൗജന്യങ്ങളും സൗകര്യങ്ങളും അദ്ദേഹത്തിനു നൽകിയിട്ടുണ്ടായിരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ റിപ്പോർട്ടിലെ contents എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും സാധിക്കുകയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ കേസ് തെളിയിക്കേണ്ടതിന്റെ ചുമതല ആർക്കാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പോലീസ് ഡിപ്പാർട്ടുമെണ്ടിന്റേയും ഗവർമ്മെണ്ടിന്റേയും ചുമതലയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോഴും എൻക്വയറി നടന്നുകൊണ്ടിരിക്കുകയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. ആർ. ശങ്കർ: ഈ അന്വേഷണത്തിൽ പോലീസ് ഡിപ്പാർട്ടുമെണ്ടിനു വല്ല കയ്യും ഉണ്ടായിരുന്നോ?

ശ്രീ ടി. കെ നാരായണപിള്ള: ആദ്യം ഉണ്ടായിരുന്നു. പിന്നെ അങ്ങനെ ഇടപെടാൻ പാടില്ലെന്നു ഗവർമ്മെണ്ടിൽനിന്നും നിർദ്ദേശം നല്കി.

ശ്രീ. ആർ ശങ്കർ: പോലീസ് ഡിപ്പാർട്ടുമെണ്ട് ഇതിൽ കൈകടത്തരുതെന്ന് ആ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തായാലും അദ്ദേഹം ആവശ്യപ്പെട്ട സകലസൗകര്യങ്ങളും നല്കിയിട്ടുണ്ടായിരുന്നു.

ശ്രീ. പാൾ തളിയത്ത്: ഇപ്പോൾ എൻക്വയറി നടത്തുന്ന ഉദ്യോഗസ്ഥൻ ഇത്രകാലത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നോ മറേറാ നിർദ്ദേശം ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. വളരെ വേഗത്തിൽ വേണമെന്നാണ് നിർദ്ദേശം.

ശ്രീ. പാൾ തളിയത്ത്: അങ്ങനെ നിർദ്ദേശം നല്കിയിട്ട് എത്ര കാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: മിസ്റ്റർ കേശവമേനോൻ പോയ ഉടൻ തന്നെ അങ്ങനെ കൊടുത്തിട്ടുണ്ട്.

ശ്രീ. പാൾ തളിയത്ത്: എത്രമാസമായി?

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നുമാസത്തോളം ആയി എന്നാണ് തോന്നുന്നു.

SECTION 371 OF THE CONSTITUTION OF INDIA

*33. (37) **Sri. Paul Thaliath :** Will the Hon'ble the Chief Minister be pleased to state :

(*a*) whether a reply has been received to the representation to the President of the Indian Republic requesting him to exempt this State from the provision of section 371 of the constitution of India ;

(*b*) if so, the nature of the reply ; and

(*c*) if not the date of such request ?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) Having regard to the shortness of the period during which the Constitution has been in operation, the time has not yet come to take up for consideration the question of exempting any State from the operation of Art. 371.

(c) Does not arise in view of answer to part (*a*) above.

DAILY ALLOWANCE

*34. (38)‡ **Sri. A. M. Thomas :** Will the Hon'ble Minister for Finance be pleased to state :

(*a*) the rate of the daily allowance given to members of the Legislature and nonmembers respectively, who are serving on the Committees constituted by the Government ;

(*b*) the rate of the daily allowance given to the Presidents of the Land, Cottage Industries, and Delimitation Committees respectively; and

(*c*) whether any protest or complaints have been received from any quarter regarding the differential treatment between members of the Legislature and non-members ?

Sri. A. M. Thomas : Sir, I have not sent such a question.

Mr. Speaker : Is it a clerical mistake ?

Secretary : Yes, Sir.

Sri. C. V. Iyyu : The member says that he has not sent such a question and a question of this type has appeared in the name of the member. Will the Hon'ble Speaker enquire into this ?

Mr. Speaker : Yes.

Sri. Paul Thaliath : I have sent a question like this.

Mr. Speaker : I take it that the question sent by Sri Paul Thaliath appears under the name of Sri. A. M. Thomas. It is mistaken entry. I think there is no objection to Sri. Thaliath putting the question.

‡ The question was put by Sri. Paul Thaliath.

Minister for Finance and Revenue **(Sri. A. J. John) :**

(*a*) The rates to the various members are the following :

(1) *M. L. A. members.* At M. L. A. rates, i.e. 8 annas mileage, double 1st class railway fare and Rs. 15 D.A.

(2) *Official members.* At rates ordinarily admissible under the rules.

(3) *Retired Official members.* At the rates they were eligible for immediately before retirement.

(4) *Other members.* At rates to be fixed by Government, generally not exceeding 1st class officer's rates.

(*b*) The Presidents of the 3 committees are given D. A. at the rate of Rs. 6/- i.e. at 1st class officer's rate of D. A.

(*c*) Dr. P. J. Thomas, President. Cottage Industries Committee had represented that such discrimination between the rates of D. A. to the President and to the M. L. A, members is not equitable.

ശ്രീ. പാറം തളിയത്ത്: ഇങ്ങനെ ഉള്ള വ്യത്യാസം അനൗദ്യോഗസ്ഥന്മാക്കും നിയമസഭാമെമ്പറന്മാക്കും ഉണ്ടായിരിക്കുന്നതു് ശരിയാണോ?

ശ്രീ. എ. ജെ. ജോൺ: അതാണു് ഇപ്പോഴത്തെ റൂൾ.

ശ്രീ. പാറം തളിയത്ത്: ഈ നിലയിൽ, അതായതു് എല്ലാം ഒരേ രീതിയിൽ ആക്കുന്നതിനു് തടസ്സം വല്ലതും ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: പണച്ചെലവു് വളരെ കൂടും. അല്ലാതെ മററു തടസ്സങ്ങൾ ഒന്നുമില്ല,

ശ്രീ. സി. വി. ഇസ്സു: മുമ്പത്തെ കൊച്ചിഗവൺമെണ്ടിൽ ഇതുമാതിരി ഉള്ള വ്യത്യാസം ഉണ്ടായിരുന്നില്ലെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇസ്സു: അതിനെക്കുറിച്ചു് അന്വേഷിക്കാമോ?

Mr. Speaker: A discussion is being developed from the question which is not allowed.

ശ്രീ. പി. കെ. ഡീവർ: ഇങ്ങനെ ഉണ്ടായിരുന്നതിൽ ഡാക്ടർ പി. ജെ തോമസു് പ്രൊട്ടസ്റ്റു് ചെയ്തതുകൊണ്ടു് അദ്ദേഹത്തിന്റെ ദിനബത്ത ഉയർത്തി എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. എ. ജെ. ജോൺ: അതുകൊണ്ടു് ഉയർത്തി എന്നു പറയുന്നതു് ശരിയല്ല.

പുഞ്ചക്കൃഷി

*നം ൫. (നം ൯) ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുഞ്ചകൃഷിയുടെ രക്ഷയ്ക്കു് ഓരുവെള്ളം തടയുന്നതിനു വേമ്പനാട്ടു കായലിൽ മുട്ടുറപ്പിക്കുവാൻ ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മുട്ടിനു വടക്കുള്ള നിലങ്ങളിൽ ഓരുവെള്ളം കയറി കൃഷിക്കു നഷ്ടം നേരിടുവാൻ ഇടവരുമോ എന്നുള്ള കാര്യം ഗവമ്മെണ്ടിന്റെ ആലോചനക്കു വിഷയമായിട്ടുണ്ടോ;

(സി) ഈ പദ്ധതി വേമ്പനാട്ടുകായലിലെ മത്സ്യവിഭവത്തിനു ഹാനികരമായിരിക്കുമെന്നു് ഒരു പരാതി ഗവമ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി
(ശ്രീ. ഈ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ എല്ലാവശങ്ങളെക്കുറിച്ചും ഗവണ്മെണ്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അങ്ങനെ ഒരു പരാതിയുണ്ട്.

ശ്രീ. വി. മാധവൻ: ഈ പരാതിയിൽ പറയുന്നകാര്യം ശരിയാണോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഈ. ജോൺ ഫിലിപ്പോസ്: പദ്ധതിയുടെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഇതും ഉൾപ്പെടും.

പബ്ലിക്ക സർവ്വീസ് നിയമനം

*൩൬ (൪൦) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജൂൺ ൧൨, ൧൩, ൧൪ എന്നീ തീയതികളിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എറണാകുളം മഹാരാജാസ് കാളേജിൽവച്ചു കൊച്ചി ഗവണ്മെണ്ട് സർവ്വീസ്സിലുള്ള ഉദ്യോഗാർത്ഥികളുമായി നടത്തിയ അഭിമുഖസംഭാഷണത്തിനുശേഷം അവരിൽ എത്ര പേരെയാണ് തിരുവിതാംകൂർ ഡിവിഷനിലെ പ്രൈമറി സ്കൂളുകളിൽ നിയമിച്ചിട്ടുള്ളത്;

(ബി) അവർക്കു കൊച്ചി ഡിവിഷനിൽ കിട്ടിക്കൊണ്ടിരുന്ന ശമ്പളം കിട്ടുന്നുണ്ടോ;

(സി) ഈ നിയമനങ്ങൾക്കുശേഷം അവരേക്കാൾ ജൂനിയറായിട്ടുള്ള എത്രപേരെ കൊച്ചിഡിവിഷനിൽ ൩൦—൪൦ ശമ്പളസ്കെയിലിൽ നിയമിച്ചിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എറണാകുളം മഹാരാജാസ് കാളേജിൽവച്ചു ൧൯൫൦ ജൂൺ ൧൨, ൧൩, ൧൪ ഈ തീയതികളിൽ, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ കൊച്ചി സർവ്വീസിലുള്ള ഉദ്യോഗാർത്ഥികളുമായി അഭിമുഖസംഭാഷണം നടത്തിയിട്ടില്ല.

(ബിയും സിയും) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: മറ്റേതെങ്കിലും തീയതികളിൽ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു പറയാം.

ശ്രീ. സി. വി. ഇയ്യു: ജൂണിൽ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു പറയാം.

WRITTEN ANSWERS

Acquisition Proceedings

*37. [43] **Sri. K. A. Mathew:** Will the Hon'ble Minister for Finance and Revenue be pleased to state:

(*a*) whether the Government acquired the property of the Y.M.C.A. Ernakulam for opening the Law College Hostel at Ernakulam;

(*b*) the date on which it was acquired;

(*c*) whether the Collector of the District passed any award of compensation, to be paid to the Y. M. C. A. authorities;

(*d*) if so. the amount,
(*e*) whether the amount was paid;
(*f*) the reason for the delay in effecting the payment?

Minister for Education Labour and Civil Supplies
(Sri. Panampilli Govinda Menon):

(*a*) Government have taken possession of the Y. M. C. A. building and premises with the consent of the party. Acquisition Proceedings are in progress.

(*b*) 1—7—50. (The date of taking possession).

(*c*) The award has not been finalised.

(*d*) & (*e*) Does not arise.

(*f*) There has been no avoidable delay. The objections of the Y.M.C.A. authorities in regard to the amount of compensation had to be heard, and the question had to be further examined in consultation with the Y.M.C.A. authorities. The terms now offered by them are being examined by Government.

SERVICES INTEGRATION

***38.** (47) **Sri. E. P. Poulose:** Will the Hon'ble Chief Minister be pleased to state:

(*a*) whether the services integration has been completed and questions of seniority, promotion etc., as between officers of the former Cochin and Travancore States been decided;

(*b*) if not, why the services integi ation is being delayed?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) In view of the complicated nature of the problem some delay is inevitable.

<u>റൈസ് മിൽസ്</u>

*൩൯. (൪൭) <u>ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ</u>: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൦ ഡിസംബർ ൩൦-ാംനു കൂടിയ തൃശ്ശൂർ ഫുഡ് അഡൈ്വസറി കമ്മിററിയിൽനിന്നു ഇപ്പോൾ കൊച്ചിയിൽ കമ്പനിക്കാർ കുത്തിയുണ്ടാക്കുന്ന അരി തൃപ്തികരമല്ലെന്നും അരിയുടെ സർവ്വ പോഷകാംശങ്ങളും നശിപ്പിച്ചിട്ടാണ് ഉണ്ടാക്കുന്നതെന്നും അതുകൊണ്ടു ഇവിടെയുള്ള കുറച്ചുകമ്പനികൾ ഗവമ്മെണ്ടു ഏറെറടുത്തു നടത്തി നല്ലതായ അരി ഉപഭോക്താക്കൾക്കു വിതരണം ചെയ്യുവാനായി വല്ല പ്രമേയവും കിട്ടിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (<u>ശ്രീ. ടി. കെ. നാരായണപിള്ള</u>): കമ്പനിക്കാർ കുത്തുന്ന അരിയെപ്പററി ആക്ഷേപങ്ങൾ കിട്ടിയിരുന്നു. അവ പരിഹരിപ്പാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. മില്ലുകൾ ഗവമ്മെണ്ടു ഏറെറടുത്തു നടത്തുക എന്നതു പ്രായോഗികമല്ല.

<u>സർവ്വീസ് സംയോജനം</u>

*൪൦. (൫൦) <u>ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സർവ്വീസ് സംയോജനം ഏതെല്ലാം ഡിപ്പാർട്ടുമെണ്ടിൽ നടപ്പാക്കി;

(ബി) ഇനിയും നടപ്പാക്കാതെ കിടക്കുന്ന ഡിപ്പാർട്ടുമെണ്ടുകൾ എന്നത്തേക്ക് സംയോജിപ്പിക്കും;

(സി) സംയോജനം സംബന്ധിച്ച ജീവനക്കാരുടെ പരാതികൾ പരിഗണിച്ചശേഷമേ അവ നടപ്പാക്കിയിട്ടുള്ളോ;

(ഡി) സംയോജനത്തിനാവശ്യമായി തയ്യാറാക്കിച്ച ഗ്രഡേഷൻ ലിസ്റ്റിൽ പിശകുകൾ ഉണ്ടെന്ന പരാതി ഉണ്ടായിട്ടുണ്ടോ; അവ പരിശോധിച്ചു ചർച്ച് ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) സർവീസ് സംയോജനം നടപ്പിൽ വരുത്തി കഴിഞ്ഞിട്ടില്ല.

(ബി) അധികം താമസിക്കാതെ.

(സി) ഉദിക്കുന്നില്ല.

(ഡി) ഗ്രഡേഷൻ ലിസ്റ്റിൽ പിശകുകൾ ഉണ്ടെങ്കിൽ അവ പബ്ലിക്ക സർവീസ് കമ്മീഷൻ അന്വേഷിച്ചു വേണ്ടതു ചെയ്തശേഷമേ അവ നടപ്പിൽ വരുത്തുകയുള്ളു.

കമ്മ്യൂണിസ്റ്റുകാർ

* ൪ ൧. (൭൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഇപ്പോൾ എത്ര കമ്മ്യൂണിസ്റ്റുകാരെ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) അവരെ മോചിപ്പിക്കുന്നതിന് വല്ല ആലോചനയും ഉണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨൧.

(ബി) ഇല്ല.

കുടുംബ അലവൻസ്

* ൪ ൨. (൭൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി നല്കുമോ.—

(എ) ജയിലിൽ താമസിപ്പിച്ചിരിക്കുന്ന ആക്കെങ്കിലും കുടുംബ അലവൻസ് കൊടുക്കുന്നുണ്ടോ;

(ബി) കൊടുക്കുന്നുണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്താണ്;

(സി) ആ ഇനത്തിൽ ഒരു കൊല്ലത്തിൽ ഗവമെണ്ടിന് എന്തു ചെലവു വരുന്നുണ്ട്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) തടവിലാക്കപ്പെട്ടവരുടെ കുടുംബസ്ഥിതിയും ആശ്രിതരുടെ ആവശ്യകതയും മറമാണ്.

(സി) ക. ൪൨ ൦.

ഡിസ്പെൻസറി

* ൪൩. (൭ ൪) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് ഗവമെണ്ട് ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് കിട്ടിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം ഇനിയും അനുവദിക്കാനുണ്ട്;

(ബി) കുന്നത്തുനാട്ട താലൂക്ക കോതകുളങ്ങര പകുതി തുറവൂർ എന്ന സ്ഥലത്തുനിന്നും ഒരു ഡിസ്പൻസറി സ്ഥാപിച്ചു കിട്ടുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) അതിനു എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൪൬ അപേക്ഷകളെക്കുറിച്ച് ഇനിയും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. അതിൽ എത്രയെണ്ണം അനുവദിക്കപ്പെട്ടുമെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(ബി) ഉണ്ട്.

(സി) കാലടി ഡിസ്പൻസറി അങ്കമാലിയിലേക്ക് മാററുവാനുള്ള ഒരാലോചനയുണ്ട്. ഇപ്രകാരം ചെയ്യുകയാണെങ്കിൽ അങ്കമാലിക്കടുത്തുള്ള തുറവൂർ ഒരു ഡിസ്പൻസറിയുടെ ആവശ്യമുണ്ടാകില്ല. ഇതിനെക്കുറിച്ച് ഗവമെണ്ട് ആലോചിക്കുകയാണ്.

ഡെററന്യൂ തടവുകാർ

*൪൪ (൫൭) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തു ഇപ്പോൾ എത്ര ഡെററന്യൂ തടവുകാരുണ്ടെന്നും, അവർക്കു മററു തടവുകാരെ അപേക്ഷിച്ചു എന്തെല്ലാം കൂടുതൽ സൌജന്യങ്ങൾ നൽകുന്നു എന്നും പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇപ്പോൾ ൨൭ ഡെററന്യൂ തടവുകാരുണ്ട്. അവർക്ക് Security Prisoner's Order അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

പുന്നപ്ര വയലാർ കേസ്സ്

*൪൫. (൫൮) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

പുന്നപ്ര വയലാർ കേസുകളിൽ അവസാന തീരുമാനം ചെയ്യാത്ത എത്ര കേസുകളുണ്ടെന്നും കേസുകൾ ഇപ്രകാരം നീണ്ട് കൊണ്ടുപോകുവാനുള്ള കാരണം എന്താണെന്നും പറയുമോ?

ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണ പിള്ള: രണ്ടു കേസുകൾ—ക്രൈം നമ്പർ ൪൯/൨, ആലപ്പുഴ സൌത്ത് പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ ൨൪/൨൨, ചേർത്തല പോലീസ് സ്റ്റേഷൻ)—ഒളിവിലിരുന്ന പ്രതികളെ ഈയിടെ അറസ്റ്റ് ചെയ്തിട്ടുള്ളൂ. അവരുടെ പേരിൽ സപ്ലിമെൻററി ചാർജ്ജുകൾ ചുമത്തി കേസ്സുകൾ വിചാരണയിൽ ഇരിക്കുന്നു.

JUDGES OF THE HIGH COURT

*46. (59) **Sri. Eapen Arackel:** Will the Hon'ble Chief Minister be pleased to state:

(*a*) is it true that correspondence is going on or has been going on between the Central Government and this Government with respect to the question of the removal of any Judge or Judges of the High Court.

(*b*) if so, will the Government be pleased to state the name or names of such Judge or Judges;

(*c*) have representations been made to the India Government complaining against the removal of any judge or Judges of our High Court;

(*d*) if answer to (c) is in the affirmative who all have complained to the Central Government;

(*e*) have any order, directions or instructions been issued to our Government by the India Government in this connection; if so, will the Government be pleased to state what the instructions are?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) (*c*) (*d*) Do not arise.

(*e*) No.

ASSISTANT SECRETARIES

***47.** (60) **Sri. Eapen Arackel:** Will the Hon'ble Chief Minister be pleased to state:

(*a*) whether any Assistant Secretary or Secretaries have been transferred from the Secretariat to any other department;

(*b*) to what department or section have these Assistant Secretaries been thus transferred;

(c) will the Government be pleased to state the names of Assistant Secretaries thus transferred;

(*d*) how long have these Secretaries been serving in the Secretariat section;

(*e*) on what grounds were these transfers effected and who have been posted in the places occupied by these Assistant Secretaries;

(*f*) how long have these new incumbents been serving in the Secretariat?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) They are notified in the Gazette as and when Government issue orders.

(c) The hon'ble Member is referred to the Gazette.

(*d*) If the hon'ble Member will specify the persons about whom information is required, it can be furnished after due notice.

(*e*) It is not in the public interest to publish information regarding grounds for transfer. The postings are notified in the Gazette.

(f) If the hon'ble Member will specify the persons about whom information is required, it can be furnished after due notice.

KAVANA LIFT IRRIGATION

***48.** (61) **Sri.N. P. Varghis:** Will the Hon'ble Chief Minister be pleased to state:

(*a*) whether Government are in receipt of representations from the people of Kavana in Muvattupuzha Taluk for opening a lift irrigation scheme for irrigating 300 acres of paddy lands;

(*b*) whether the people have offered to supply their own pumping sets and construct channels if Government is unwilling to spend money on that;

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes. But the area that would be benefited is only 90 acres and the paddy lands are lying scattered in narrow strips.

(*b*) Yes. The proposal is under active consideration.

DAM IN THE KOTHAMANGALAM RIVER

***49.** (62) **Sri. N. P. Varghis:** Will the Hon'ble Chief Minister be pleased to state:

(*a*) whether the scheme to dam the Kothamangalam river at Mullaningad has been taken up by Government;

(*b*) whether the estimate for the same has been prepared and sanctioned?

(*c*) what is the area estimated to be benefited by the scheme?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) An estimate has been prepared by the Public Works Department; but it has not been sanctioned.

(*c*) 452 acres.

RELATIONS BETWEEN DIFFERENT COMMUNITIES

***50.** (63) **Sri. P. M. Varghese:** Will the Hon'ble the Chief Minister be pleased to state:

(*a*) whether it is a fact that the cordial relations that existed among different communities in the State in former days are now giving place to bitter feelings of hatred against one another; and

(*b*) if the answer is in the affirmative, whether the Government have cared to look into the causes for the present tense situation?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) There have been attempts to bring about misunderstanding between communities.

(*b*) The speeches made by some individuals and the writings in some newspapers, weeklies and periodicals have helped to create such misunderstandings.

BOARD OF REVENUE

***51.** (64) **Sri. P. M. Varghese:** Will the Hon'ble Minister for Revenue be pleased to state:

(*a*) whether the Government intend re-constituting the Board of Revenue with the addition of the Civil Supplies Commissioner also, as a member on it;

(*b*) whether they are aware of the disadvantages due to the present arrangement; and

(*c*) if the Revenue Officers are under any obligation to carry out orders from the Civil Supplies Commissioner under the existing order?

Minister for Finance and Revenue **(Sri. A. J. John):**

(*a*) No.

(*b*) No.

(*c*) The Civil Supplies Commissioner is not expected to issue any orders to the revenue officers.

സർവ്വീസ് സംയോജനം

*൫൨. (൬൫) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ —

(എ) സർവ്വീസ് സംയോജനം പൂർത്തിയായോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) എത്ര കാലമായി സർവ്വീസ് സംയോജിപ്പിക്കുവാനുള്ള ആലോചനകൾ തുടങ്ങിയിട്ട്;

(സി) ഗവണ്മെണ്ട് ഇക്കാര്യത്തിൽ നിശ്ചിതമായ ഒരു തത്വം സ്വീകരിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല. പല പ്രശ്നങ്ങളെയും പര്യാലോചിക്കേണ്ടിയിരിക്കയാൽ സർവ്വീസ് സംയോജനം നടപ്പിൽ വരുത്താൻ കാലതാമസം നേരിടുന്നുണ്ട്.

(ബി) കൊച്ചിയും തിരുവിതാംകൂറും സംയോജിപ്പിച്ചു കഴിഞ്ഞതു മുതൽ ഇതിനെപ്പറ്റി പര്യാലോചിക്കുകയാണ്.

(സി) ചില തത്വങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ജുഡീഷ്യറി സംയോജനം

൫൩. (൯൩) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ജുഡീഷ്യറി സംയോജനം താമസിച്ചതു എന്തുകൊണ്ടാണ്;

(ബി) പ്രസ്തുത സംയോജനം എപ്പോൾ നടക്കുമെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) താമസിപ്പിച്ചതല്ല, വേണ്ട പ്രാരംഭനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) താമസിയാതെ നടക്കുമെന്നു പ്രതീക്ഷിക്കാം.

നെല്ലെടുപ്പ്.

*൫൪. (൯൧) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ കൊച്ചിവിഭാഗത്തിൽനിന്നും എടുത്ത നെല്ലെത്ര; തിരുവിതാംകൂർ വിഭാഗത്തുനിന്നും എടുത്ത നെല്ലെത്ര;

(ബി) തിരു-കൊച്ചി സംസ്ഥാനത്തു് ഏതെല്ലാം സ്ഥാപനങ്ങൾക്ക് നെല്ല് അനുവദിക്കുന്നുണ്ട്; എത്ര വീതം?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൦-ൽ കൊച്ചിയിൽനിന്നും ൫൯,൩൯,൯൦൦ പറയും, തിരുവിതാംകൂറിൽനിന്നും ൧൫,൦൫,൧൩൭ പറയും നെല്ലുവീതം എടുത്തു.

(ബി) ദേവസ്വങ്ങൾ, മുസ്ലിംദേവാലയങ്ങൾ, കോളേജ് ഹോസ്റ്റലുകൾ, ഫാക്ടറികൾ, ആശുപത്രികൾ, അനാഥമന്ദിരങ്ങൾ മുതലായ സ്ഥാപനങ്ങൾക്ക് നെല്ല് അനുവദിക്കാറുണ്ട്.

ക്ഷേത്രദഹനം

*൫൫. (൯൭) ശ്രീ. കൃഷ്ണനച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രദഹനം അന്വേഷണത്തിന് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്ന ശ്രീ. കേശവമേനോൻ അന്വേഷണത്തിനുശേഷം ഗവമ്മെണ്ടിലേക്ക് വല്ല റിപ്പോർട്ടുകളും സമപ്പിച്ചിരുന്നോ;

(ബി) സമപ്പിച്ചിട്ടുണ്ടെങ്കിൽ സമപ്പിച്ചതു് എന്നായിരുന്നു; റിപ്പോർട്ടു പ്രസിദ്ധംചെയ്യാതിരുന്നതിനു പ്രത്യേകം വല്ല കാരണവും ഉണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉവ്വ്.

(ബി) ൩—൧൧—൫൦-ൽ അന്വേഷണം പൂത്തിയായിട്ടില്ലാത്തതുകൊണ്ടും ഇന്നും അന്വേഷണത്തിൽ ഇരിക്കുന്ന ഒരു കേസിനെപ്പററിയുള്ള ഏതെങ്കിലും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു് അന്വേഷണം പൂത്തിയാക്കുന്നതിനെത്തന്നെ വിഘാതപ്പെടുത്തുമെന്നുള്ളതുകൊണ്ടും.

വളം.

*൫൩. (൩൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

എത്ര ടൺ വളം ചിങ്ങവനത്തു കൊണ്ടുപോയി ഇന്നുവരെ ഗവമെന്റു മിക്സ് ചെയ്യിച്ചു പുറത്തുവിട്ടിട്ടുണ്ടെന്നും ടൺ ഒന്നിനു എന്തു റേറ്റിൽ ആണു മിക്സ് ചെയ്യിച്ചതെന്നും, ആ ഇനത്തിൽ എത്ര രൂപ ഗവമെന്റിനു ചിലവു വന്നിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള)

൭൬—൭—൭൯ ൧൭-വരെ ചിങ്ങവനത്തുനിന്നും ൭ ൭,൬൭,൦൭൪. വളം മിക്സ് ചെയ്യിപ്പിച്ചിട്ടുണ്ട്. ടൺ ഒന്നിനു ൭൪ രൂപാ ൭൪ അണ നിരക്കിൽ ആണ് മിക്സ് ചെയ്യിപ്പിച്ചതു്. ൭,൩൨,൨൪ ൧—൩—൩ രൂപാ ഇതിലേക്ക് ആകെ ചിലവുവന്നിട്ടുണ്ട്.

കരിംചന്ത.

*൫൧. (൧൦) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രിവൻറീവ് ഡിററൻഷൻ ആക്ടനുസരിച്ചു ഈ സംസ്ഥാനത്തു എത്ര കരിഞ്ചന്തക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ജാമ്യത്തിൽവിട്ടു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൭൬.

(ബി) പ്രിവൻറീവ് ഡിററൻഷൻ ആക്ട് പ്രകാരം തടങ്കലിൽ വച്ചിട്ടുള്ളവരെ ജാമ്യത്തിൽ വിടുവാൻ പാടുള്ളതല്ല.

നെല്ലുവില

*൫൨. (൧൭) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

നെല്ലുവില ക്രമാതീതമായി വർദ്ധിക്കാതിരിക്കുന്നതിനു ഗവമെന്റിൽ നിന്നും വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

നെല്ലുവില ഗവമെന്റിന്റെ നിയന്ത്രണത്തിലായതുകൊണ്ട് ക്രമാതീതമായി വർദ്ധിക്കുവാൻ വഴിയില്ല.

തടവുകാർ.

*൫൯. (൧൬) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെൻട്രൽ ജയിലിലെ തടവുകാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ അവകാശങ്ങളും ഇപ്പോഴും അവർ അനുഭവിക്കുന്നുണ്ടോ;

(ബി) വല്ല പുതിയ നിയമങ്ങളും ജയിലിൽ അടുത്തകാലത്തു നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ൯—൧൨—൧൯൫൦-മുതൽ Security Prisoners' Order നടപ്പിൽ വരുത്തിയിട്ടുണ്ട്.

COMMUNAL ENMITY

***60.** [77] **Sri. Eapen Arakkal:** Will the Hon'ble Chief Minister be pleased to state.—

(*a*) have the Government taken any steps to check the existing wild current of communal enmity?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Government are not aware of the existence of 'wild current of communal enmity' in the State. A few isolated instances of actions and speeches by certain people which may lead to tension between the various communities in the State, have been brought to the notice of Government. Suitable action is being taken in all deserving cases.

LEVY SYSTEM

***61.** [78] **Sri. M. I. Paul:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government intend to introduce levy system in the Travancore District, if so, state in detail its procedure for implementing the same;

(*b*) state the total procurement of paddy made in Travancore and Cochin Districts separately during last year; and also the total area under paddy cultivation in each district?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes. The outlines of the scheme are embodied in a Press Note issued by Government.

(*b*) The total quantity procured by Government in 1950.

Travancore area	75,05,738 paras
Cochin area	59,39,900 ,,

The total area under paddy cultivation.—

Travancore	*Cochin*
5,95,700 acres	2,00,000 acres

സെക്രട്ടറിയേററ് സംയോജനം

*൬൨. (൭൯) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെക്രട്ടറിയേററു സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) സെക്രട്ടറിയേററുസംയോജനം പൂർത്തിയായി കഴിഞ്ഞു. (സർവ്വീസ സംയോജനം പൂർത്തിയായിട്ടില്ല.)

(ബി) ഉദിക്കുന്നില്ല.

മുൻസിഫന്മാരുടെ തെരഞ്ഞെടുപ്പ്.

*൬൩. (൮൫) സാഹിബ്ബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ മുൻസിഫന്മാരുടെ തെരഞ്ഞെടുപ്പിൽ എത്രപേരെ തെരഞ്ഞെടുത്തു;

(ബി) ഇവരെ എപ്പോഴാണ് ജോലിയിലേക്ക് എടുക്കുന്നതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൨ പേർ.

(ബ) മുൻസിഫ് സ്ഥാനത്തേക്ക് ഒഴിവുകൾ വരുന്നതനുസരിച്ച്.

VAZHANI PROJECT

*64. [89] **Sri. K. Balakrishna Menon:** Will the Hon'ble Chief Minister be pleased to state.—

(*a*) the estimated amount proposed to be invested in the Vazhani Project, Machad, Vadakkancheri;

(*b*) the estimated acreage of new lands which could be brought under cultivation by the scheme;

(*c*) whether any survey has been conducted of such land; if so, to what extent?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Rs. 36·87 lakhs.

(*b*) About 6500 acres.

(*c*) Preliminary surveys have been conducted and detailed investigation is going on.

ചില വാരികകളിലെ പ്രസ്താവനകൾ

*൬൫. (൯൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിത്രോദയം, പ്രബോധിനി, നേതാജി, എന്നീ വാരികകളിൽ വ്യക്തികളും സംഘടനകളും സമുദായങ്ങളും തമ്മിൽ വിദ്വേഷവും കലഹങ്ങളും ഉണ്ടാക്കിത്തീർക്കാവുന്ന പ്രസ്താവനകളും ലേഖനങ്ങളും ഏതാനും നാളുകളായി തുടർച്ചയായി നടത്തിവരുന്ന വിവരം ഗവമെന്റു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആദ്യമായി ശ്രദ്ധയിൽ പെട്ടതു് എന്നാണ്;

(സി) ശ്രദ്ധയിൽ പെട്ടതിനുശേഷം ആ നില തുടരാതിരിക്കുവാൻ എന്തുനടപടി നടത്തി?

വിദ്യാഭ്യാസവും, തൊഴിലും സിവിൾ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പത്രമര്യാദയെ അതിലംഘിക്കുന്ന ആക്ഷേപകരമായ ചില ലേഖനങ്ങൾ ടി പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതു് ഗവമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടു, ആ ലേഖനങ്ങൾ ഉണ്ടായിരുന്ന പത്രങ്ങളുടെ കോപ്പികൾ ഗവമെണ്ടിലേക്കു കണ്ടുകെട്ടുകയും ടി പത്രങ്ങളുടെ അച്ചടിയും പ്രസിദ്ധീകരണവും പ്രസ് അഡ്വൈസറി ബോർഡിനോടാലോചിച്ചശേഷം തടയുകയും ചെയ്തിട്ടുണ്ട്.

(ബി) ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയ ഉടനെ.

(സി) (എ) ഉപചോദ്യത്തിനുള്ള ഉത്തരം നോക്കുക.

മെഡിക്കൽ കൗൺസിൽ

*൩൩. (൯൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

മെഡിക്കൽ കൗൺസിലിന്റെ കാലാവധി എന്നായിരുന്നു? അതിനു ശേഷം പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തോ? എടുത്തെങ്കിൽ ആരെയെല്ലാം?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

കൗൺസിലിന്റെ കാലാവധി ൧൯൫൦ ഒക്ടോബർ ൧൪-ാംനു വരെ ആയിരുന്നു. അതു ഓർഡിനൻസ് മൂലം ൩ മാസത്തേക്കു നീട്ടിവച്ചു. പുതിയ മെമ്പർമാരെ തിരഞ്ഞെടുത്തിട്ടില്ല.

വ്യയന്യൂനീകരണം

*൩൧. (൯൩) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൫൦-ൽ വ്യയന്യൂനീകരണാർത്ഥം എത്ര ഉദ്യോഗങ്ങൾ കുറവു ചെയ്തിട്ടുണ്ട്. അവ ഏതെല്ലാം ഡിപ്പാർട്ടുമെണ്ടുകളിലാണ്;

(ബി) ഇതിൽ ൧൦൦ രൂപയിൽ കവിയുന്ന ശമ്പളക്കാർ എത്ര; ൧൦൦ രൂപയിൽ കുറഞ്ഞ ശമ്പളക്കാർ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ & ബി) ഉദ്ദേശം ൫൦൦ പേരെ ഉദ്യോഗത്തിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. പക്ഷെ പിരിച്ചു വിട്ടിട്ടുള്ളവരിൽ അധികം പേരെയും വേറെ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ വിവരം നൽകുന്നതിനു ദീർഘമായ അന്വേഷണം വേണ്ടിവരും.

ഒല്ലൂർ തെരഞ്ഞെടുപ്പ്

*൩൨. (൯൯) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഇക്കഴിഞ്ഞ ഉപതിരഞ്ഞെടുപ്പു പ്രചാരണത്തിനിടയിൽ മരിക്കുന്നു് എന്നു പറയുന്ന സ്ഥലത്തു് സോഷ്യലിസ്റ്റ പാർട്ടിയുടെ തെരഞ്ഞെടുപ്പു് ആപ്പീസിന്റെ മുമ്പിൽ വച്ചിരുന്ന ബോർഡും സോഷ്യലിസ്റ്റ് പാർട്ടിയുടെ കൊടിയും കോൺഗ്രസ്സുകാർ ബലമായി എടുത്തുകൊണ്ടുപോയതായിട്ടുള്ള വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു് എന്തെങ്കിലും നടപടി എടുക്കുകയുണ്ടായിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പോലീസു ഡിപ്പാർട്ടുമെന്റ്

*൩൯. (൧൦൧) ശ്രീ. ശങ്കരൻ നാടാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പോലീസു ഡിപ്പാർട്ടുമെണ്ടിൽ ശമ്പള പരിഷ്കാരം എപ്പോൾ വരുത്തി; അതു നടപ്പിൽ വരുത്തിയോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ൧൯൫൦ ജൂലായി ൧-ാംനു മുതൽ നടപ്പിൽ വരുത്തി.

(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

Unstarred Questions and Answers

പെൻഷൻകാർ

൧. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ സർവ്വീസിൽനിന്നും പെൻഷൻ വാങ്ങി പിരിഞ്ഞിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൊച്ചി വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ എണ്ണം എത്ര;

(സി) തിരുവിതാംകൂർ വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ എണ്ണം എത്ര?

റവന്യൂവും, ധനകാര്യവുംവകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

എ-യുടെ ഉത്തരത്തിൽ നിന്നും ബി-യും സി-യും ഉദിക്കുന്നില്ല.

CHOLERA EPIDEMIC

2. [4] **Sri. D. Ponniah:** Will the Hon'ble Minister for Health be pleased to state.—

(*a*) in what all taluks in the Travancore-Cochin State has cholera epidemic started;

(*b*) how many had an attack of the disease;

(*c*) how many of them died; and

(*d*) what are the means adopted by Government for preventing cholera?

Minister for Finance and Revenue **(Sri. A. J. John):**

(*a*) Cholera occurred in the Taluks of Thovala, Agasteeswaram, Kalkulam, Nedumangad, Shencottah, Pathanapuram, Mavelikkara, Ambalapuzha, Changanachery, Kottayam, Meenachil, Vaikom, Devicolam, Peermade, Paroor, Chittur and Trichur. There were also cases of cholera in the Municipal towns of Nagercoil, Kottayam, Alwaye and Shencotta.

(*b*) 663.

(*c*) 335.

(*d*) Details of preventive measures adopted are appended.

CHOLERA

1. Additional staff was posted in the affected localities, and inoculations against cholera were conducted on a mass scale. The number of persons so far protected by inoculations is 215000.

2. The taluks of Thovala, Agasteeswaram, Shencotta, Ambalapuzha, Kottayam, Changanacherry, Vaikom, Deviculam, Peermade were declared as threatened with cholera under Section 74 o the Public Health Act and the local Public Health Officers, authorised to exercise the powers conferred by the Section.

3. Special arrangements were made to Supervise Cholera Control work in Kuttanad by posting an Assistant Surgeon with Headquarters at Pulinkunnu. A special boat has been placed at his disposal. Another Assistant Surgeon was posted at Shencotta and when the infection in this Taluk subsided, he has been transferred to Nagercoil to assist the District Health Officer, Trivandrum to control cholera in South Travancore. A special epidemic van was placed at the disposal of the District Health Officer, to facilitate transportation of staff and equipments.

4 Additional facilities for treatment of patients were provided in the Hospital at Pulinkunnu and in Nagercoil Municipal town.

5. Wide publicity has been given through the newspapers to the public about the need for protecting themselves by inoculation before proceeding to cholera infected areas in or out of the State or before proceeding to attend festivals.

6. Special arrangements are in progress to inoculate the harvest coolies in Kuttanad and Nanjinad.

ACCEPTANCE OF OFFICE BY MEMBERS

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ ൧൯൧ ക്ലാസ്സ് (എ) അനുസരിച്ച് ഈ അസംബ്ലിയിൽ ഉള്ള മെമ്പറന്മാർ പല ഉദ്യോഗങ്ങളും സ്വീകരിച്ചിട്ടുള്ളത് ശരിയാണോ എന്നുള്ള വിവരം അന്വേഷിച്ച് അറിയുന്നതിനെസംബന്ധിച്ച് ഒരു പോയിൻറ് ഓഫ് ഓർഡർ കൊണ്ടുവന്നിട്ട്. അതിന് മറുപടിയായി ഉടൻ തന്നെ അന്വേഷിച്ച് മറുപടി പറയാമെന്ന് പറഞ്ഞു. അങ്ങനെ പറഞ്ഞിട്ട് ദിവസങ്ങളായി, ആഴ്ചകളായി, മാസങ്ങളായി, കൊല്ലവും കഴിഞ്ഞു. ഇതുവരെയും അതിനെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നത് വേണമെങ്കിൽ അതിനിടയിൽ അവരുടെ ഉദ്യോഗകാലാവധി അവസാനിച്ചു കൊള്ളട്ടെ എന്നു വിചാരിച്ചാണോ?

മി. സ്പീക്കർ: അല്ല.

ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെ ഈ സഭയിലെ അനേകം മെമ്പർമാർ ഓരോ കമ്മററിയിലായി അംഗത്വം ഉള്ളതായികാണുന്നു. അംഗത്വവ്യവസ്ഥകൾ എല്ലാമെമ്പറന്മാരെ സംബന്ധിച്ചും ഒന്നുപോലെയല്ലാ. ചിലസ്ഥാനങ്ങൾ അസംബ്ലിമെമ്പർ സ്ഥാനവുമായി പൊരുത്തമില്ലാത്തവയാണെന്നു പ്രഥമദൃഷ്ടിയിൽതന്നെ വെളിപ്പെടുന്നവയാണ്. എല്ലാസ്ഥാനങ്ങളേയും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഗവമെന്റിനോട് ആവശ്യപ്പെടുകയും ആ വിവരങ്ങൾ ഒരാഴ്ചക്കു മുമ്പു ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഗതിയെ സംബന്ധിച്ചു അവസാനതീരുമാനം ചെയ്യേണ്ടതു ഈ സഭയല്ലെങ്കിലും വിവരങ്ങളെല്ലാം അടുത്ത തിങ്കളാഴ്ച സഭയുടെ മുമ്പിൽ വയ്ക്കുന്നതാണ്.

ADJOURNMENT MOTION

മി. സ്പീക്കർ: ചെങ്ങന്നൂർ പോലീസ്സ്റ്റേഷൻ ക്രൈം ൧൦ of ൫൧-ൽ ഉൾപ്പെട്ടിരുന്ന ഏതാനും വ്യക്തികളെ ലാക്കപ്പിൽവച്ച് മർദ്ദിച്ചു എന്നുള്ള വിവരം കാണിച്ച് ഒരു അടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. ൧൧൨൬ മകരം ൨൯-ാംനു-ലാണ് സംഭവം നടന്നതു്. ഇതു സംബന്ധിച്ച് ഗവമെന്റു ഭാഗത്തുനിന്നും എന്തു വിവരങ്ങളാണ് സഭയെ അറിയിക്കുവാനുള്ളതെന്നു പറഞ്ഞാൽ കൊള്ളാം.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): സർ, രണ്ടു കേസുകളാണ് അവിടെ ഉത്ഭവിച്ചിട്ടുള്ളത്. ൯/൫൧-ം, ൧൦/൫൧-ം ആണ് കേസ് നമ്പരുകൾ. കേസും കൗണ്ടർകേസുമാണ്. ക്രൈം നമ്പർ ൧൦/൫൧-ലെ കേസിൽ വാദിഭാഗം വക്കീൽ ശ്രീമാൻ കണ്ണാറ ഗോപാലപ്പണിക്കരാണ്. പ്രതികളെ ലാക്കപ്പിൽവച്ച് മർദ്ദിച്ചു എന്നാണ് ആരോപണം. ഒരു പ്രിലിമിനറി എൻക്വയറി നടത്തിയതിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു കണ്ടിട്ടുണ്ടു്. അതുസംബന്ധിച്ചുള്ള കൂടുതൽ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സ്ഥലം എ. എസ്. പി. യാണ് അന്വേഷണം നടത്തുന്നത്. ഇത്രയും മാത്രമാണ് എനിക്കു ഇതിനെപ്പറ്റി ഈ അടിയന്തിര പ്രമേയത്തിനുള്ള നോട്ടീസ് കിട്ടിയതിനുശേഷം അറിയാൻ ഇടയായിട്ടുള്ള വിവരങ്ങൾ.

Mr. Speaker: At what stage are the cases now?

Sri. T. K. Narayana Pillai : Sir, both the cases have been charged and they are pending. Crime No. 9 and 10 have been referred to in this adjournment motion. They are pending.

Mr. Speaker : Will the hon'ble Member who has sent the adjournment motion enlighten the House as to whether any complaint has been filed in regard to this matter either before the local magistrate or any other court, by the persons aggrieved?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : കോടതിയിൽ കേസു കൊടുത്തിട്ടില്ല. ഹർജികൾ ഗവൺമെന്റിൽ കൊടുത്തിട്ടുള്ളതായി അറിയാം. അതിനെപ്പറ്റി എന്തെങ്കിലും നടപടികൾ നടത്തിയിട്ടുള്ളതായി അറിഞ്ഞുകൂടാ.

Minister for Education, Labour and Civil Supplies **[Sri. Panampilli Govinda Menon] :** Sir, I wish to raise a point of order. It has been stated by the Honourable Chief Minister just now that the hon'ble member Mr. Panicker has appeared for a certain party in the capacity of an advocate. He happens to be an hon'ble Member of this Legislature. Is it fair or in keeping with good convention that an advocate who is charged with a particular duty on behalf of his client should raise that point on the floor of the House by virtue of his position as a member of the Legislature to further the interests of his client? It is not known whether there are any rules in regard to this matter. But I would respectfully submit that it would be creating a very bad convention if members, who in their professional capacity as advocates should make use of their position in the Legislature to further the interests of their clients.

Sri. Kalathil Velayudhan Nayar : Sir, I wish to say a few words in regard to this matter, because it refers to the professional conduct of an advocate. It appears that according to my friend, if a member who happens to be an advocate for a client in regard to any matter, cannot at all refer to that matter on the floor of the House. I do not think, in this instance, he ever referred to the case in particular. Is it then "not in keeping with good conduct or convention? If the hon'ble Member wants to make out that Members of the Legislature appearing in a particular case as advocate cannot refer to any point that has come up within his knowledge, then it is creating a difficult position.

Chief Minister **(Sri. T. K. Narayana Pillai):** No, in this particular instance, the hon'ble Member referred to the identical case.

Sri. Kalathil Velayudhan Nayar: No, he only says that the Police ill-treated his client. It only refers to the person, not to the case.

മി. സ്പീക്കർ: പായന്റ് ഓഫ് ഓർഡർ ഉന്നയിച്ച ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചതുപോലെ ഇതുസംബന്ധിച്ച് മുൻപതിവ് എങ്ങിനെയെന്നു അറിയുന്നതിന് അധികമായിട്ടുകാണുമെന്നു തോന്നുന്നില്ല. അതുകൊണ്ടു പ്രിസിഡണ്ട് അടിസ്ഥാനമാക്കി തീരുമാനിക്കുന്നതു എളുപ്പമായിരിക്കയില്ല. ഒന്നുകിൽ ഇങ്ങനെ ചെയ്യുന്നതു് സർവസാധാരണമായിരിക്കാം. അതല്ലെങ്കിൽ ഇങ്ങനെ ഇതിനുമുമ്പു വേറെയാരും അധികമായിചെയ്തിട്ടില്ലായിരിക്കാം. ഇങ്ങനെ ചെയ്യുന്നതിൽ നിയമപ്രകാരം ആക്ഷേപകരമായി. ഒന്നും ഉണ്ടെന്നു തോന്നുന്നില്ല ആ സ്ഥിതിക്കു ഒരു മെമ്പറുടെ അവകാശത്തെ ഒരു റൂളിംഗ്കൊണ്ടു തടയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർമാർ ഈ സഭയിലെ അംഗങ്ങൾ എന്നനിലയിൽ അവർ ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വത്തിനും അവരിൽ പൊതുജനങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസത്തിനും അനുയോജ്യമായിവേണമെങ്കിൽ മററുതാല്പര്യങ്ങളെക്കൂടി ഉദ്ദേശിച്ച് അവരുടെ യുക്തിയും ധർമ്മബോധവും അനുസരിച്ച് പ്രവർത്തിക്കുക എന്നല്ലാതെ ഇക്കാര്യത്തിൽ ഒരു നിയന്ത്രണം ഉണ്ടാകണമെന്നു വിചാരിക്കുന്നില്ല.

The honourable member Mr. Gopala Panicker will enlighten the House as to whether in regard to this matter any petition or complaint has been filed before any court?

Sri. Kannara Gopala Panicker: No. Sir.

മി. സ്പീക്കർ: ഈ സംഗതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതിലേക്ക് അതിനോടു ബന്ധപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടതിൽ ഇതിനെപ്പററിയുള്ള അന്വേഷണങ്ങൾ നടത്തിവരുന്നു എന്നു മാത്രമേ അറിയിക്കുകയുണ്ടായുള്ളു. അടിയന്തിരപ്രമേയത്തിൽ വിവരിക്കുന്നതുപോലെ പകൽ സമയത്തു മിക്കവാറും പരസ്യമായിതന്നെ ഇങ്ങനെ ഒരു സംഭവം നടന്നതാണെങ്കിൽ അതിനു പലപരിഹാരമാർഗ്ഗങ്ങളും നിയമം അനുവദിക്കുന്നുണ്ട്. വേണമെങ്കിൽ അക്രമം ചെയ്തിട്ടുള്ള പോലീസ്കാരെ പ്രതികളാക്കി ഒരു കേസ്കൊടുക്കാം. അതിനൊന്നും പോകാതെ കഴിഞ്ഞ മകരമാസത്തിൽ നടന്ന സംഭവത്തിന് ഈ സഭയുടെ സമയം വിനിയോഗിച്ച് ഒരു പരിഹാരം നേടാമെന്നു വിചാരിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. ആ നിലയിൽ ഈ അടിയന്തിരപ്രമേയം അനുവദിക്കാൻ നിവൃത്തിയില്ല.

Sri. Kunjukrishnan has sent in an adjournment motion which is to discuss the situation caused on account of the unemployment consequent on the inadequate supply of yarn to weavers". Sri Nataraja Pillai has also sent in an adjournment motion "to discuss the serious situation of the handloom industry caused by the scarcity of yarn and the method of its distribution".

No doubt, this cannot be said to be a matter of recent occurrence. But I think it is an important matter which deserves immediate attention. Before I decide whether the motion should be allowed or not, I would like the Hon'ble Minister concerned to enlighten the House in regard to the relevant details of the matter.

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** The question raised in these motions is very important. But I am not in a position to say anything about its implication in detail just at present. I would therefore request you, Sir, to give a day's time to make a statement on this subject and if the hon'ble Members who moved the motion and the House are satisfied with the statement, a debate could be avoided. Otherwise, a debate can be held. I have not got the relevant facts and figures before me to enter into details.

Mr. Speaker: I think we had better wait for a day to hear the detailed statement on the matter promissed by the Hon'ble Minister before the question of a further discussion on the subject is decided upon.

ശ്രീ. പൊന്നറ ജി. ശ്രീധർ: റൂളിംഗ് തരുന്നതിനു മുമ്പ് ഒരു കാര്യം പറയുവാനുണ്ട്. അതായതു് ഈ അടിയന്തിരപ്രമേയം അനുവദിക്കപ്പെടുന്നപക്ഷം അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റ് ഹാജരാക്കേണ്ടയാവശ്യമില്ല. ഇതേപ്പറ്റി ഞങ്ങൾക്കെന്തെങ്കിലും പറയുവാനുള്ളതിനു ഒരു സൗകര്യം കിട്ടുമെന്നുള്ളതുകൊണ്ടാണ്. അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റ് എപ്പോഴും ചെലവാകും. ഇന്നു് ഈ മോഷൻ അലൌ ചെയ്യുന്നപക്ഷം ഏതെങ്കിലും ഒരു ദിവസം ഇതേസംബന്ധിച്ചു വാദപ്രതിവാദം നടത്താവുന്നതും അന്നു അദ്ദേഹത്തിനു സ്റ്റേറ്റുമെന്റു ഹാജരാക്കാവുന്നതുമാണ്. അതാണ് നല്ലതെന്നാണ് എനിക്കു പറയുവാനുള്ളതു്. ദയവായി ഇതേസംബന്ധിച്ചു സ്പീക്കർ ഒന്നാലോചിച്ചാൽ കൊള്ളാമായിരുന്നു.

Sri. P. S. Nataraja Pillai: I only submit a word on that. The Hon'ble Minister may give us the facts, but on the basis of the facts, there might be conflicting suggestions from all parts of the House. Perhaps members of this House may not be in possession of facts, but on the facts available, the approach to solve the problem may be different from different sections. Since it is an important matter, it is a subject for discussion which, I think, the Hon'ble Minister will appreciate.

Mr. Speaker: I have not decided the question as to whether this is to be admitted as an adjournment motion or not. I wanted the help of the Hon'ble Minister to supply this House with all the relevant facts so that it may help me to decide this question of the admissibility of the motion. There is a shortage of yarn, and consequent upon that, shortage of cloth also which, it is stated, is causing distress in the country. I have to decide whether on the facts mentioned in the adjournment motion and on the facts that may be supplied to this House by the Hon'ble Minister, there is really a shortage of yarn and a shortage of cloth and whether consequent upon those circumstances, there is really distress in the country. That will be done, the requisite of urgency being waived.

Sri. K. K. Chellappan Pillai: Though it has not been moved as an adjurnment motion, a debate may be allowed in the House so that the members might give their suggestions with regard to the particular question, apart from the statement, because it is an urgent and very serious matter. Suggestions from the members may be placed before the House and it would be better to fix a day for the debate for it.

Mr. Speaker: There are provisions in the rules which would permit the hon'ble Member to move a motion for that purpose.

ശ്രീ. സി. വി. ഇട്ടി: സർ, ഒരു പോയിന്റ് ഓഫ് ഇൻഫർമേഷൻ. സർ, ഇന്നലെ ഇവിടെ വിദ്യാഭ്യാസമന്ത്രിയുടെ പ്രസംഗത്തിൽ അദ്ധ്യാപകവൃന്ദത്തെ പൊതുവെ പുഴുക്കൾ എന്നു പ്രസ്താവിക്കുകയും മി: ബാലകൃഷ്ണമേനവന്റെ പ്രസംഗം ഒരു സോഷ്യലിസ്റ്റ് പുളുകൃസ്ത്യാനിയുടെ ആവേശത്തോടുകൂടിയുള്ളതായിരുന്നു എന്നും പറയുകയുണ്ടായി. അപ്രകാരം ഒരു പ്രസ്താവന ചെയ്തതിനെ സംബന്ധിച്ചു് ഒരു എക്സ്പ്ലനേഷൻ ആ മന്ത്രിയിൽനിന്നും ഉണ്ടാകണമെന്നാവശ്യപ്പെട്ടുകൊള്ളുന്നു. ഇന്നലെ അദ്ദേഹത്തിന്റെ മറുപടി പ്രസംഗം നടന്ന അവസരത്തിൽ ഞാൻ ഇവിടെ ഇല്ലായിരുന്നു. എന്നാൽ മന്ത്രി അവർകൾ അദ്ധ്യാപകന്മാരെ പൊതുവെ പുഴുക്കൾ എന്നു പറഞ്ഞിട്ടുള്ളതു രണ്ടുമൂന്നു പത്രങ്ങളിൽ രണ്ടുമൂന്നു തരത്തിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതു്. അങ്ങിനെ മന്ത്രി അ

[Sri. C. V. Iyyu]

വർകൾ പ്രസ്താവിച്ചതു് മി. അമ്പൂക്കനെ മാത്രം ഉദ്ദേശിച്ചാണോ, അതോ പൊതുവെ അദ്ധ്യാപകവൃന്ദത്തെ ഉദ്ദേശിച്ചാണോ എന്നും അങ്ങിനെയാണെങ്കിൽ അക്കൂട്ടത്തിൽ മി. മണ്ടശ്ശേരിയും മി. സബാസ്റ്റ്യൻ തോപ്പിലും കൂടി ഉൾപ്പെടുമെന്നും അതുകൊണ്ടു് ഇതു സംബന്ധിച്ചു് ഒരു എക്സ്പ്ലനേഷൻ മന്ത്രി തരണമെന്നമാണു് എനിക്കു പറയുവാനുള്ളതു്".

Mr. Speaker: The member is not allowed to make a speech.

Sri. C. V. Iyyu: I want to make an explanation, and not a speech.

ശ്രീ. ഇട്ടീര അമ്പൂക്കൻ: എന്നേ സംബന്ധിച്ചു പറഞ്ഞ ഒരു കാര്യമായതുകൊണ്ടു് അതെന്നേമാത്രമേ ബാധിക്കുകയുള്ളു. മുമ്പു ഞാൻ അദ്ധ്യാപകപ്പുഴുവായിരുന്നുവെന്നും ഇന്നു എം. എൽ. എ. ചിത്രശലഭമായിത്തീർന്നിരിക്കുന്നു എന്നു പറഞ്ഞതിൽ എനിക്കാക്ഷേപമില്ല. അങ്ങനെ അങ്ങോട്ടും പറയുമ്പോൾ അതും കേട്ടാൽമതി.

Mr. Speaker: Unless the member wants to make a personal explanation in regard to a particular matter, the member will not be allowed to speak.

Sri. Ittiera Ambooken: This is only a personal explanation.

Mr. Speaker: Yes. The member may proceed.

ശ്രീ. ഇട്ടീര അമ്പൂക്കൻ: വ്യക്തിപരമായാണു് എന്നെ ആക്ഷേപിച്ചതെങ്കിൽ എനിക്കതിൽ യാതൊന്നുംതന്നെയില്ല. ശ്രീമാൻ ഇയ്യു അവർകൾ ആവശ്യപ്പെട്ടതു് എനിക്കുവേണ്ടിയല്ല. പക്ഷെ ഞങ്ങൾ അങ്ങോട്ടും ഇതുപോലെ പറയുമ്പോൾ ട്രഷറി ബഞ്ചിൽ ഇരിക്കുന്നവർ ഒരു Sportsman spirit ഓടുകൂടി അതും കേൾക്കണമെന്നേയുള്ളു.

മിസ്റ്റർ സ്പീക്കർ: മി. ഇയ്യു അവർകൾ പ്രസ്താവിച്ചതു്, ഇന്നലെ മന്ത്രി അവർകൾ പുഴുക്കൾ എന്നു പറഞ്ഞ അവസരത്തിൽ അദ്ദേഹം ഉണ്ടായിരുന്നില്ല എന്നും അതുകൊണ്ടു് അപ്രകാരം പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതിനൊരു എക്സ്പ്ലനേഷൻ വേണമെന്നമാണു്. ഈ വിധത്തിൽ എക്സ്പ്ലനേഷൻ ആവശ്യപ്പെടുത്തക്കതല്ല.

ശ്രീ. സി. വി. ഇയ്യു: പുഴുക്കസ്ത്യാനി എന്നു് ഈ സഭയിൽ ഉപയോഗിച്ചതു് പാർലിമെൻററിയാണോ?

മിസ്റ്റർ സ്പീക്കർ: പാർലിമെൻററിതന്നെ.

Committee on Petitions

മിസ്റ്റർ സ്പീക്കർ: നിയമസഭാ സ്റ്റാൻഡിംഗ് ആർഡർ ൪ ൽ (൧)-ാംവകുപ്പനുസരിച്ചു് ഒരു ഹർജി കമ്മിററിയെ നിയമിക്കേണ്ടതായിട്ടുണ്ടു് അതിലേക്കു താഴെ പറയുന്നവർ കമ്മിററിയിലെ അംഗങ്ങളായിരിക്കുന്നതാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു.

൧. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ
൨. ,, വി. മാധവൻ
൩. ,, പി. കെ. കുമാരനാചാരി
൪. സാഹിബ് ബഹദൂർ വി. മായൻകുട്ടി മേത്തർ
൫. ശ്രീ. എ. പി. നമ്പ്യാർ.

ബഹു. മെമ്പർമാക്കു് വിതരണം ചെയ്തിട്ടുള്ള റിവൈസ്ഡ് പ്രോഗ്രാം അനുസരിച്ചു സഭ മാർച്ച് ൨൧-ാംതിയതിയും കൂടുന്നതാണല്ലോ. മാർച്ച് ൧-ാംനു-യും ൨-ാംനു-യും സഭ കൂടുന്നതല്ല. അതിനാൽ മാർച്ച് ൧-ാംനു- ഉത്തരം പറയാൻ

നോട്ടീസ് കൊടുത്തിട്ടുള്ള ചോദ്യങ്ങൾ മാർച്ച് ൨൭-ാംനു- ഉത്തരം പറയാനായി മാററാവുന്നതാണ്. ഇതിന് സഭയ്ക്കു സമ്മതമുള്ളപക്ഷം അന്നത്തേക്കു പറയുന്നതിന് ഏർപ്പാടു ചെയ്യുന്നതാണ്. അതിൽ സഭയ്ക്കു അഭിപ്രായവ്യത്യാസമില്ലെന്നു വിശ്വസിക്കുന്നു. മാർച്ച് ഒന്നാംതിയ്യതിക്കു വെച്ചിരിക്കുന്ന ചോദ്യങ്ങൾ മാർച്ച് ൨൭-ാംനുക്കു മാററിയിരിക്കുന്നു.

ശ്രീ എൻ. വി. ചാക്കൊ: മാർച്ച് ൨൭-ാംനു ചോദ്യോത്തരങ്ങൾ ഇല്ലാത്തതിനു കാരണമെന്താണ്?

ശ്രീ. സി. വി. ഇയ്യു: ഒരു പായിൻറ് ഓഫ് ഇൻഫർമേഷൻ. കൊടുങ്ങല്ലൂർ കോൺസ്റ്റിററ്യൂവൻസിയിൽ നിന്നുള്ള മെമ്പറുടെ പ്രാതിനിദ്ധ്യം ഇവിടെ ഇല്ലാതെയാണിരിക്കുന്നതു്. അയാളുടെ നിയമസഭാമെമ്പർസ്ഥാനത്തിൻെറ കാലാവധി കഴിഞ്ഞിരിക്കുന്നുവെന്നും അയാളുടെ വേക്കൻസി എറൈസ് (arise) ചെയ്തിട്ടുണ്ടെന്നും തോന്നുന്നു. അതേപ്പററി ഒരു വിശദീകരണം നൽകിയാൽ കൊള്ളാമായിരുന്നു.

മിസ്റ്റർ സ്പീക്കർ: അതു സംബന്ധിച്ചു നിയമപരമായ അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. അറുപതു ദിവസത്തിൽ കൂടുതൽ അദ്ദേഹം നിയമസഭയിൽ ഹാജരാകാതെ ഇരുന്നതുകൊണ്ടു് നിയമപരമായി അദ്ദേഹത്തിൻെറ സീററ് വെക്കേററ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണ് ആലോചിക്കേണ്ടതു്. അതേപ്പററി ആലോചിച്ചു വരികയായിരുന്നു. മററു പ്രവിശ്യകളിലെ നിയമസഭകളിലും സെൻട്രൽ നിയമസഭയിലും എങ്ങിനെയാണ് ഇതുസംബന്ധിച്ചുള്ള നടപടികൾ എന്നുള്ളതിനെ സംബന്ധിച്ചു അന്വേഷിച്ചും നിയമവിദഗ്ദ്ധന്മാരുമായി ആലോചന നടത്തിയും വേണ്ട തീരുമാനത്തിൽ എത്തിയിട്ടുണ്ട്. അതു് ഈ സഭയെ അറിയിക്കുന്നതാണ്. ഇപ്പോൾ അദ്ദേഹത്തിൻെറ ഒരു അപേക്ഷ ഇവിടെ കിട്ടിയിട്ടുണ്ട്. അതു ഈ അറുപതു ദിവസം നിയമസഭയിൽ ഹാജരാകാതെ ഇരുന്നതിനെ സഭ മാപ്പുചെയ്തു അദ്ദേഹത്തെ ഈ നിയമസഭയിൽ തുടരാൻ അനുവദിക്കണമെന്നാണ്. എന്നാൽ ഈ അപേക്ഷ കിട്ടിയതു് അറുപതു ദിവസം കഴിഞ്ഞതിനുശേഷമാണ്. അങ്ങനെ ചെയ്യുന്നതു് നിയമപരമായി സാധുവാണോ എന്നുള്ളതിനെപ്പററിയും നോക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ സംഗതിയും ഈ സഭയെ അറിയിക്കുന്നതും സഭയുടെ തീരുമാനമനുസരിച്ചു് വേണ്ടതു ചെയ്യുന്നതുമാണ്.

ശ്രീ. സി. വി. ഇയ്യു: തെരഞ്ഞെടുപ്പിനു ശേഷം ഈ സഭയിൽ അദ്ദേഹം വിശ്വാസപ്രതിജ്ഞ ചെയ്തിട്ടില്ല എന്നുള്ളതുകൂടി ഒന്നു ചിന്തിക്കേണ്ടതാണ്.

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹം ഈ സഭയിൽ ഹാജരാകാതിരിക്കുന്നതു് അദ്ദേഹത്തിൻെറ മനഃപൂർവ്വമാണോ അതോ ഈ ഗവമെൻറ നിമിത്തമാണോ എന്നുള്ളതുകൂടി ചിന്തിക്കേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: ഈ സംഗതി ഈ സഭയിൽ കൊണ്ടുവരുമ്പോൾ ആ കാര്യങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

ശ്രീ. സി. സി. പ്രസാദ്: അദ്ദേഹം ഈ സഭയിൽ ഹാജരാകാതിരിക്കുന്നതു് ഈ ഗവമെൻറ മൂലമാണെന്നുള്ള സംഗതി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

The House adjourned for lunch at 12-30 p. m. and re-assembled at 2-30 p.m. with Mr. Speaker in the chair.

Papers laid on the Table

Minister for Education, Labour and Civil Supplies (**Sri. Panampilly Govinda Menon**): Sir, under Article 213 (2) read with Article 238 of the Constitution of India. I lay on the Table Ordinance XI* of 1950, namely the Chittoor-Tattamangalam Municipal Chairmen and Councillors (Term of Office Extension) Ordinance 1950 promulgated by His Highness the Rajpramukh on 7th December 1950.

Minister for Works and Communications (**Sri. E. John Philipose**): Sir, I lay on the Table the amendment* made to the Travancore-Cochin Motor Vehicles Rules 1950.

Sri. P. S. Nataraja Pillai: Sir, on a point of order. On the list of question for to-day, No. 84 was mine. Within the time available, it could not be orally put and as such I was searching for the answer for that on the table during the interval. Under the rules, questions for which answers could not be made available orally on the floor of the House, are to be treated as having been answered and the answers are to be placed on the table. Neither the question nor the answer to it was found on the table. So I would like to know the procedure that is being adopted in regard to this matter.

Mr. Speaker: Is it a starred or unstarred question?

Sri. P. S. Nataraja Pillai: It is a starred question.

Mr. Speaker: When questions could not be answered orally on the floor of of the House, answers to such questions are placed on the table as and when they are made available to the assembly office. I may inform the House that answers to starred questions are not always received in time. As the House knows, answers are to be got ready by the Ministers and supplied to the assembly office. Then only they could be placed on the table. In other words, until the answers are ready and duly received they cannot be placed on the table.

Sri. P. S. Nataraja Pillai: In this instance it is a starred question.

Mr. Speaker: Even in such cases, answers are some, times given to the effect that necessary information not having been received answers are not ready. If the requisite information has not been gathered by the Minister concerned, the answer could not be made available. The question put by the member may be an instance in point.

Sri. P. S. Nataraja Pillai: What I say is there must be a method by which members might know which of their question is answered or not answered. At least a note to that effect may be supplied.

Mr. Speaker: When answers are ready and laid on the table, I shall make arrangements to have the information conveyed to the members. We will now go to the Legislative Business.

LEGISLATIVE BUSINESS

The Travancore-Cochin Local Authorities Entertainment Tax Bill

Minister for Industries, Excise and Local-Self Government (**Sri. N. Kunjuraman**): Sir, I beg to present the Select Committee Report on the Travancore-Cochin Local Authorities Entertainment Tax Bill and move that the Bill as reported by the Select Committee be taken into consideration.

---

*Not printed in the days proceedings.

Minister for Finance and Revenue: **(Sri. A. J. John):** Sir, I second the motion.

The question that the Bill be taken into consideration was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Sri. Kalathil Velayudhan Nair: Sir, I move,

At the end of clause 3, add the following proviso:

"Provided that no tax shall be levied on payments for admission which is less than annas eight for an individual."

ഈ നിയമം അനുസരിച്ചുള്ള നികുതി കൊടുക്കേണ്ടഭാരം അതായതുസ്ഥലത്തെ ജനങ്ങളുടെ ചുമലിലാണ് വന്നുചേരുന്നതു്. ഇപ്പോഴുള്ള നികുതികൾക്കുപുറമെയുള്ള ഒരു കൂടുതൽ നികുതി ചുമത്തലാണ് ഇതു്. വിനോദപ്രകടനങ്ങൾക്കു പോകുന്ന സാധാരണയാളുകൾ, അതായതു താഴ്ന്ന തരക്കാർ, പണം ഇല്ലാത്തവരായതുകൊണ്ടു് മിക്കവാറും എട്ടണക്കു താഴെയുള്ള താഴ്ന്ന ക്ലാസുകളിലാണ് ഇരിക്കാറുള്ളതു്. അങ്ങിനെയുള്ള ആളുകളെ ഇങ്ങനെ ഒരു നികുതി ചുമത്തി ബുദ്ധിമുട്ടിക്കുന്നതു കഷ്ടമാണെന്നു കരുതിയാണ് എട്ടണയ്ക്കു താഴെയുള്ള ടിക്കറ്റുകൾ വാങ്ങുന്നവരെ ഈ നികുതിയിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. ഇതിനു് കൂടുതൽ ഒരു വിശദീകരണം ആവശ്യമാണെന്നു തോന്നുന്നില്ല. ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. വിനോദനികുതി ഏർപ്പെടുത്തുന്നതുതന്നെ മുനിസിപ്പാലിറ്റികൾക്കും വില്ലേജ് യൂണിയനുകൾക്കും കാർപ്പറേഷനുകൾക്കും നടത്തേണ്ടതായ പലമാതിരി ജോലികൾ ശരിയായി നിർവ്വഹിക്കപ്പെടുന്നതിന് മതിയാകുന്ന ഒരു വരുമാനം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. ശ്രീ. വേലായുധൻനായരുടെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഈ സ്ഥാപനങ്ങളുടെ സ്ഥായിയായ വരുമാനത്തിന്റെ ഒരു വലിയ വിഭാഗം നഷ്ടപ്പെട്ടുപോകുന്നതാണ്. എട്ടണക്കു താഴെയുള്ള ടിക്കറ്റുകൾക്ക് നികുതി ഈടാക്കാൻ പാടില്ല എന്നു വയ്ക്കുകയാണെങ്കിൽ പ്രായോഗികമായി ഈയിനത്തിൽ നികുതി ഒട്ടുംതന്നെ കിട്ടിയില്ലെന്നു വന്നേക്കും. സിനിമയ്ക്കോ നാടകത്തിനോ അതുപോലെയുള്ള മറ്റു പ്രകടനങ്ങൾക്കോ പോകുന്നവരിൽ അധികവും എട്ടണയ്ക്കു താഴെയുള്ള ടിക്കറ്റുകൾ വാങ്ങുന്നവരാണ്. സിനിമയ്ക്കാണെങ്കിൽ ബഹുഭൂരിപക്ഷവും എട്ടണയ്ക്കു താഴെയുള്ള ടിക്കറ്റുകൾ വാങ്ങുന്നവരാണ്. അതുകൊണ്ടു് ഈ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായി നടത്തിക്കൊണ്ടു പോകുന്നതിന് ഒരു ധനാഗമമാർഗ്ഗമെന്ന നിലയിലാണ് നാം ഈ നികുതി ചുമത്താൻ ഉദ്ദേശിക്കുന്നതെങ്കിൽ ശ്രീ. വേലായുധൻ നായരുടെ ഭേദഗതി ആ ഉദ്ദേശത്തെതന്നെ അപ്പാടെ പരാജയപ്പെടുത്തുന്നതാണെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്നുതന്നെയല്ല ഇവിടെയും മറ്റു പ്രവിശ്യകളിലും ഇന്നു നിലവിലിരിക്കുന്ന നിയമങ്ങളിലും ഇത്ര കൂടിയ ഒരു റേറ്റു, അതായതു, എട്ടണ എന്നുള്ളതു് സ്വീകരിച്ചിട്ടില്ലെന്നു കാണുന്നു. ഇവിടെ ഇപ്പോൾ നിലവിലിരിക്കുന്ന മറ്റു നിയമങ്ങളിലും നിശ്ചയിച്ചിരിക്കുന്നതു മൂന്നണയോ രണ്ടണയോ ആണ്. ഈ നിലയ്ക്കു നോക്കുമ്പോൾ ഈ ഭേദഗതി സ്വീകരിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല. ഭേദഗതി സ്വീകരിച്ചാൽ എന്തു

[Sri. N. Kunjuramam]

ദ്ദേശത്തോടുകൂടിയാണോ ഈ നിയമം ഉണ്ടായിരിക്കുന്നതു ആ ഉദ്ദേശംതന്നെ തോല്പിക്കപ്പെട്ടുപോകുന്നതാണ്.

The amendment was put and lost.

Clause 3, 4, 5 and 6 were put and carried.

The Clauses were added to the Bill.

Clause 7

Sri. Kalathil Velayudhan Nayar: I move:

"In Clause 7, sub-clause (1) (d), delete the words 'without any charge on such proceeds for the expenses of the entertainment"

ഈ നിയമം അനുസരിച്ച് ഏതാനും സംഗതികളെ വിനോദനികുതിയിൽനിന്നും ഒഴിവാക്കാമെന്നു പറഞ്ഞിട്ടുണ്ട്. അതായതു ഏതെങ്കിലും ധർമ്മവിഷയകമായ കാര്യങ്ങൾക്കുവേണ്ടി ഒരു വിനോദപ്രകടനം നടത്തുകയാണെങ്കിൽ അതിനെ ഈ നികുതിയിൽനിന്നും ഒഴിവാക്കാമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ അതിൽനിന്നും കിട്ടുന്ന പിരിവ് അതു നടത്തുന്നതിനുള്ള ചെലവുപോലും എടുക്കാതെ ആ സംഗതിക്കുവേണ്ടി ചെലവാക്കുകയാണെങ്കിലേ ഈ സൗജന്യം അനുവദിക്കുകയുള്ളു എന്നാണ് പറഞ്ഞിരിക്കുന്നതു. സാധാരണയായി ഏതുകാര്യത്തിനായാലും നടത്തിപ്പിനുള്ള ചെലവുകഴിച്ച് ബാക്കിയാണ് ഉദ്ദേശിച്ചിട്ടുള്ള ധർമ്മവിഷയകമായ കാര്യത്തിന് വിനിയോഗിക്കുന്നതു. അതില്ലാതെ ആരും അതിനു തയ്യാറാവുകയില്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി ഹാജരാക്കുന്നതു. അതു സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കുന്നു.

The amendment was put and carried.

The question that Clause 7 as amended stand part of the Bill was put and carried.

Clause 7 as amended was added to the Bill.

The question that Clauses 8 to 13 stand part of the Bill was put and carried.

Clauses 8 to 13 were added to the Bill.

The question that Clause 1 and Title stand part of the Bill was put and carried.

Clause 1 and Title were added to the Bill.

The question that the Preamble stand part of the Bill was put and carried.

The preamble was added to the Bill.

Sri. N. Kunjuraman: Sir, I move that the Third Reading of the Bill may be taken up tomorrow.

The motion was adopted.

The Travancore-Cochin Local Authorities Loans Bill

Minister for Industries, Excise and Local Self-Government **(Sri. N. Kunjuraman):** Sir, I beg to present the Select Committee report on the Travancore-Cochin Local Autherities Loans Bill and move that the Bill as reported by the Select Committee be taken into consideration.

Minister for Finance and Revenue **(Sri. A. J. John):** Sir, I second it.

The question that the Bill be taken into consideration was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Sri. D. Gnanasigamoni: I move that

"In clause 3 (1) (v), delete the words 'in accordance with the law' occurring at the end of that clause."

Sir, Clause 3 relates to the borrowing powers of local authorities. A local authority may, subject to certain conditions, borrow from the Government or, with the previous sanction of Government, borrow from private bodies. One of the purposes for which the borrowing is permitted is for the repayment of money previously borrowed. I move to delete the words 'in accordance with law' occurring thereafter. To start with, I may submit that in the existing Act XXV of 1120 we do not find these words. The question may be asked why these words do not find a place in the present Act. There is a significant reason for that which I will give later.

Now, certain powers are granted to local bodies to raise loans and one of the purposes for which that may be done is the repayment of money previously borrowed. In respect of loans taken after the new Act comes into force, there is no difficulty, because it is provided in a later section, i. e., in Section 6, that 'except as provided by or under this Act, no local authority shall, for any purpose, borrow money, upon or otherwise charge its funds, and any contract otherwise made for that purpose after the passing of this Act shall be void.' Therefore, in respect of borrowings after the Act comes into force, these words are unnecessary. At the same time, it will raise serious difficulties in respect of loans taken prior to 1120. That is why I move to delete the words, In the existing Act, the words are specifically omitted.

No loan taken by a local body prior to 1120 could have been borrowed under the provision of any law as no law was then in force. So the provision in this bill with the additional words 'in accordance with law' cannot cover loans taken prior to 1120. So clearly loans taken prior to 1120 has been taken away from the purview of this bill. That could not be the intention of Government and so these words must be omitted to give effect to the intentions of Government.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീമാൻ ജ്ഞാനശിഖാമണി പറഞ്ഞതു് ഗവൺമെണ്ടിൽനിന്നും വാങ്ങിയിട്ടുള്ള കടങ്ങളെ സംബന്ധിച്ചും മററു രീതിയിലുള്ള കടങ്ങളെ സംബന്ധിച്ചും "in accordance with law" എന്നു പറയണമെങ്കിൽ വളരെ ബുദ്ധിമുട്ടുണ്ടാകും എന്നാണു്. 'In accordance with law' അല്ലാതെ ഗവൺമെണ്ടിൽനിന്നു് ലോക്കൽ അതോറിട്ടീസിനു് കടംകൊടുക്കുവാൻ വഴിയില്ല. അതല്ലാതെ കാൺട്രാക്ചൽ റൈററു് അനുസരിച്ചു് ലോൺ വാങ്ങുവാനുള്ള അധികാരം ലോക്കൽ അതോറിട്ടീസിനുണ്ടു്. അവരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിൽ കവിഞ്ഞു കടം വാങ്ങീട്ടുണ്ടെങ്കിൽ അതു "in accordance with law" ആകയില്ല. അതിനാൽ ഇതുകൊണ്ടു് യാതൊരു ദോഷവും വരുവാനില്ല. അതുകൊണ്ടാണു് ഞാൻ ഇതിനെ എതിർക്കുന്നതു്.

Sri. D. Gnanasigamoni : One question, Sir. Did the Government so far realise any difficulty in the absence of these words in the existing Act?

Sri. N. Kunjuraman: The existing Act has been very rarely applied.

Sri. D. Gnanasigamoni : This Act came into force only in 1120. The time for the repayment is not to exceed sixty years. So that there seems to be no necessity for these words.

ശ്രീ. എൻ. കുഞ്ഞുരാമൻ: ബാറോയിംഗ് ഷീലായിരിക്കണമല്ലോ?

The amendment was put and lost.

The question that clauses 3 and 4 stand part of the bill was put and carried. The clauses were added to the bill.

Clause 5

Sri. D. Gnanasigamoni: I move.

"Insert the words 'Notwithstanding anything contained in any other Act' at the beginning of clause 5 (1) before the word 'if'. "

Even at the time of considering the principles underlying this Bill, I pointed out an inconsistency, namely, that this provision will come into conflict with Section 60 of the Panchayat Act. Under the Panchayat Act, certain powers are given to that body in respect of loans and similar matters. Section 60 of the Panchayat Act says:

"Government shall be entitled to recover in the manner provided in sub-section (3) of Section 38 of this Act or by suit any loan or advance made to any panchayat for any purpose to which its funds may be applied under this Act".

And Section 38 (3) in turn reads thus:

"If expenses which have been directed under sub-section (2) to be paid from the panchayat fund are not so paid, the Director, with the previous sanction of Government, may make an order directing the person having the custody of the panchayat funds to pay it in priority to any other charge against such funds except charges for the service of authorised loans".

Thus, there are two provisions in respect of loans applicable to Panchayats, one special, the other general. This Act applies to all local bodies, while the Panchayat Act applies specifically to Panchayats. The question, therefore arises, which of the two provisions, must prevail. It is the Special provision that must prevail. To get over this difficulty what the Select Committee has done is to repeal two words in Section 60 of the Panchayat Act, 'loan or'. See Section 7 in the present bill. Now let us see how Section 60 of the Panchayat Act will read with these two words omitted. It will read as follows :

"Government shall be entitled to recover in the manner provided in sub-section (3) of Section 38 of this Act or by suit any advance made to any panchayat for any purpose to which the funds may be applied under this Act".

It is clear, that the words 'loans' and 'advances' are used as synonymous. I do not think that that was what the Select Committee wanted to do nor has the Select Committee got over the difficulty by repealing the words 'loans or'. If my amendment is accepted, I feel the difficulty can be avoided. And the present provisions in the Panchayat Act can be retained as it is.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ഭേദഗതിയേയും ഞാൻ എതിർക്കുകയാണ് ചെയ്യുന്നതു്. കാരണം, ലോക്കൽ അതോറിട്ടീസിന് ചില ഉപാധികളിന്മേൽ കടം വാങ്ങുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ആക്ടിൽ പറഞ്ഞിട്ടുള്ളതു്. പഞ്ചായത്തു ആക്ടിലും കൊച്ചിയിലെ മുനിസിപ്പൽ ആക്ടിലും അതിനുള്ള ചില വ്യവസ്ഥകൾ ഉണ്ടെങ്കിലും ആ വ്യവസ്ഥകൾ പര്യാപ്തമല്ലാത്തതുകൊണ്ടാണ് ഈ

ആക്ടിൽ ഇത്ര വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജ്ഞാനശിഖാമണി പറഞ്ഞതായ വിഷമം ഉണ്ടാകുന്നതു് ഈ ആക്ടിനെ സംബന്ധിച്ചിടത്തോളം, പഞ്ചായത്തു ആക്ടിനെ സംബന്ധിച്ചിടത്തോളം ൩൦-ാമത്തെ ക്ലോസിൽ പറഞ്ഞിരിക്കുന്ന ആ ബുദ്ധിമുട്ട് മനസ്സിലാക്കിയിട്ടാണു്. ഇതിന്റെ ഒടുവിലത്തെ പ്രൊവിഷനിൽ "loan or" എന്നതു എടുത്തുകളഞ്ഞിട്ടുണ്ടു്. ഒരു കാര്യം പ്രത്യേകം ഓർമ്മിക്കണം. ലോണും അഡ്വാൻസും തമ്മിൽ വളരെ വ്യത്യാസമുണ്ടു്. ലോണും അഡ്വാൻസും ഒന്നാണെന്നു് മനസ്സിലാക്കിയിട്ടാണു് ഇതു മതിയാകയില്ല എന്നു അദ്ദേഹം വാദിച്ചതു്. വേറെ ഒന്നു അദ്ദേഹം പറഞ്ഞതു് ൩൨ (൧) ഉപവകുപ്പുപ്രകാരം പഞ്ചായത്തു ഡയറക്ടർക്കു് പണം ഈടാക്കുവാനുള്ള ചില വ്യവസ്ഥകൾ പഞ്ചായത്തു ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണു്. ഏതെങ്കിലും ഒരു ജോലി ചെയ്യില്ലെങ്കിൽ ആ ജോലി ഗവൺമെണ്ടിൽ ചെയ്യുന്നതിനു് ആ പണം ഈടാക്കും. അതും ലോണുമായിട്ടു് യാതൊരു ബന്ധവുമില്ല. അതുകൊണ്ടു് അദ്ദേഹം ഉന്നയിച്ച രണ്ടു വാദങ്ങളും അപ്രസക്തങ്ങളാണു്. ആവശ്യമായ വ്യവസ്ഥകൾ ഇതിന്റെ റിപ്പീൽ ക്ലോസിൽ ചേർത്തിട്ടുണ്ടു്. ആ നിലക്കു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clauses 5 and 6 stand part of the Bill was put and carried.

Clauses 5 and 6 were added to the Bill

Clause 7

Sri. D. Gnanasigamoni: Sir, I move that in Clause 7, all the words occurring after the word 'repealed' in the third line of that clause, be omitted.

Sri. N. Kunjuraman: I oppose the amendment.

The amendment was put and lost.

The question that clause 7 stand part of the Bill was put and carried.

Clause 7 was added to the Bill.

Clause 1 was put and carried.

Clause 1 was added to the Bill.

The question that the preamble stand part of the Bill was put and carried.

The question that the title stand part of the Bill was put and carried.

Sri. N. Kunjuraman: Sir, I move that the third reading of the Bill may be taken up tomorrow.

Sri. A. J. John: I second the motion.

The motion was put and carried.

The Travancore-Cochin Places of Public Resort Bill

Minister for Industries, Excise and Local Self-Government (**Sri. N. Kunjuraman**): Sir, I beg to present the report of the Select Committee on the Travancore-Cochin Places of Public Resort Bill, and move that the Bill as revised by the Select Committee be taken into consideration.

Minister for Finance and Revenue (**Sri. A. J. John**): I second it.

The question that the Travancore-Cochin Places of Public Report Bill as revised by the Select Committee be taken into consideration was put and carried.

Clause 1

Sri. P. S. Nataraja Pillai: Sir, I move—

"In clause 1, sub-clause (3), omit para beginning with "it extends......Notifications", and insert—

"It extends to the City of Trivandrum and to all areas in the State of Travancore-Cochin which have been or may hereafter be declared to be Municipalities under the law relating to the constitution of Municipalities; and Government may by notification, extend to any other local area."

Sir, the wording as it is in the Bill now gives the right to Government that the Government may from time to time by notification in the Gazette "extend it permanently or for a time or for specified occasions only, from such date as may be specified in the Notification, to any other area in the State, and may cancel or modify any such Notification." So, a kind of wide discretion is being vested with the Government Sir, in one Bill which we have adopted today, namely, the Entertainment tax Bill, it has been provided that the Bill shall extend to the Municipalities and local authorities. I have practically adopted the wording in the Local Entertainment Tax Bill to be incorporated in this Bill as well. I think it would be better to have the same wording in a Bill dealing with Similar subjects. This is for licensing and controlling places of entertainment and public resort. The other Bill is for enforcing a tax on the entertainments in the local area. So, I think the definition of the area for the application of this Bill should be the same as that of the other Bill. It would therefore be better to adopt the same wording here, so that no difficulty may arise. And, moreover, the wording as it is so very cumbersome too. There was the same wording in both the bills when it was introduced. But the Select Committee introduced a new definition in the Entertainment Tax Bill which is now before the House. Somehow or other the Select Committee on this bill did not bestow careful thought over the definition. I think it would be better that the definition adopted in the Entertainment Tax Bill be adopted in the Public Resort Bill as well. The reading of the clause as it is will show how cumbersome it is. This bill extends to all over the State but latter part gives descretion to the Government to apply it to any area only and that for a specified period and then to another area and so on. It is difficult to determine who the licensing and controlling authority will be and question of application of this bill to any area will rest in their discretion. My amendment will bring definiteness. Sooner or later, there will be Panchayats all over the State and I think it is better to have a statutory body to control licensing and to supervise. I think my amendment will make matters clear and easy. I believe the Hon'ble, Minister will find no difficulty in accepting my amendment.

<u>ശ്രീ. എൻ. കുഞ്ഞുരാമൻ</u>: സർ, ശ്രീ. നടരാജപിള്ളയുടെ ഭേദഗതിയെ ഞാൻ എതിർക്കുന്നു. കാരണം വളരെ വ്യക്തമാണ്. ലോക്കൽ അതോറിട്ടീസ് എൻറർടെയിൻമെൻറ് ആക്ടിൽ ലോക്കൽ അതോറിട്ടീസ് ഫംങ്ഷൻ ചെയ്യുന്നതിന് ആവശ്യമായ പണം ഉണ്ടാക്കുന്നതിലേക്ക് ടാക്സ് വയ്ക്കുന്നതിനും അതു ഈടാക്കുന്നതിനുമുള്ള വകുപ്പുകളാണ് കൊടുത്തിരിക്കുന്നതു്. ഇതാണെങ്കിൽ പബ്ലിക്ക് റിസോർട്ടുബില്ലാണ്. എല്ലാ സ്ഥലങ്ങളെയും ഒരുപോലെ ബാധിക്കേണ്ടതാണ്. ആ ഒരു വ്യത്യാസം ഈ രണ്ടു ആക്ടുകളെയും സംബന്ധിച്ചിടത്തോളം പ്രത്യേകം പരിഗണിക്കേണ്ടതായിരിക്കുന്നു. ലോക്കൽ അതോറിട്ടീസ് എൻറർടെയിൻമെൻറ് ആക്ടിൽ ഒരു വകുപ്പിൽ പറഞ്ഞിട്ടുള്ള അതേ വാചകങ്ങൾതന്നെയാണ് ഈ ബില്ലിലും കൊടുത്തിട്ടുള്ളതെങ്കിലും പബ്ലിക്ക് റിസോട്ടിനെ സംബന്ധിച്ചിടത്തോളം ലോക്കൽ അതോറിട്ടീസിനെപ്പോലെ ഒരു പരിമി

തി വയ്ക്കുന്നതു ശരിയല്ല. പഞ്ചായത്തു നിയമം നടപ്പിൽ വരുത്തുന്നതിനു് ഇനിയും ഏതാനും കാലംകൂടി വേണ്ടിവരുമെന്നാണു് തോന്നുന്നതു്. പുതിയ ഇലക്ടറൽ റോൾസുതന്നെ ജൂലൈ അവസാനത്തിലെ ഫൈനലൈസു് ചെയ്യാൻ സാധിക്കു എന്നു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഒരു ചോദ്യത്തിനുത്തരമായി ഡാക്ടർ അംബേദ്കർ ഈ വിവരം പാർലമെന്റിൽ പറഞ്ഞതു് നാം ഓർമ്മിക്കുന്നുണ്ടല്ലൊ. അങ്ങനെ ഒരു നിയമം നടപ്പിലാകുന്നതുവരെയുള്ള ഒരു കാലഘട്ടത്തിൽ ശ്രീ. നടരാജപിള്ള ആവശ്യപ്പെടുന്ന ഈ ഭേദഗതി വകുപ്പു് ഒരു ഡെഡ്‌ലെറ്റർ ആയിരിക്കണമൊ എന്നാണു് ഞാൻ ചോദിക്കുന്നതു്. രണ്ടു ആക്ടുകളുംതമ്മിൽ ഇക്കാര്യത്തിൽ മൗലികമായ വ്യത്യാസമാണുള്ളതു്.

പിന്നെ 'for a time or for specified occasions' എന്നെല്ലാം പറഞ്ഞിരിക്കുന്നതു് എന്തിനാണെന്നു ചോദിച്ചേക്കാം. പഞ്ചായത്തില്ലാത്ത സ്ഥലങ്ങളിൽ ഒരു വലിയ ഉത്സവമൊ മറ്റൊ നടക്കുന്നു എന്നു വിചാരിക്കുക; വിശേഷിച്ചും എൻക്ലോസ്ഡായിട്ടുള്ള സ്ഥലങ്ങളിൽ അവിടെ അങ്ങനെ ഉത്സവങ്ങളൊ മറ്റെന്തെങ്കിലും പ്രകടനങ്ങളൊ നടത്തുന്ന അവസരത്തിൽ എന്തെങ്കിലും അത്യാഹിതങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ടിയാണു് അതു പറഞ്ഞിരിക്കുന്നതു്. ഇതുപോലെയുള്ള നിയമങ്ങൾ മററു രാജ്യങ്ങളിലുമുണ്ടു്. അതുകൊണ്ടു് ചില സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ചില പ്രത്യേക കാലത്തേക്കൊ, സന്ദർഭങ്ങളിലേക്കൊമാത്രം ഈ നിയമം ഊർജ്ജിതത്തിൽ വരുത്തിയാൽ മതിയാകുന്നതാണു്. ആ ഘട്ടം കഴിഞ്ഞാൽ ഒരു നോട്ടിഫിക്കേഷൻമൂലം അതു പിൻവലിക്കാം. അങ്ങനെ ഗവൺമെണ്ടിന്റെ ഒരു നോട്ടിഫിക്കേഷൻമൂലം ഇതു നടപ്പിൽ വരുത്തുവാനും പിൻവലിക്കുവാനും പര്യാപ്തമായ സൗകര്യം ഈ നിയമത്തിനുണ്ടായിരിക്കേണ്ടതാവശ്യമാണു്. ഇക്കാരണങ്ങളാൽ ശ്രീ. നടരാജപിള്ളയുടെ ഭേദഗതിയോടു് യോജിക്കാൻ നിവൃത്തിയില്ല.

The amendment was put and lost.

Sri. D. Gnanasigamoni: Sir, I move for the deletion of the second paragraph of sub-clause (3) of clause 1. Sir, that sub-clause reads:

"Where Act is extended to any area declared as a Panchayat area under the Travancore-Cochin Panchayats Act, 1950, (II of 1950), the provisions herein contained shall apply, and so long as this Act remains in force in such area, Section 81 of the Travancore-Cochin Panchayat Act, 1950 shall have no application in that area."

Section 81 of the Panchayats Act relates to the prohibition of Cinematographs and dramatic performance except in licensed premises. Every Panchayat ought to develop as a self-governing institution and that is one of the directive principles of State policy provided for by the Indian Constitution. Now, this privilege of issuing licenses is extended to Municipalities and corporations but not to Panchayats. Now, when this Act is extended to every area, to say that the Panchayat alone shall be excluded and that Section 81 of the Panchayat Act shall have no application whatever is to say the least a step-motherly treatment meted out to a self-governing institution like the Panchayat. I strongly plead that this clause may be deleted so that the Panchayat may develop into a self-governing institution and that it is put on the same level as Corporations and Municipalities.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഞാൻ ഭേദഗതിയെ എതിർക്കുന്നു. സബ് ക്ലാസ്സ് (൩)-ൽ പറഞ്ഞിരിക്കുന്നതു് ഞാൻ ഇവിടെ വായിക്കാം:

"It extends to the city of Trivandrum............and the Government may from time to time by notification in the Gazette extend it...............to any other area in the State..........."

[Sri. N. Kunjuraman]

ഇവിടെ 'to any other area' എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് ഈ ആക്റ്റ് പഞ്ചായത്തുകളിലേക്കു് വ്യാപിപ്പിക്കുന്നതിനു് യാതൊരു തടസവുമില്ല. ഈ ആക്ട്ടും പഞ്ചായത്തു ആക്ടിലെ വ്യവസ്ഥകളും തമ്മിൽ യോജിക്കയുമില്ല. അതു കൊണ്ടു് ഇതു റിപ്പീൽ ചെയ്യേണ്ടതാണു്. ആയതിനാൽ ഞാൻ ഈ ഭേദഗതിയെ എതിക്കുന്നു.

Sri. P. S. Nataraja Pillai: Sir, I would like to support the amendment moved by Mr. Gnanasigamoni. Under the first paragraph if the Government is going to extend the application of this bill to any area which is under a Panchayat, the argument of the hon'ble Member is that the right of the Panchayat would be affected.

Sri. N. Kunjuraman: Not exactly.

Sri. P. S. Nataraja Pillai: It is the authority notified under this Act that will have to control it. That means that it is left to the discretion of the Minister in charge of the Department. The thin end of the wedge is driven here to take away the right granted to an elected body *viz.*, the Panchayat. As it is an elected body the right of that body is being sought to be taken away. The Panchayat is an executive authority and will have the right vested in them by the law. Now, in this bill under discussion Government made an indefinite definition of the area to which this bill is to be applied. That is why I said at the very outset that wherever there is a local authority let that local authority exercise the rights under this bill. But now to make a provision, to vest with the Government the rights conferred on the Panchayat by Section 81 of the Act is not correct. I would say that it is an incorrect procedure. We had considered the rights and powers of the Panchayat when considering that Bill and after due consideration the House has placed it on the statute book. We are now creating a conflict which is not necessary. In the name of that conflict we are repealing a provision which is on the statute book, and which has not yet come into force. The village panchayat is a very important institution and adequate powers are sought to be vested with it and panchayats are being built up. Therefore, I fully support the amendment.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഈ ഭേദഗതിക്കു് ഒരു വാക്കുകൂടി മറുപടിയായി പറയാമെന്നു് വിചാരിക്കുന്നു. പ്രാദേശികസ്വയംഭരണ സ്ഥാപനങ്ങൾക്കു് നിവൃത്തിയുള്ളിടത്തോളം കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നുള്ളതാണു് ഗവമെന്റിന്റെ ഉദ്ദേശം. ഇതിനെപ്പററി ശ്രീ. നടരാജപിള്ള പുറപ്പെടുവിച്ച അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നു. എന്നാൽ ഒരേ തരത്തിലുള്ള നിയമങ്ങൾ പാലിക്കുന്നതിനു് രണ്ടുനിയമങ്ങളുടെ രണ്ടുതരത്തിലുള്ള പ്രൊവിഷൻസ് ഉപയോഗപ്പെടുത്തുന്നതു് അത്ര ശരിയല്ല. എപ്പോഴാണോ വില്ലേജു് പഞ്ചായത്തിലേക്കു് ഈ ആക്ട് വ്യാപിക്കുന്നതു്, അപ്പോൾമുതൽ ലൈസൻസു് കൊടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകാൾക്കു് കൊടുക്കണമെന്നുള്ളതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. ആ സംഗതിയെപ്പററി ഒരു അമൻഡുമെൻറു് ഇവിടെ കൊണ്ടുവരുന്നുണ്ടു്. അപ്പോൾ അവയെക്കുറിച്ചു് ചർച്ച ചെയ്യുകയും ചെയ്യാം. അതിനുമുൻപു് ഈ ഭേദഗതിയോടു് യോജിക്കാൻ എനിക്കു നിവൃത്തിയില്ല.

The amendment was put and lost.

The question that Clause 1 stand part of the Bill was put and carried.

Clause 2

Sri. P. S. Nataraja Pillai: I move the following amendment.—

In Clause 2, add the following:—

"Place of public resort" shall mean any place, enclosure, building, tent, booth or other erection, whether permanent "or temporary and to which the public are admitted without payment of money.

Sir, the bill that we are considering is the public Resort Bill. Throughout the bill there is no definition of "public resort". Whether there is any necessity for defining places of public resort or not will be evident from a perusal of Clause 3, which says.—

"Within any area in which this Act is in force, no enclosed place or building, whether permanent or temporary, having an area of five hundred square feet or upwards, shall be used for public resort 'or entertainment, unless a licence has been obtained in the manner hereinafter provided."

Two terms are being used; Places of public resort and place of entertainment. In the Bill only place of public entertainment is defined. In Clause 4 also, both terms are used. There may be a building in which the owner might like to have an entertainment and an enclosed place as public resort. Throughout the bill we find the usage of the two terms. In Clause 7 also both the terms are used. So the framers of the bill envisage two things; places of public resort and places of public entertainment. These are two different things. By the definition of one, you cannot hope to cover both. Inevitably you will have to define "public resort." So far I do not find a definition of that in the bill. So, I have taken the liberty of placing a definition before the House. It is based on the definition of "place of public entertainment," which is defined as a place where the public are admitted either on payment of money or with the intention that money may be collected from those admitted. So, I thought of defining "place of public resort" as a place where people are admitted without payment. Unless it is defined it will be impossible to enforce the provisions of this bill. I hope the Hon'ble Minister will consider that matter.

ശ്രീ. എൻ. കുഞ്ഞുരാമൻ. സർ, ഈ ഭേദഗതി അതേരൂപത്തിൽ സ്വീകരിക്കുവാൻ എനിക്കു നിവൃത്തിയില്ല. പബ്ലിക്ക് റിസോർട്ടിനെപ്പററി ഒരു നിർവ്വചനം ഈ ആക്ടിൽ ഇല്ല. എന്നാൽ ശ്രീ. നടരാജപിള്ളയുടെ പ്രസ്താവന കാംപ്രിഹെൻസീവു ആണെന്നു് ഞാൻ പറയുന്നില്ല. ബഹു. മെമ്പർ "പബ്ലിക്ക് റിസോർട്ടു" എന്ന പദത്തിനു് ഒരു നിർവ്വചനം കൊടുക്കാൻ ശ്രമിച്ചതു് അഭിനന്ദനാർഹമാണെങ്കിലും ഇവിടെ കൊണ്ടുവന്നിരിക്കുന്ന നിർവ്വചനം കാംപ്രിഹെൻസിവ് അല്ല. ഇതു സ്വീകരിക്കുകയാണെങ്കിൽ മററു തരത്തിലുള്ള ഒരു ആപത്തിനു് ഇടയുണ്ടാകും. അതായതു്,

"Place of public resort" shall mean any place, enclosure, building, tent, booth or other erection, whether permanent or temporary and to which the public are admitted without payment of money.

'any place എന്നാണു്.'

ആയതിനാൽ ഇതു സ്വീകരിക്കുന്നതു് വളരെ ആപത്തായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

Sri. P. S. Nataraja Pillai: May I point out that it is 'any place, enclosure or building' even according to the member's definition?

ശ്രീ. എൻ. കുഞ്ഞുരാമൻ: പബ്ലിക്ക് എന്റർടെയിൻമെന്റിനെ സംബന്ധിച്ചിടത്തോളം അങ്ങിനെയല്ല. അതായത്: payment of money ഉണ്ട്.

"Place of entertainment" shall mean any place, enclosure, building, tent, booth or other erection................and to which the public are admitted either on payment of money..............

ഒരു മീററിംഗിനൊ അല്ലെങ്കിൽ മററു വല്ല പ്രകടനങ്ങൾക്കൊ പണംകൊടുത്തു ടിക്കററ് എടുത്തുപോകുന്നതിനെ സംബന്ധിച്ചിടത്തോളം മി. നടരാജപിള്ളയുടെ അഭിപ്രായം ശരിയാണ്. എന്നാൽ പണം കൊടുക്കാതെയുള്ള മീററിംഗുകൾക്ക് കടൽപ്പുറത്തൊ അതുപോലുള്ള മറെറവിടെയെങ്കിലുമൊ വച്ചു നടത്തുന്ന ഒരു മീററിംഗിൽ പങ്കെടുക്കണമെന്നുണ്ടായിരുന്നാൽ ഈ ഭേദഗതി അതിനു ബാധകമായിരിക്കുന്നതാണ്. അതുകൊണ്ട് ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 2, 3 and 4 stand part of the Bill was put and carried.

Clause 5

Sri. D. Gnanasigamoni: I move the following amendment :—

"Recast clause 5 (*iii*) as follows :

" if the enclosed place or building is situated in any Panchayat area to which the provision of this Act is extended, to the Executive Authority of the Panchayat concerned, and in any other area to which the provisions of this Act is made applicable, to such authority as the Government may, by notification in the Gazette, specify in that behalf."

This relates to the authority to whom applications should be made for license. So far as the Corporation of Trivandrum is concerned, it is stated that the application should be made to the Commissioner of the Corporation. So far as the Municipalities are concerned, it stipulates that such application should be made to the Executive Authority of the Municipality. As regards the rest, it has been generally stated in sub-clause (*iii*) that "if the enclosed place or building is situated in any other area to which the provisions of this Act is extended to such authority as the Government may, by notification in the Gazette, specify in this behalf." Thus Panchayats are omitted and this is another instance of a stepmotherly treatment meted out to Panchayats. If the Commissioner of the Corporation as well as the executive authority of the Municipality can be trusted with such powers, I fail to see why the executive authority of the Panchayat should be excluded from the provisions of this Act. In the amendment, I have only recast the clause in such a way as to bring in the Panchayat and not to disturb or otherwise create any difficulties for the Government. My intention is only to enable the executive authority of the Panchayat also to exercise the same power in his area as is exercised by the corresponding authorities in the Municipalities. I do not think that the Hon'ble Minister will have any serious objection to this clause, because he has already admitted that there is no intention on the part of Government to prevent the development of Panchayat areas as real self-governing institutions.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഇപ്പോൾ നിലവിലുള്ള നിയമത്തിൽ തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്, ഗവർമ്മെണ്ടിനു യുക്തമെന്നു തോന്നുന്ന സമയത്ത് അതായത് ആവശ്യമെന്നു കാണുന്ന സമയത്ത് prescribed authorityക്ക് അപേക്ഷിക്കേണ്ടതാണെന്നു പറയാനുള്ള വ്യവസ്ഥയുണ്ട്. ഞാൻ ഈ ഭേദഗതി സ്വീകരിക്കാൻ തയാറാണ്; ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു.

The amendment was put and carried.
The question that clause 5 as amended stand part of the Bill, was put and carried.
Clause 5 as amended was added to the Bill.
Clauses 6 to 9 were put and carried.
Clauses 6 to 9 were added to the Bill.

Clause 10

Sri. N. Kunjuraman : I move for sub-clause (2) of Clause 10, the following be substituted :—"(2) The appeal shall be preferred within 30 days of the date on which the order was passed".

ഇതു ഗവണ്മെന്റിൽനിന്നും അവതരിപ്പിക്കുന്ന ഒരു ഭേദഗതിയാണ്. In Clause 10 (1) "Any person aggrieved may appeal from any order passed"

എന്നു പറഞ്ഞിട്ടുണ്ട്. ഇതിന് ചേരുന്നവിധത്തിൽ രണ്ടാമത്തെ ഈ വകുപ്പ് "The appeal shall be preferred within 30 days of the date on which order was passed"—

എന്നു ചേർക്കണം എന്നാണ് ഈ ഭേദഗതി. ആദ്യം ഉണ്ടായിരുന്ന ബില്ലിൽ അപ്പീൽ കൊടുക്കുന്നതിനുള്ള അവകാശം അതായത്, ലൈസൻസിംഗ് സംബന്ധിച്ച അപ്പീൽ കൊടുക്കുന്നതിനുള്ള അവകാശം അപേക്ഷകനു മാത്രമേ ഉള്ളൂ. എന്നാൽ സെലക്ട് കമ്മിറ്റി സ്റ്റേജിൽ aggrieved party ക്ക് വേണമെന്നു തീരുമാനിച്ചു, അതനുസരിച്ച് ക്ലാസ്സ് ൧൦ (൨)-ൽ വേണ്ട മാറ്റം വരുത്തുവാൻ സാധിച്ചില്ല. അതുകൊണ്ട് "The appeal shall be made within thirty days from the day on which the applicant received the order appealed against"
എന്നതിനു പകരം "The appeal shall be preferred within 30 days of the date on which the order was passed"
എന്നു ആക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

Sri. D. Gnanasigamoni : I move : "In clause 10 (4) in the second line between the words "council" and "and," insert the following :—
" in the Panchayat area to the Panchayat."

This is in consonance with the amendment I have just now moved and accepted by the Hon'ble Minister. So far as the Corporation of Trivandrum is concerned, the appeal shall be to the Standing Committee of the Corporation. So far as the Municipalities are concerned, the appeal is to the Council. Similarly, the appeal on any matter relating to license within the Panchayat area should naturally be to the Panchayat. This is all what I have to say on this amendment.

Sri. N. Kunjuraman : I accept the amendment.

The amendment was put and carried.

Sri. P. S. Nataraja Pillai : I do not move my amendment.

Clause 10, as amended was put and carried
Clause 10 was added to the Bill
Clauses 11 and 12 were put and carried
Clauses 11 and 12 were added to the Bill

New clause

Sri. D. Gnanasigamoni : I move that the following be added as clause 13, renumbering the others :

"13. The Revenue Board may at any time, either of its own accord or on the application of any aggrieved party call for and examine the record of any case

[Sri. D. Gnanasigamoni]

disposed of by the District Magistrate and may pass such order in reference thereto as the Board thinks fit."

Under the Act the District Magistrate is made the final authority in matters arising under the provision of the Act. The Revenue Board, being the highest revenue authority it is only reasonable and proper that the final authority must vest with the Revenue Board. This is in consonance with the principles we have accepted in many other Acts we have passed making the Revenue Board the highest body to finally decide all matters relating to the collection of revenue.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇങ്ങനെ ഒരു അഡീഷണൽ ക്ലാസ്സ് ആവശ്യമില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതിൽതന്നെ ലൈസൻസ് കൊടുക്കുന്ന അതാറിററിയെപ്പററി പ്രതിപാദിച്ചിട്ടുണ്ട്. ഇതു് മിക്കവാറും, മുൻസിപ്പാലിററികളാണെങ്കിൽ എക്സിക്യൂട്ടീവ് അതാറിററിയും കാർപ്പറേഷനാണെങ്കിൽ കമ്മീഷണരും ആയിരിക്കും ഈ അതാറിററികൾ. അതിനുള്ള സ്റ്റാററ്യൂട്ടറിയായിട്ടുള്ള അപ്പീൽ പ്രൊവിഷനും ഉണ്ട്. ഇതിനുംപുറമെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്ക് റിക്കാർഡുകൾ വരുത്തുന്നതിനും പരിശോധിക്കുന്നതിനുംമററും ഉള്ള അധികാരം ഉണ്ടെന്നു പറഞ്ഞിട്ടുണ്ട്. സാധാരണ നിലയിൽ കഴിയുന്നതും പഞ്ചായത്തുകൾക്ക് പൂർണ്ണമായ അധികാരം കൊടുക്കണമെന്നു പറയുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ റവന്യൂ ബോർഡിന് അധികാരം കൊടുക്കണമെന്നു പറയുന്നതിൽ അല്പം പൊരുത്തക്കേട് ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നതിനുംപുറമേ ഇങ്ങനെ മൂന്ന് അപ്പീൽവരെ പ്രൊവൈഡ് ചെയ്യേണ്ട ആവശ്യംതന്നെ ഉണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അതുകൊണ്ട് ഞാൻ ഇതിനോടു യോജിക്കുന്നില്ല. ഈ ഭേദഗതിയെ എതിർക്കുന്നു.

The amendmend was put and lost.

Clauses 13, 14 and 15 were put and carried.

The Clauses were added to the Bill.

The question that the preamble and title stand part of the Bill was put and carried.

[The Preamble and Title were added to the Bill]

Sri. N. Kunjuraman: I move that the Third Reading of the Bill may be taken up tomorrow.

Sri. A. J. John: I second it.

The motion was adopted.

Travancore-Cochin Suppression of Immoral Traffic Bill

Chief Minisier **(Sri. T. K. Narayana Pillai) :** I move that the Travancore-Cochin Suppression of Immoral Traffic Bill, as reported by the Select Committee be taken into consideration.

Minister for Finance and Revenue **(Sri. A. J. John) :** I second it.

The motion was put and carried and the Bill was taken into consideration

Sri. N. V. Chacko : Sir, I may be permitted to say that I have given notice of some amendments today. If the Bill is taken into consideration tomorrow, my amendments will come up for consideration. That will only mean that immoral traffic will continue for one day more. If, on the other hand, my amendments will be considered today, I have no objection to the Bill being taken up today.

Mr. Speaker : The amendments were received only to-day and out of time and therefore cannot be moved. Now that it is moved that the Bill be taken up for consideration, the hon'ble Member may make his suggestions.

Sri. N. V. Chacko : My suggestion is that the Hon'ble Minister may consider whether the amendments are really worthwhile or not. Most of them relate to punishments. For instance, where the offence is committed against the will of the women, the punishment is only imprisonment for two years with a fine of 1,000 rupees. It is a fundamental fact that no women chooses to do the crime willingly. It is out of poverty that women are compelled to do such offences. In such cases the punishment should not be severe. In one of my amendments I have suggested that the punishment should be reduced to one year imprisonment.

Mr. Speaker : If the hon'ble Member feels that the Bill should be recommitted to the Select Committee, that amendment may be moved.

Sri. N. V. Chacko : I would request the House to recommit the Bill for reconsideration for reasons given now. The punishments are very severe and have to be reduced.

ശ്രീ. ടി. കെ. നാരായണപിള്ള: റീകമ്മിററൽ എന്നാണു മോഷനെങ്കിൽ ഞാൻ അതിനെ എതിൎക്കുന്നു. അതിൻെറ യാതൊരു ആവശ്യവുമില്ല. ഈ ബില്ലിലെ എല്ലാ വകുപ്പുകളും കൂലങ്കഷമായി സെലക്ട് കമ്മിററി പരിചിന്തിച്ചിട്ടുണ്ടു്. യാതൊരു ഭേദഗതികളും വരുത്തേണ്ടന്നാണു സെലക്ട് കമ്മിററിയുടെ അഭിപ്രായം. ശ്രീമാൻ ചാക്കോ അവതരിപ്പിച്ചിട്ടുള്ളതായി പറയുന്ന ഭേദഗതികൾ കൊണ്ടുദ്ദേശിക്കുന്നതു് ശിക്ഷയെ സംബന്ധിക്കുന്ന ചില വ്യത്യാസങ്ങളാണു്. അതിലും അദ്ദേഹത്തിൻെറ വാദങ്ങൾക്കു് വലിയ അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ അദ്ദേഹത്തിൻെറ മോഷനെ ഞാൻ എതിൎക്കുന്നു.

The motion was put and lost.

Clause 2

Sri. D. Gnanasigamoni : I move the following amendment:
"Delete clause 2 and in its place substitute the following:"

"2(*a*) it extends to the whole of the State of Travancore-Cochin.
(*b*) it shall come into force at once."

The existing clause arms Government with very wide powers in the application of the various provisions contained in the act. They include the power to apply all or any of the provisions of this act to the whole or any portion of the State of Travancore-Cochin by notification. Such a notification can be issued from time to time and can be modified as and when occasions arise. Government have also the power to notify that the said provisions shall take effect from a specified date given in that notification.

This Bill is practically word for word the Travancore Suppression of Immoral Traffic Act, 1117, and in that Act also, there is this identical provision. I have carefully gone through the subseqent volumes of the Acts and Proclamations of Travancore and I can assert that on no occasion was any notifications as contemplated under clause 2 of this Bill issued. This Act has been now on the statute book for the last 9 years and there has not been a single instance to show that it was ever brought into effect so that this statute has remained a dead letter all through its history. My only object in this amendment is to have the satisfaction of having given effect to this Bill and to test the sincerity of Government on this Bill.

This Bill was originally taken from the corresponding Madras Act and it can be seen from the Madras Act that the real object of that Act is to rescue minor

[Sri. D. Gnanasigamoni]

girls from houses of ill-fame and place them in rescue homes so that when they leave the rescue homes, they may be enabled to lead an honourable life. This objective is lost sight of by the framers of the original Act and it has now come back again with all its defects. That is the chief reason why this Act has thus remained a dead letter throughout its chequered history and that is the fate awaiting this Bill when it is passed into law. The Bill as it is, is difficult of application in the absence of these salutory provisions which I have just now mentioned. These additional provisions will necessarily involve the establishment of rescue homes and other provisions to give effect to this Bill. Without these salient features, the Bill is as good as useless.

The 2nd objection to this clause is the power vested in Government to apply the provisions of this Act to any portion of the State of Travancore-Cochin. That would be in effect the experience we are having in relation to the application of the Prohibition Act. Such a power therefore ought not to vest with Government.

In support of what I have said already, I would just refer to the provision of the corresponding Madras Act. Section 6 of the Madras Act makes provision for the removal and disposal of minor girls from brothels. This salutory provision is omitted here There is also the additional provision for keeping such girls in rescue homes until the girls attain the age of 21 years. Section 7 of the Madras Act is also omitted. That relates to the immediate custody of the girl. Again Section 8 relates to subsequent treatment of the girl committed to custody. There is provision for removal to proper custody if and when occasons arise. This provision is also found to have been omitted. Section 14 of the corresponding Madras Act is also omitted and that relates to the power to enter premises for the purpose of ascertaining whether an offence punnishable under this Act has been comitted. All these provisions are not found in the existing Act and that explains why it has so long remained a dead letter. There can be no doubt that this Bill also awaits the same fate in the absence of these provisions when it is passed into law.

These are the reasons that prompted me to move this amendment so that we may have at least the satisfaction of putting on the statute Book a living Act.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ഒരു ഭാഗം ഈ ഭേദഗതിയുമായി യാതൊരു സാംഗത്യവും ഇല്ലാത്ത ഒന്നാണ്. മദ്രാസിലെ ആക്ടിലുള്ള ചില വകുപ്പുകൾ ഈ ബില്ലിൽ ചേർത്തിട്ടില്ലെന്നു ഒരു ആക്ഷേപം ഉന്നയിക്കുകയുണ്ടായി. എന്നാൽ ആ വകുപ്പുകൾ ചേർക്കേണ്ട ആവശ്യത്തിലേക്ക് അദ്ദേഹം ഭേദഗതികൾ ഹാജരാക്കിയിട്ടുമില്ല. അതുകൊണ്ടു് ആ വാദത്തിന് പ്രസക്തിയില്ല. രണ്ടാമതായി ഉന്നയിച്ച വാദം ഒരു ബില്ലായാൽ രാജ്യത്തു് ആകമാനം നടപ്പിൽ വരുത്തേണ്ടതല്ലേ എന്നാണ്. അതിന് അദ്ദേഹം ഉപോൽബലകമായി പറഞ്ഞതു് ൧൧൧൯-ൽ ഇവിടെ ഒരു ബിൽ പാസായിട്ടു് യാതൊരു നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുള്ളതായി രണ്ടു പുസ്തകങ്ങൾ രാപ്പകൽ ഇരുന്നു നോക്കിയിട്ടും കാണാൻ സാധിച്ചില്ലെന്നാണ്. അതു ശരിയല്ല. അതു സംബന്ധിച്ചു നാഗർകോവിലിലും ആലപ്പുഴയിലും നോട്ടിഫിക്കേഷൻ ഉണ്ടായിട്ടുണ്ടു്. ബില്ലിന്റെ പ്രവർത്തനം ആലുവാ മുതലായ പട്ടണങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടു്. ൧൧൧൯ ലുണ്ടായ ബിൽ അനുസരിച്ചു് ഗവർമ്മെണ്ടിന് ബോദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ബില്ലിന്റെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ടു്. ഈ ബില്ലിലെ വ്യവസ്ഥകൾ പരിശോധിക്കുന്നപക്ഷം ഏതെങ്കിലും ഒരു സ്ഥലത്തു് നിയമം നടപ്പിൽ വരുത്തേണ്ട ആവശ്യമാണെന്നു തോന്നുന്നപക്ഷം അപ്രകാരം

ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെണ്ടിനുതന്നെയുണ്ടു്. ഈ ബില്ല് ഒന്നാം വായനക്കു വന്ന അവസരത്തിൽ ഉണ്ടായ ആക്ഷേപം പോലീസ് ഉദ്യോഗസ്ഥന്മാർക്കു് അസാധാരണമായ അധികാരം ഇതുമൂലം പ്രദാനം ചെയ്യുന്നു എന്നായിരുന്നു. പോലീസിനു് അസാധാരണമായ അധികാരങ്ങൾക്കു് ഇടനല്കുന്ന ഒന്നു രാജ്യവ്യാപകമായ നിലയിൽ എല്ലാ സ്ഥലങ്ങളിലും വ്യാപിപ്പിക്കാതെ ആവശ്യമുള്ള സ്ഥലങ്ങൾക്കുമാത്രം ഉപയോഗിക്കാമെന്നുള്ള വിചാരമാണു് ഈ ക്ലാസു കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. അതിനാൽ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.
The question that Clause 2 stand part of the Bill was put and carried.
Clause 2 was added to the Bill.
The question that Clauses 3, 4, 5, 6, 7, 8, 9, 10, 11 and 12 stand part of the Bill was put and carried.
Clauses 3 to 12 were added to the Bill.
The question that Clause 1 of the Bill stand part of the Bill was put and carried.
Clause 1 was added to the Bill.
The question that the title and preamble of the Bill stand part of the Bill was put and carried.
The title and preamble were added to the Bill.

Sri. T. K. Narayana Pillai : Sir, I move that the Bill be passed.

Sri. A. J. John: Sir, I second it.

The question that the Travancore-Cochin Suppression of Immoral Traffic Bill be passed was put and carried.
The Bill was passed.

The Travancore-Cochin Easements Bill

Minister for Finance and Revenue **(Sri. A. J. John)**: Sir, I move that the Travancore-Cochin Easements Bill asreported by the Select Committee be taken into consideration.

No amendment to the Bill has been tabled by any Member.

Sri. T. K. Narayana Pillai: I second it.

The question that the Travancore-Cochin Easements Bill be taken into consideration was put and carried.

Mr. Speaker: There are no amendments and there is no objection to the Bill being taken up for consideration. There are altogether 64 clauses. So, I shall put clauses 2 to 64 to the vote of the House.

The question that Clauses 2 to 64 stand of part the Bill was put and carried.
Clauses 2 to 64 were added to the Bill.
The question that clause 1 stand part af the Bill was put and carried.
Clause 1 was added to the Bill.
The question that the title and the preamble stand part of the Bill was put and carried.

The title and preamble were added to the Bill.

Sri. A. J. John: I move that the Bill be passed.

Sri. T. K. Narayana Pillai: I second it.

The question that the Travancore-Cochin Easements Bill be passed was put and carried.
The Bill was passed.

The Travancore-Cochin Treasure Trove Bill

Minister for Finance and Revenue **(Sri. A. J. John)**: Sir, I move that the Travancore-Cochin Treasure Trove Bill as reported by the Select Committee be taken into consideration.

The question that the Travancore-Cochin Treasure Trove Bill be taken into consideration was put and carried.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Sri. K. P. Nilakanta Pillai: Sir, I move: "In clause 3 (1), line 2, substitute the word 'Hundred' for 'ten'.

സർ, ഈ ബില്ലിലെ നിർദ്ദേശമനുസരിച്ച് ഭൂമിയുടെ അടിയിൽ ഒളിച്ചുവച്ചിട്ടുള്ളതും അടിഞ്ഞുകിടക്കുന്നതുമായ പത്തു രൂപയ്ക്കുമേൽ വിലയുള്ള എതെങ്കിലും വസ്തുക്കൾ ഉണ്ടെന്നു കണ്ടുപിടിക്കപ്പെടുകയാണെങ്കിൽ അതു ട്രഷറായി കരുതണമെന്നും അതിനെ ഈ ബില്ലിലെ നിർദ്ദേശപ്രകാരം മൂന്നു മുതൽ ഒൻപതുവരെ ക്ലാസുകൾ അനുസരിച്ചുള്ള നടപടികൾ നടത്തണമെന്നുമാണ് പറഞ്ഞിട്ടുള്ളതു്. ഇപ്പോൾ നിലവിലിരിക്കുന്ന തിരുവിതാംകൂറിലെ ൧൦൮൪-ലെ ആക്ടനുസരിച്ച് ഈ പത്തുരൂപയ്ക്ക് പകരം ൫൦ രൂപാ എന്നാണ് കാണുന്നതു്. എന്റെ ഭേദഗതി ഈ ബില്ലിൽ പറയുന്ന പ്രകാരം പത്തു രൂപാ എന്നുള്ളതു മാറ്റി ൧൦൦ രൂപാ എന്നാക്കണമെന്നാണ്. അതിന്റെ കാരണവും വ്യക്തമാണ്. ൧൦൮൪-ലെ ആക്ടിൽപോലും പറയുന്നതു ൫൦ രൂപായ്ക്കു് താഴെ വിലവരുന്ന ഏതു സാധനങ്ങളും ഭൂമിയ്ക്കടിയിൽ എവിടെയെങ്കിലും കിടന്നാൽ അതൊരു ട്രഷറായി കരുതാനോ അവകാശം നിർണ്ണയം ചെയ്യുന്നതിനോ യാതൊരു അധികാരവും ഇല്ലാ എന്നായിരുന്നു. എന്നാൽ ഇപ്പോൾ ട്രഷർ എന്നുള്ളതു് ഡിഫൈൻ ചെയ്തിരിക്കുന്നതു്. "Treasure' means anything of any value hidden in the soil or in anything affixed thereto." എന്നാണ്

അങ്ങിനെ നോക്കുന്നപക്ഷം പത്തു രൂപയ്ക്കുമേൽ വിലയുള്ള ഏതു സാമാനങ്ങളും ഭൂമിയ്ക്കടിയിൽ കിടന്നാൽ അതു ട്രഷറായി കരുതി അതേ സംബന്ധിച്ചു വേണ്ട നടപടികൾ നടത്തണമെന്നാണ്. അതു ആവശ്യമില്ലാത്ത ഒരു ഉപദ്രവമാണെന്നു ഇതു കണ്ടുപിടിക്കപ്പെട്ട ആളിനും, അതുമാത്രമല്ല ഗവൺമെണ്ടിനുപോലും തോന്നുന്നതുമാണ്. ഒരു തോടൊ കുളമോ കുഴിക്കുമ്പോൾ അതിനടിയിൽ വല്ല കരിങ്കല്ലോ തടിയോ അതല്ലെങ്കിൽ കട്ടചെളിയൊ കാണുന്നപക്ഷം അതൊക്കെ ട്രഷറായി കരുതിയാൽ അതിന്റെ അവകാശത്തെപ്പറ്റി നിർണ്ണയിച്ചു അതിന്റെ ഓഹരി തിട്ടപ്പെടുത്തുകയും നടപടി നടത്തുകയും ചെയ്യുന്നതുകൊണ്ടു് യാതൊരുപയോഗവും ഇല്ല എന്നു പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. എന്നാൽ ഈ ബിൽ പാസ്സാക്കുകയല്ലാതെ അതു നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്നു എനിക്കു സംശയമാണ്. ഇപ്പോൾതന്നെ ഇതുമാതിരി നിയമമുണ്ടെങ്കിൽ പുറമ്പോക്കുസ്ഥലങ്ങളിൽനിന്നും ചെളിയും മററും കോരാൻപാടില്ല എന്നു റൂളുകൾ ഉണ്ടു്. അങ്ങിനെയുള്ള ഉദാഹരണങ്ങൾ ഞങ്ങൾ പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിന്റേയും ഗവൺമെണ്ടിന്റേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ടു്. അതെനിക്കു ബോദ്ധ്യമുള്ള സംഗതിയുമാണ്. അതുകൊണ്ടു് പത്തു രൂപാ എന്നു ഈ ബില്ലിൽ വ്യവസ്ഥചെയ്യുന്നപക്ഷം അതു് സംബന്ധിച്ചു നടപടിനടത്തുന്നതിനു് പാർവ്വത്യകാരന്മാർക്കും കളക്ടർക്കും മററുദ്യോഗസ്ഥന്മാർക്കും ഉപദ്രവങ്ങൾ ഉണ്ടാകുന്നതാണ്. ട്രഷർ എന്നു പറയുമ്പോൾ നിധി എന്നാണ് പറയുന്നതു്.

ഇന്നു നൂറു രൂപാ നോട്ടിനുപോലും വിലയില്ലാത്ത സ്ഥിതിയാണ്. എന്നാൽ നിധി എന്നു പറയുമ്പോൾ അതിന് നൂറു രൂപാ നോട്ടിനെക്കാൾ വിലയുണ്ടെന്നാണ് ഞാൻ കരുതുന്നതു്. അപ്പോൾ ഈ പത്തു രൂപായിൽ കവിഞ്ഞു വിലയുള്ള സാധനങ്ങൾക്ക് ട്രഷർ എന്നു കരുതി നടപടി നടത്തണമെന്നു പറയുന്നതു് ശരിയല്ല. ൧൦൮൪-ലെ ആക്ടിൽ ൫൦ രൂപാ എന്നു വച്ചിരിക്കുന്നതു് ഇന്നു നൂറു രൂപാ ആക്കണമെന്നു പറയുന്നതു് ഒരു വലിയ തുകയല്ല. ഇന്നു ൫൦ രൂപാ എന്നുള്ളതു മാററി നൂറ് എന്നാക്കുന്നതു് പുരോഗമനമാണ്. നേരെമറിച്ച് ൫൦ എന്നുള്ളതു മാററി പത്തു എന്നാക്കുന്നതു് അധോഗമനമാണ്, പുരോഗമനമല്ല. അതുകൊണ്ട് നൂറു രൂപായാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതു് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

<u>ശ്രീ. എ. ജെ. ജോൺ:</u> ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഈ ഭേദഗതി ഹാജരാക്കുന്നതിന് മുമ്പ് ഈ ട്രഷർ എന്നുള്ളതിന്റെ ഡെഫനിഷൻ ഒന്നു വായിച്ചുനോക്കിയിരുന്നെങ്കിൽ ഈ ചെളിയും, കരിങ്കല്ലും മററും ട്രഷറായി കരുതും എന്നു പറയുമായിരുന്നോ എന്നെനിക്കു സംശയമുണ്ട്. ചെളി ട്രഷറായി ഒളിച്ചുവയ്ക്കുന്ന ഒരു സാധനമാണെന്നു ഞാൻ ഇതുവരെ അറിഞ്ഞിട്ടില്ല. കുഴിക്കുന്ന അവസരത്തിൽ അതിനകത്തു വല്ല സാധനവും കുഴിച്ചുവച്ചിട്ടുണ്ടെങ്കിൽ അതു മാത്രമേ ട്രഷറായി കരുതുകയുള്ളു.

<u>ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള:</u> ബഹു. മെമ്പർക്ക് അതേപ്പററി അത്രയ്ക്ക് അറിവേയുള്ളു. വളരെ കാലങ്ങളായി വളരെ വിലപിടിപ്പുള്ള തടികളും മററും ചെളിയിൽ കിടപ്പുണ്ട്. അതു ചിലപ്പോൾ അഞ്ചും ആറും കണ്ടി മരങ്ങൾ കാണും. അതുപോലെതന്നെ ചിലപ്പോൾ വലിയ കരിങ്കല്ലുകൾ കണ്ടേയ്ക്കാം. അതുകൾ എല്ലാം ഈ ബില്ലിലെ ഡെഫനിഷൻ അനുസരിച്ചു ഒരു ട്രഷർ ആകുകയില്ലേ എന്നാണ് ഞാൻ ചോദിക്കുന്നതു്.

<u>ശ്രീ. എ. ജെ. ജോൺ:</u> മനുഷ്യരുടെ പ്രവൃത്തികൊണ്ട് ഒളിച്ചുവയ്ക്കപ്പെട്ട ഏതെങ്കിലും സാധനങ്ങളെ സംബന്ധിച്ചുമാത്രമേ ഡെഫനിഷനകത്തു വരികയുള്ളു. അതു കൂടാതെ തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമത്തിൽ ൫൦ രൂപാ വരെ വിലയുള്ള സാധനങ്ങൾ എന്നു പറയുന്നതു് ഇപ്പോൾ പത്തു രൂപാ ആക്കിയിരിക്കുന്നു എന്നും പറയുകയുണ്ടായി.

ഇപ്പോഴത്തെ പണത്തിന്റെ വില വച്ചുനോക്കുന്നപക്ഷം അതു വളരെ കുറവായിപ്പോയി എന്നുമാണ് പ്രസ്താവിച്ചതു്. ഇപ്പോൾ കൊച്ചിയിൽ നിലവിലുള്ള നിയമത്തിൽ പത്തു രൂപാ എന്നാണ് വച്ചിരിക്കുന്നതു്. അതുമാത്രമല്ല ൧൮൭൮-ലെ ഇൻഡ്യൻ ട്രഷർ ട്രോവ് ആക്ടിലും ഈ പത്തു രൂപാ എന്നാണ് വച്ചിരിക്കുന്നതു്. അതുകൊണ്ട് ഈ ബില്ലിൽ ഈ പത്തു രൂപാ എന്നു് വച്ചിരിക്കുന്നതു് തീരെ നിസ്സാരമായ തുക അല്ലെന്നു കാണുവാൻ കഴിയും.

പത്തു രൂപാ എന്നു പറഞ്ഞാൽ ഒരു നിധി ആകയില്ലേ എന്നാണ് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നാം മനസ്സിലാക്കിയതു്. എന്നാൽ ഒരു നിയമം ഉണ്ടാക്കുമ്പോൾ അതു സാധാരണ ജനങ്ങളുടെ നിലയെക്കൂടി പരിഗണിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് പത്തു രൂപാ എന്നു് ഈ ബില്ലിൽ കൊള്ളിച്ചിരിക്കുന്നതു്. ഈ കാരണങ്ങളാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Sri. D. Gnanasigamoni: One question Sir. Have any cases arisen under this Act?

<u>ശ്രീ. എ. ജെ. ജോൺ:</u> നിശ്ചയമില്ല.

The amendment was put and lost.

The question that clause 3 stand part of the Bill was put and carried.

Clause 3 was added to the Bill.

The question that clauses 4 to 7 stand part of the Bill was put and carried.

Clauses 4 to 7 were added to the Bill.

Clause 8

Sri. D. Gnanasigamoni: I move:

Rewrite clause 8 as follows:—

" 8 (i) If upon such enquiry the Collector sees no reason to believe that the treasure was so hidden, or

(ii) if, where a period is fixed under section 7, no suit is instituted as aforesaid within such period to the knowledge of the Collector, or

(iii) if such suit is instituted within such period and the plaintiff's claim is finally rejected,

the Collector may declare the treasure to be ownerless.

Any person aggrieved by a declaration made under sub-section (i) of section 8 may appeal against the same within two months from the date thereof to the Board of Revenue.

Subject to such appeal every such declaration shall be final and conclusive."

So far as the first portion of this clause is concerned, I have not made any change excepting to regroup them under clauses (*i*) to (*iii*). So far as the second portion is concerned, instead of making the cases coming under all the three clauses appealable under the second paragraph of that clause, I suggest that clause (*i*) of section 8 alone be made appealable. This is all the change that I have suggested.

Now, the clause as it stands is:

" If upon such enquiry the Collector sees no reason to believe that the treasur was so hidden, or

if, where a period is fixed under section 7, no suit is instituted as aforesaide within such period to the knowledge of the Collector, or

if such suit is instituted within such period and the plaintiff's claim is finally rejected,

the Collector may declare the treasure to be ownerless."

Three cases are contemplated under this provision. One is that where the Collector declares in his own right the treasure to be ownerless; secondly, where the Collector fixes a time for the party concerned to take a suit before the Civil Court and where such a suit not being instituted, and thirdly, where it contemplates a case where a time has been fixed by the Collector and the party concerned has taken the suit and the claim is finally rejected. In all these cases, an appeal has been provided for under this clause. It appears to me, in respect of matters covered by the last portion where a party has taken a suit and the claim is finally rejected, the order that is passed by the Collector is only a consequential order, and in such a case, no appeal is necessary. It is granted under the provisions of this Act that the matter, in case of dispute, will have to be finally settled by the Civil Court. So, in cases where the Collector fixed a time and the party takes a civil suit and the claim is finally rejected, the order passed by the Collector is merely consequential. So, in respect of that, it appears to me that no appeal is necessary, and the appellate authority cannot change, vary or modify that decision because it is a final adjudication by the Civil Court.

The other case is where the Collector fixed a time and the party concerned does not choose to take the matter to a Civil Court and so he gives up his right.

In such a case also, the order of the Collector can only be merely consequential. So, in respect of that also, no appeal need be provided for because the party concerned has given up the right of action before the Civil Court and the matter is thus practically concluded by the order of the Collector. On the other hand, the Collector takes the decision himself in respect of the first, and it is of course absolutely necessary that an appeal be provided for. That is why I have split up the clause into three parts. One, a case in which a Collector passes an order and where an appeal is necessary, and the other two cases where the party has taken the matter to a Civil Court and where the claims are rejected, or, finally adjudicated upon, and where no appeal need be provided for. That is why I say in the second portion, "Any person aggrieved by a declaration made under sub-section (*i*) of section 8 may appeal against the same within two months from the date thereof to the Board of Revenue." It appears to me that in respect of the first clause alone, an appeal is necessary. In respect of the other two clauses, an appeal is not necessary because the order passed by the Collector can only be consequential, and the appellate authority cannot question or otherwise vary the decision by a Civil Court. I sumbit that this amendment may be adopted.

ശ്രീ. എ. ജെ. ജോൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ ജ്ഞാനശിഖാമണിയുടെ ഭേദഗതിയിൽ പറയുന്നതു് ഇതിൽ ഒന്നാമത്തെ ഉപവകുപ്പിനുമാത്രം അപ്പീൽ കൊടുക്കുന്നതിനുള്ള വ്യവസ്ഥവച്ചാൽ മതിയെന്നും രണ്ടും മൂന്നും ഉപവകുപ്പിലെ കാര്യങ്ങൾക്കു് അപ്പീൽ അവകാശം വേണ്ടെന്നുമാണു്. ഇപ്പോൾ ഇരിക്കുന്നമാതിരിയാണെങ്കിൽ രണ്ടും മൂന്നും ഉപവകുപ്പുകളിലെ കാര്യങ്ങൾക്കും അപ്പീലിനു് അവകാശം വച്ചിട്ടുണ്ടു്. അതായതു ഒരു കളക്ടരുടെ തീരുമാനത്തിന്മേൽ കക്ഷിക്കു് റവന്യൂബോർഡിൽ അപ്പീൽ ബോധിപ്പിക്കുന്നതിനു് അവകാശം നൽകുകയും ഒരു സിവിൽകേസിനു് പോകാതെതന്നെ റവന്യൂബോർഡിൽനിന്നും നിവൃത്തിമാർഗ്ഗം സമ്പാദിക്കുന്നതിനു് സൗകര്യമുണ്ടാക്കുകയുമാണു് ഈ വ്യവസ്ഥകൊണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്. അങ്ങിനെ ഒരു സിവിൽകേസിനു് പോകാതെതന്നെ കക്ഷിക്കു് നിവൃത്തിമാർഗ്ഗം ഉണ്ടാക്കാമെന്നുവരുന്നതു് കൂടുതൽ സൗകര്യമാണു്. അതുകൊണ്ടു് ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

Sri. D. Gnanasigamoni: The Hon'ble Minister has not understood my point. Here, one of the clauses is: "If such suit is instituted within such period and the plaintiff's claim is finally rejected." In such a case, the order that is passed by the Collector is only consequential. The matter is finally adjudicated upon by the Civil Court. Then, what is the need for an appeal? That is the question that I put to the Hon'ble Mininster.

The amendment was put and lost.
Clause 8 was put and carried
Cause 8 was added to the bill.

The question that clauses 9 to 14 stand part of the Bill was put and carried.
Clauses 9 to 14 were added to the Bill.

Clause 15

Sri. P. S. Nataraja Pillai: I move that in clause 15 the following proviso be added:—

"Provided the person entitled to payment under this Section, if he questions the value of the material or portion thereof fixed by the Collector, may, within two months from the date of the order of the Collector to acquire, institute a suit in the

[Sri. P. S. Nataraja Pillai].

Civil Court to have the value of such material fixed." The clause as it stands is: "The Collector may, at any time after making a declaration under Section 8, and before delivering or dividing the treasure as herein before provided, declare, by writing under his hand, his intention to acquire, on behalf of the Government, the treasure or any specified portion, thereof'...." etc. I want the proviso added that: "Provided the person entitled to payment under this Section, if he questions the value of the material or portion thereof fixed by the Collector, may, within two months from the date of the order of the Collector to acquire, institute a suit in the Civil Court to have the value of such material fixed."

Sir, a treasure may have a monetary value or may not have a monetary value. It was said here by the Honourable mover himself that a treasure may be a hidden thing. Anything may lie hidden. We have heard excavations being hidden by natural causes and the things lying hidden will come under this provision. It need not necessarily be hidden by an individual. Things lying hidden through causes other than those of individuals will also, I presume, fall within the purview of this provision. Therefore, if a treasure is found and if the Government thinks of acquiring it for themselves for the purpose of exhibition and if that treasure is a very valuable relic or heirloom of a particular individual or family, then, the real value will depend upon the point of view of the approach. The Collector may fix a value. But an opportunity must be given to get a reasonable value for such things. Apart from the monetary value, certain objects may possess an intrinsic value. Their metal, or the workmanship displayed on the object, may fetch a very high value in the world as a piece of art or curio. So, if the District Collector says that an idol was made in brass or glass and assesses it to a particular price and secures that object for the Government, then it will be a substantial loss to the owner of that object since the owner may be able to fetch a far high price in the markets of the world, for that object, as a curio. So, the opportunity for the owner to recoup the value of the object and to get adequate compensation must also be provided. It should not be simply stated that the Collector, on behalf of the Government, may acquire it. That will be expropriation in one form.

ശ്രീ. എ. ജെ. ജോൺ: ട്രഷറിനെ സംബന്ധിച്ചു് ഞാൻ നേരത്തെ ഇവിടെ പറഞ്ഞ അഭിപ്രായം എന്റെ സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ളക്കു് അത്ര സ്വീകാര്യമായിട്ട തോന്നിയില്ല. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ തടികളേയും മററും സംബന്ധിക്കുന്ന കാര്യം ഫോറസ്റ്റ് ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു് പല കോടതികളിൽനിന്നും അനേകം വിധികളും ഉണ്ടായിട്ടുണ്ടു്.

"The Act applies only to things which have been hidden. Timber found embedded in earthwork is covered by Section 45 of the Forest Act and not by this Act. Property not hidden is not treasure trove and belongs to the owner of land on which it is found."
ഇതനുസരിച്ചാണു് ട്രഷർ എന്നാൽ എന്താണെന്നു ഞാൻ നേരത്തെ പറഞ്ഞതു്.

Sri. D. Gnanasigamoni: Are they decisions of this State?

Sri A. J. John: No, no. They are British Indian decisions—Calcutta, Madras and other places.

നടരാജപിള്ളയുടെ ഭേദഗതി സ്വീകരിക്കാൻ എനിക്കു സമ്മതമാണു്. പക്ഷെ ആ ഭേദഗതിക്കു് അല്പം വ്യത്യാസം വരുത്തേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഇതിൽ പതിനാറാം വകുപ്പിലെ വ്യവസ്ഥയും ഇതും പരസ്പരവിരുദ്ധമായിപ്പോകുന്നതാണു്. അതുകൊണ്ടു് "Subject to the provisions of Section 15" എന്നുകൂടി

ക്ലാസ് ൧൬-നമ്പറിൽ ചേർക്കാമെങ്കിൽ ഇതു സ്വീകരിക്കുന്നതിനു വിരോധമില്ല. ബഹു. മെമ്പർക്ക് അതു സമ്മതമാണെങ്കിൽ ഞാൻ നിർദ്ദേശിച്ച ഭേദഗതിയോടുകൂടി ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

Sri. P. S. Nataraja Pillai : I agree to the suggestion.

Mr. Speaker : The amendment is therefore accepted subject to the condition that a consequential amendment to clause 16 may be added.

Sri. A. J. John : There is one difficulty. There is another amendment to clause 16 by Sri. Gnanasigamoni, *i.e.*, to delete clause 16 and re-number. So, these amendments may be discussed together.

Mr. Speaker : Before I dispose of this amendment, I shall have the next amendment also gone into. Does the hon'ble member Mr. Gnanasigamoni move his amendment to clause 16?

Sri. D. Gnanasigamoni : I do not move that amendment.

Mr. Speaker : So I believe, this amendment, on the condition suggested by the Hon'ble Minister, may be accepted.

Sri. A. J. John : Yes.

The amendment was put and carried.
The question that Clause 15, stand part of the Bill was put and carried.
Clause 15, as amended, was added to the Bill.

Clause 16

Mr. Speaker : While accepting Sri. P. S. Nataraja Pillai's amendment to clause 15 a consequential amendment was proposed by the Hon'ble Minister as a condition precedent to accepting that amendment. What is the amendment proposed?

Sri. A. J. John : The words "Subject to the provisions of Section 15" be added before the words 'No decision..' in Clause 16.

The amendment was adopted.
The question that Clause 16 as amended stand part of the Bill was put and carried.
Clause 16 as amended was added to the Bill.
The question that Clause 17 stand part of the Bill was put and carried.
Clause 17 was added to the Bill.

Sri. D. Gnanasigamoni : I do not move my amendment to clause 18.

The question that Clauses 18 to 22 stand part of the Bill was put and carried.
Clauses 18 to 22 were added to the Bill.
The question that Clause 1 and Title stand part of the Bill was put and carried.
Clause 1 and Title were added to the Bill.
The question that the Preamble stand part of the Bill was put and carried.
The Preamble was added to the Bill.

Sri. A. J. John: I move that the Third Reading of the Bill be taken up tomorrow.

Sri. T. K. Narayana Pillai : I second the motion.

The motion was put and carried.

The Assembly adjourned at 4-35 p.m. to meet again at 11 a.m. on Saturday, the 24th February 1951.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly